അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്



## പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്

1996

85-5

*27 ഒക്ടോബർ 1996*
*പട്ടിക്കാട്*

*മഹത്തായ ഒരു യത്നത്തിൻെറ തുടക്കമാണിത്. നവ കേരള സൃഷ്ടിക്കായി നടത്തുന്ന ജനകീയ ആസൂത്രണപ്രക്രിയ മുന്നേറുകയാണ്. മാതൃകകളില്ലാത്ത, തികച്ചും നൂതനമായ ഒരു സംരംഭം. വിഭവങ്ങളുടെ കുറവ്, വിദഗ്ദരുടെ അഭാവം, വികസനത്തെ കുറിച്ചുള്ള വികലമായ അവബോധം - എത്രയെത്ര പ്രതിബന്ധങ്ങൾ! അവയെ അതിജീവിച്ച് മാറ്റത്തിൻെറ യുഗപിറവിക്കാധാരമായ പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് തയ്യാറാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക അവസ്ഥകളുടെ ഒരു പരിച്ഛേദം കൂടിയാണിത്. ഇത് രൂപപ്പെടുത്താൻ അക്ഷീണം യത്നിച്ച ഓരോരുത്തരേയും നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു.*

*ഇത് പൂർണ്ണമല്ല. പൂർണ്ണമാക്കപ്പെടണം. ഇനിയും പഠനങ്ങളും ചർച്ചകളും ക്രോഡീകരണങ്ങളും നടക്കണം. അതിന്നായി എല്ലാവരുടേയും സഹകരണങ്ങളും പങ്കാളിത്തവും ഇനിയും അനിവാര്യമാണ്. അത് പദ്ധതിയുടെ ആസൂത്രണത്തിൽ മാത്രമല്ല, നിർവ്വഹണത്തിലും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ, അഭിവാദനങ്ങളോടെ,*

**സി.എം. ദാമോദരൻ**
*(പ്രസിഡൻറ്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്)*

**എം.ആർ. ചന്ദ്രശേഖരൻമാസ്റ്റർ**
*(കൺവീനർ, ജനകീയ ആസൂത്രണ സമിതി)*

# പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്



# വിഷയവിവരം


| | | പേജ് |
|---|---|---|
| 1 | ആമുഖം | 1-3 |
| 2 | പാണഞ്ചേരിയുടെ ചരിത്രം | 4-7 |
| 3 | ഭൂപ്രകൃതിയും വിഭവങ്ങളും | 8-10 |
| 4 | വിഷയമേഖല | |
| 4(1) | കൃഷി, ജലസേചനം, വനം | 11-18 |
| | കൃഷി | 11 |
| | ജലസേചനം | 15 |
| | വനം | 17 |
| 4(2) | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 19-22 |
| | മൃഗസംരക്ഷണം | 19 |
| | മത്സ്യബന്ധനം | 21 |
| 4(3) | വ്യവസായം | 23-26 |
| 4(4) | ഊർജ്ജം, ഗതാഗതം, വിപണി | 27-32 |
| | ഊർജ്ജം | 27 |
| | ഗതാഗതം | 28 |
| | വിപണി | 31 |
| 4(5) | പൊതുജനാരോഗ്യം | 33-37 |
| | കുടിവെള്ളം | 33 |
| | ആരോഗ്യം | 35 |
| 4(6) | വിദ്യാഭ്യാസം | 38-43 |
| 4(7) | സാമൂഹ്യക്ഷേമം, പാർപ്പിടം | 44-48 |
| | പാർപ്പിടം | 44 |
| | സാമൂഹ്യക്ഷേമം | 46 |
| 4(8) | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 49-53 |
| 4(9) | സ്ത്രീപദവി | 54-55 |
| 4(10) | സംസ്കാരം | 56-60 |
| 4(11) | സഹകരണം | 61-64 |
| 4(12) | വിഭവസമാഹരണം | 65-68 |

**വികസന റിപ്പോർട്ട്**
**പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്**
**1996**

**ഉപദേശകസമിതി:** ശ്രീ. കെ.ടി. സെബാസ്റ്റ്യൻ, ശ്രീമതി ലാലാമ്മ തോമസ്, സർവ്വശ്രീ. തോമസ് മായാലിൽ, ടി.കെ. രാഘവൻ, എൻ.വി.തോമസ്, ആദം കാവിൽ ഭാസ്കരൻ, കെ.കെ.രാഘവൻ, സി.പി.വില്യംസ്, കെ. നന്ദകുമാർ, ശശി കുണ്ടുവാറ, വി.കെ. ചെറിയാൻ, സി.എം. ജെയിംസ്, കെ. മോഹൻദാസ്.

**പഞ്ചായത്ത് സ്റ്റാഫ്, 1996:** കെ.ചിന്നൻ (സെക്രട്ടറി), പി.എസ്.അനന്തനാരായണൻ (ജൂനിയർ സൂപ്രണ്ട്), എസ്.രാജൻ (അസിസ്റ്റൻറ് എഞ്ചിനീയർ), സി.എ.പരമേശ്വരൻ, ടി.വി.വത്സല, ഐ.പി.ആൻറണി, ടി.ജെ.ആൻേറാ, എം.വി.ശാരദ, കെ.വി.രാമകൃഷ്ണൻ, കെ.എ.കുമാരൻ, കെ.വി.ചന്ദ്രൻ, സി.എം.ലീല, ടി.തങ്ക, കെ.സി.ദേവു, ഒ.വി.കനക, കെ.വി.ഔസേഫ് (ജോസ്), കെ.സുന്ദരൻ

**കൺവീനർ:** എം.ആർ. ചന്ദ്രശേഖരൻ മാസ്റ്റർ

**തയ്യാറാക്കിയവർ:** ഡോ. ഈസ, ഡോ. എ.ആർ.ആർ.മേനോൻ, കെ.വി.നടരാജൻ, എൻ.പി.യാക്കോബ്, ഡോ. ടി.വി.സുരേന്ദ്രൻ, ഡോ. എം.കെ.പ്രദീപ് കുമാർ, സി.വി.മണി, വി.യു.ബേബി, കെ.യു.ജോർജ് മാസ്റ്റർ, ഇ.വി.വർഗ്ഗീസ് മാസ്റ്റർ, പി.ആർ.ലക്ഷ്മണൻ മാസ്റ്റർ, ചൊവ്വല്ലൂർ ജോസ് മാസ്റ്റർ, ഭാസ്കരൻ പോലിയേടത്ത്, ജെസ്സി സാമുവൽ, പി.വി.സുരേഷ്, ബേബി മാത്തള, പി.പി.ഈനാശു മാസ്റ്റർ, തോമസ് പൊടിപ്പാറ, കെ.ഐ.ഗംഗാധരൻ, പി.പി.ബാലൻ, എസ്.രാജൻ, വി.ഉദയഭാനു, സതീശൻ നമ്പിയാട്ടിൽ, കെ.വി.ജോസ്, ഇ.സന്തോഷ് കുമാർ, എ.എസ്.ജെയ്സൺ, മേരി ബേബി ടീച്ചർ, സി.എ.റംല, ഇന്ദിര ശശിധരൻ, പി.കെ. പ്രഭാകരൻ, എം.ജി.കമലാക്ഷി, എം.എം.ഗോപാലൻ, രവി പയ്യനം, ഐ.പി.ആൻറണി, കെ.പി.ജോണി, കെ.ഗംഗാധരൻ, പി.ആർ.സുശീൽകുമാർ, കെ.പി.ജോണി, സി.സി.ജോണി, എം.എം.മത്തായി, ശശി സാം

**എഡിറ്റിങ്ങ്:** പത്രോസ് പുതിയാമഠം, എ.വി.ജോജു, എ.എൻ.ശിവദാസ്, തോമസ് പി.തോമസ്, കെ.എച്ച്.ഹുസൈൻ
**കവർ ഡിസൈൻ:** സുഭാഷ് കുര്യാക്കോസ്, കെ.എഫ്.ആർ.ഐ.
**കവർ പ്രിൻറിങ്ങ്:** വീണ, നടത്തറ
**ടൈപ്പ് സെറ്റിങ്ങ്:** ഡാറ്റാ ടൈപ്പ്, കുന്ദംകുളം
**പ്രിൻറിങ്ങ്:** പയനീർ, പട്ടിക്കാട്

അദ്ധ്യായം 1

# ആമുഖം

പ്രതിശീർഷ വരുമാനത്തിൻെറ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ സ്ഥാനമുള്ളപ്പോൾ തന്നെ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ ലോകത്തിലെ ഏറ്റവും വികസിത രാജ്യങ്ങളോട് കിടപിടിക്കാവുന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് വികസന കാര്യത്തിൽ കേരളത്തിൻെറ പ്രത്യേകത. പഴയ കാല സാമൂഹ്യ പ്രസ്ഥാനങ്ങൾ, ഭൂപരിഷ്കരണ നിയമങ്ങൾ, സർക്കാർ സംവിധാനമുപയോഗിച്ച് നടത്തിയ വിദ്യാഭ്യാസ-ആരോഗ്യ പ്രവർത്തനങ്ങൾ, പൊതുവിതരണ ശൃംഖല, ട്രേഡ് യൂണിയനുകൾ തുടങ്ങിയ ഘടകങ്ങൾ ഉയർന്ന ജീവിത ഗുണമേൻമ കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളെ തകർക്കുന്ന നിരവധി പ്രവണതകൾ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഇന്ന് പ്രത്യക്ഷമായിട്ടുണ്ട്. പ്രതികൂല പ്രവണതകളെ നേരിടുന്നതിനും ജീവിത ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനുമായി വികസന പദ്ധതികളുടെ ആസൂത്രണശൈലിയിൽ കേരളം ഒരു നൂതന രീതി അവലംബിക്കുകയാണ്. ദേശീയാസൂത്രണ പ്രക്രിയയിൽ നിന്ന് തികച്ചും വ്യത്യസ്തമായ സമീപനമാണിത്. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 35-40 ശതമാനം ആസൂത്രണം താഴെ തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്ന പ്രക്രിയയാണ് 'ജനകീയാസൂത്രണം.'

*അധികാരം ജനങ്ങൾക്ക്!*
*ആസൂത്രണം താഴെ തട്ടിൽ നിന്ന്!*

ഇതുവരെയുള്ള പദ്ധതികൾ എല്ലാം തന്നെ മേലേനിന്ന് കീഴോട്ട് എന്ന രീതിയിലായിരുന്നു. ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാന തലസ്ഥാനത്തും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുകയാണ് ചെയ്തിരുന്നത്. ഈ അമിത കേന്ദ്രീകരണം നേട്ടങ്ങളെക്കാളേറെ കോട്ടങ്ങൾക്കിടയാക്കി. ദുർവ്യയം, കാലതാമസം, അഴിമതി, ലക്ഷ്യപ്രാപ്തി നേടായ്ക എന്നിവ ഈ സംവിധാനത്തിൻെറ സഹജസ്വഭാവങ്ങളായും മാറി.

അമിത കേന്ദ്രീകരണത്തിലധിഷ്ഠിതമായ ഈ വ്യവസ്ഥയുടെ ജീർണത 'അധികാരവികേന്ദ്രീകരണം' എന്ന ആവശ്യത്തിന് ശക്തിപകർന്നു. പരിമിതികളുണ്ടെങ്കിലും ഭരണഘടനയുടെ 73, 74 ഭേദഗതികളും, അതിൻെറ അടിസ്ഥാനത്തിലുള്ള കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ ബില്ലും അതിനനുസരിച്ച് രൂപം കൊണ്ട ത്രിതല പഞ്ചായത്ത് സംവിധാനവും ഗ്രാമസഭകളും അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ഈ വികേന്ദ്രീകരണ ഭരണസംവിധാനത്തിന് സുതാര്യത, വർദ്ധിച്ച ജനപ്രാതിനിധ്യം, പ്രത്യക്ഷ ജനപങ്കാളിത്തം, ചെലവു കുറവ്, വൈകാരികത തുടങ്ങിയ ഒട്ടേറെ ഗുണങ്ങളുണ്ട്.

അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് കേരളം. കാർഷിക വ്യവസായിക മേഖലയാകെ മുരടിച്ചു നിൽക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലകളുടെ നിലവാരത്തകർച്ച ജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഉല്പാദനവും ഉല്പാദന ക്ഷമതയും ഉയർത്തുകയും സേവന മേഖലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ടല്ലാതെ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ നമുക്കു കഴിയില്ല. ഏതാനും മന്ത്രിമാരുടേയും ഉദ്യോഗസ്ഥ പ്രമുഖരുടേയും മാമൂൽ രീതിയിലുള്ള പ്രവർത്തനംകൊണ്ട് ഈ പ്രശ്നം പരിഹൃതമാവുകയില്ല. അതിന് പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ തോതിൽ ജനങ്ങളെ പങ്കെടുപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടിയാണ് നമ്മൾ 'ജനകീയാസൂത്രണ പ്രസ്ഥാന'ത്തിന് രൂപം നൽകിയത്.

ഓരോ പ്രദേശങ്ങളിലേയും വികസന പരിപാടികൾ അതാതു പ്രദേശത്തെ ജനങ്ങൾ നിശ്ചയിക്കുന്ന മുൻഗണനാ ക്രമത്തിൽ ആയിരിക്കണമെന്ന് നാം ഇപ്പോൾ മനസ്സിലാക്കുന്നു. ഗ്രാമസഭകളിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം പ്രാവർത്തികമാക്കുന്നു. ആസൂത്രണത്തിൻെറയും വികസനത്തിൻേറയും കാര്യത്തിൽ ആശയഭേദമന്യേ എല്ലാവരേയും കോർത്തിണക്കിക്കൊണ്ട് ഈ യജ്ഞം വിജയിപ്പിക്കാനാകുമെന്നാണ് പ്രത്യാശിക്കുന്നത്. സർക്കാരിൽനിന്ന് ലഭിക്കുന്ന പദ്ധതിവിഹിതത്തെ ജനങ്ങളുടെ ബുദ്ധിശക്തിയും അദ്ധ്വാനവും ഉപയോഗപ്പെടുത്തി പല മടങ്ങാക്കി വികസന പ്രവർത്തനങ്ങളിൽ നിക്ഷേപിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അങ്ങനെ കേരളത്തിൻെറ സമഗ്രവികസനത്തിനു വേണ്ടിയുള്ള പദ്ധതി രൂപപ്പെടുത്തുന്നതിൽ പാണഞ്ചേരി പഞ്ചായത്തും പങ്കുചേരുകയാണ്.

## പഞ്ചായത്തുതല പ്രവർത്തനങ്ങൾ

ജില്ലാ ആസൂത്രണ സമിതി 1996 സപ്തംബർ 5, 6, 7 തിയ്യതികളിൽ മണ്ണുത്തിയിൽ വെച്ച് നടത്തിയ ഒന്നാംഘട്ട പരിശീലന ക്യാമ്പിൽ നമ്മുടെ പഞ്ചായത്ത് സമിതി അംഗങ്ങളും ചില സാമൂഹിക സംഘടനാ പ്രവർത്തകരും പങ്കെടുത്തതോടെ പഞ്ചായത്തുതല ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിവിധ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സം

അദ്ധ്യായം 2

# പാണഞ്ചേരിയുടെ ചരിത്രം

പൂർവ്വാപര ബന്ധമുള്ള രേഖപ്പെടുത്തപ്പെട്ട ഒരു ചരിത്രം പാണഞ്ചേരിക്കില്ല. ചരിത്രപരമായ താരതമ്യപഠനങ്ങൾ, പ്രാചീന സാഹിത്യം, ഐതിഹ്യങ്ങൾ, ചരിത്രാവശിഷ്ടങ്ങൾ, ലഭ്യമായരേഖകൾ, കേട്ടറിവ്, വാമൊഴി തുടങ്ങി സാധ്യമായ എല്ലാമാർഗ്ഗങ്ങളും പ്രായോജനപ്പെടുത്തിക്കൊണ്ട് ചരിത്രം നിർമ്മിക്കുകയെന്ന സങ്കീർണ്ണമായ പ്രക്രിയ പൂർത്തിയാകുമ്പോൾ മാത്രമേ പാണഞ്ചേരിയുടെ ഉല്പത്തി വികാസ പരിണാമ ഘട്ടങ്ങളെക്കുറിച്ച് ഏകദേശം സത്യസന്ധമായ ഒരു രേഖാ ചിത്രം നമുക്കു ലഭിക്കുന്നുള്ളൂ.

## സംഘകാല ബന്ധം

ഗ്രാമീണ ജനതയുടെ ഐതിഹ്യ സ്മരണകളിൽ പുനർജന്മം കൊള്ളുന്ന 'ബാണൻെറ കോട്ടയും' പാണഞ്ചേരിയെന്ന സ്ഥലനാമവും രണ്ട് ചരിത്ര ഘട്ടങ്ങളെ കുറിക്കുന്നു. കുലഗോത്ര സാമൂഹ്യവ്യവസ്ഥയുടെ അവസാനത്തെ ഘട്ടമാണ് ഒന്ന്. അക്കാലത്ത് പഴനിമല, പറമ്പുമല, കൊടൈമല, പൊതിയിൽമല, മുതിരമല, കുതിരമല തുടങ്ങിയ കുന്നുകളെല്ലാം ഓരോരോ ഗോത്ര തലവന്മാരുടെ അധീനതയിലായിരുന്നു. എയ്നർ, വില്ലവർ തുടങ്ങിയ കുലത്തിൽപെട്ട അതിയൻമാരാണ് കുതിരമല (കുതിരാൻ) ആസ്ഥാനമാക്കി വാണിരുന്നത്. ഈ കുലത്തിൽ ബാണൻ എന്നൊരു ഗണാധിപൻ ഉണ്ടായിരുന്നതായി ഐതിഹ്യമുണ്ട്. ഈ വംശപരമ്പരകളിൽ നിന്നാണ് ആദി ചേരന്മാരുടെ താവഴികളാരംഭിച്ചത്. ചേരന്മാരുടെ കൊടിയടയാളമായ വില്ല് വംശസൂചകമാണ്.

ഇക്കാലത്ത് കൊങ്ങുനാട്ടിൽ (കോയമ്പത്തൂർ ജില്ല) രാജവാഴ്ച ഉദയം ചെയ്തുകഴിഞ്ഞിരുന്നു. ജൈനമതക്കാരായ രാട്ടൻമാരും ഗംഗൻമാരും മാറിമാറി നാടുവാണു. കൊങ്ങുനാട്ടിലെ പടിയൂർ ആണ് ലോകത്ത് മരതകരത്നം ലഭിച്ചിരുന്ന ഒരേയൊരു സ്ഥലം. ക്രി. മു. 8-ാം നൂറ്റാണ്ടുമുതൽ വിദേശ വ്യാപാരികൾ പടിയൂരിൽ താമസിച്ച് രത്നങ്ങൾ ശേഖരിച്ചിരുന്നതായി തെളിവുകളുണ്ട്. പടിയൂരിലെ രത്നങ്ങളും മലബാറിലെ കുരുമുളകും മറ്റും കയറ്റി അയച്ചിരുന്നത് ചേര തലസ്ഥാനമായ വഞ്ചി (കൊടുങ്ങല്ലൂർ) തുറമുഖത്തു നിന്നാണ്. അതുകൊണ്ടു തന്നെ വഞ്ചിയേയും പടിയൂരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു വാണിജ്യപഥം ഇക്കാലത്ത് നിലനിന്നിരുന്നു. ഈ വാണിജ്യപഥം വഴി ജൈനമതം കൊങ്ങുനാടിനപ്പുറത്തുള്ള കുന്നുകളിലെ അധിവാസ കേന്ദ്രങ്ങളിലേക്കു വ്യാപിക്കാനിടയായി. ക്രമേണ ബുദ്ധമതവും കടന്നുവന്നു. തൃശൂർ ജില്ലയിലെ ശ്രീ വടക്കും നാഥൻ, കൂടൽ മാണിക്യം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം തുടങ്ങിയ പ്രാചീന ക്ഷേത്രങ്ങളിലൊക്കെ ജൈന ബുദ്ധ മതങ്ങളുടെ പാദമുദ്രകൾ പതിഞ്ഞു കിടപ്പുണ്ട്. തമിഴ്നാട്ടിൽ നിന്നും തൃശൂർ ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നുമായി കണ്ടെത്തിയിട്ടുള്ള മുനിയറകൾ ജൈനമതവുമായി ബന്ധപ്പെട്ടതാണ്. ഇത്തരത്തിലുള്ള മുനിയറകൾ പട്ടിക്കാടിനു ചുറ്റുമുള്ള വനാന്തർ ഭാഗങ്ങളിൽ ധാരാളമായി കണ്ടെത്തിയുട്ടുണ്ടെന്ന് 1882ൽ റോബർട്ട് സെൻ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളാനിമലയിലെ ഒരു സ്ഥലത്തിൻെറ പേര് ഇപ്പോഴും മുനിയറക്കുന്ന് എന്നുതന്നെയാണ്. തൃശൂർ ജില്ലയിലെ ഒട്ടുമിക്കവാറും കുന്നുകൾക്ക് സംഘകാല ബന്ധമുണ്ടായിരുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. പാണഞ്ചേരിയുടെ ചരിത്രത്തിൻെറ അടിവേരുകൾ കണ്ടെത്താൻ സഹായിക്കുന്ന അടിസ്ഥാന രേഖകളിലൊന്നാണ് ഈ മുനിയറകൾ.

ജൈനമതത്തിൻെറ വരവ് ആദിമനുഷ്യൻെറ കൃഷിയിടങ്ങളിലേക്കുള്ള പരിവർത്തനത്തിൻെറ ഘട്ടത്തെ കുറിക്കുന്നു. കൃഷിയെക്കുറിച്ചുള്ള അറിവ്, കായ്കനികൾ പെറുക്കിത്തിന്നും വേട്ടയാടിയും കാലിമേയിച്ചുമൊക്കെ കുന്നിൻെറ മുകളിൽ കഴിഞ്ഞു കൂടിയിരുന്ന മനുഷ്യനെ തടങ്ങളിലേക്കിറങ്ങുവാൻ നിർബന്ധിതനാക്കി. പരിവർത്തനത്തിൻെറ ഈ ആദിമശതകങ്ങളിലാണ് പാണഞ്ചേരിയുടെ ഉദയം.

ക്രി. പി. 10-ാം നൂറ്റാണ്ടുവരെ ചേരസാമ്രാജ്യം തമിഴകത്തിൻെറ ഭാഗമായിരുന്നു. കൊടുംതമിഴ് ആയിരുന്നു ഇവിടുത്തെ സംസാരഭാഷ. ചേരി എന്ന തമിഴ് വാക്കിന് ഊര് എന്നാണർത്ഥം. പാണർ എന്ന വർഗ്ഗക്കാരെപ്പറ്റി ഒട്ടേറെ പരാമർശങ്ങൾ സംഘം കൃതികളിലുണ്ട്. അവർ ആദരണീയരും രാജാവിൻെറ അടുത്ത ആളുകളുമായിരുന്നു.

## ആധുനികഘട്ടം

പാണർ എന്ന ആദിമനിവാസികളിൽ നിന്ന് പാണഞ്ചേരിയിലെ ആധുനിക മനുഷ്യനിലേക്കുള്ള പരിണാമത്തിൻെറ ചരിത്രരേഖകൾ ലഭ്യമല്ല. പിന്നീട് ആധികാരികമെന്നു കരുതാവുന്ന എന്തെങ്കിലും ഒരു രേഖ ലഭിക്കുന്നത് 18-ാം നൂറ്റാണ്ടിൻെറ ആദിമദശകങ്ങളിലാണ്. അക്കാലത്ത് തൃശൂർ ജില്ലയെ തൃശ്ശിവപേരൂർ, ചിറ്റിലപ്പിള്ളി, വിജയപുരം, പറവട്ടാനി എന്നീ നാലു പ്രവൃത്തികളായി തിരിച്ചിരുന്നു. പറവട്ടാനി പ്രവൃത്തിയിൽ പെട്ട 17 വില്ലേജുകളിൽ ഒന്നായ പാണഞ്ചേരിയിൽ അക്കാലത്തു ജനവാസമുണ്ടായിരുന്ന സ്ഥലങ്ങൾ പാണഞ്ചേരിയും പട്ടിക്കാടും മാത്രമായിരുന്നു. ഇവിടെയുണ്ടായിരുന്ന വീടുകളുടെയും ജനങ്ങളുടെയും എണ്ണമാകട്ടെ അംഗുലീപരിമിതവും.

എന്നാൽ ടിപ്പുവിൻെറ പടയോട്ട (1789)ത്തിനു മുമ്പു മുതൽക്കു തന്നെ ഇവിടുത്തെ കൃഷിഭൂമികൾക്ക് അധിപന്മാർ ഉണ്ടായിരുന്നു. കുടിപാർപ്പുകളും തുടങ്ങിയിരുന്നു. മനകളോ മനവക കയ്യാലകളോ ഉണ്ടായിരുന്നിരിക്കണം. പടയോട്ടക്കാലത്ത് അയിത്തം മൂലവും മാനനഷ്ടം ഭയന്നും നമ്പൂതിരിമാരും സ്ത്രീകളും മറ്റും വെള്ളാനിമലയിലേക്ക് കയറിപോവുകയും വെള്ളരിക്കുളത്തിനരികിലും രണ്ടാംകുന്നിലുമൊക്കെ രണ്ടുമൂന്നു ദിവസം ഒളിച്ചു പാർക്കുകയും ചെയ്തതായുള്ള കേട്ടറിവ് ഇന്നും പഴമക്കാർ അയവിറക്കുന്നുണ്ട്.

ഭൂമിയുടെ ഉടമസ്ഥാവകാശം ഏറെക്കുറെ ബ്രാഹ്മണമഠങ്ങൾ, മനകൾ, ഇല്ലങ്ങൾ, പ്രഖ്യാത നായർ കുടുംബങ്ങൾ എന്നിവയിൽ നിക്ഷിപ്തമായിരുന്നു. വാധ്യാർമന, കുടിശാരൂർ മന, വെള്ളാനി മന, എടക്കുന്നി വാര്യം, കീരങ്കുളങ്ങര വാര്യം, ആറ്റൂർമന, കോവിലകം, കരിമ്പറ്റ രാജകുടുംബം, കോമരത്ത്, കൊമരപുരം, മാരാത്തെ കൊട്ടിൽ, നൊട്ടത്ത് എന്നീ ജന്മി കുടുംബങ്ങളാണ് ഭൂമിക്കു മേലുള്ള അധീശത്വം കയ്യാളിയിരുന്നത്. എങ്കിലും ഇതു പലപ്പോഴും ക്രയവിക്രയങ്ങൾക്കു വിധേയമായിരുന്നതായി കാണാം.

പാണഞ്ചേരിയുടെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന റോഡ് പടയോട്ടക്കാലത്ത് ടിപ്പു വെട്ടിയതാണെന്ന് അനുമാനിക്കപ്പെടുന്നു. എന്നാൽ 18-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ പോലും തൃശൂരിൽ നിന്ന് പട്ടിക്കാട് വരെ മാത്രമേ വാഹന ഗതാഗതം സാധ്യമാകുമായിരുന്നുള്ളു. 1844 ൽ ആണ് തൃശൂരിൽ നിന്ന് കോയമ്പത്തൂരിലേക്ക് ആദ്യമായി ഗതാഗതം ആരംഭിച്ചത്. ഒരു ദിവാൻജിയുടെ മകൻ വെങ്കിടരാമയ്യരുടെ ഭാര്യയും പരിവാരങ്ങളും പോകുന്നതിനു വേണ്ടിയായിരുന്നു അത്. ഈ പ്രദേശത്തെ മറ്റു പഴക്കമുള്ള റോഡുകൾ പാണഞ്ചേരി, ചെമ്പൂത്ര, മുളയം, പൂവ്വഞ്ചിറ എന്നീ റോഡുകളാണ്. സ്വാതന്ത്ര്യ പൂർവ്വകാലഘട്ടത്തിൽ പലപ്പോഴായി നിർമ്മിച്ചിട്ടുള്ളവയാണ് അതെല്ലാം. കള്ളന്മാരുടെ ആവാസ കേന്ദ്രമെന്ന നിലയിൽ കുതിരാൻ വഴിയുള്ള റോഡ് ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ബീരു ശേഖണ്ഡന്മാരാണ് ആ പരമ്പരയിലെ അവസാനത്തെ കണ്ണികൾ. ഇവർ ഒളിച്ചു പാർത്തിരുന്ന ഗുഹകൾ ഇന്നും വാണിയമ്പാറ കള്ളക്കുന്നിലും കുതിരാനിലും വെള്ളാനി മലയിലും നിലനില്ക്കുന്നുണ്ട്.

## വ്യത്യസ്ത ജനവിഭാഗങ്ങൾ

പട്ടിക്കാട് ബ്രാഹ്മണരായ വഴിയാത്രക്കാർക്കുവേണ്ടി ഒരു ഊട്ടുപുരയും രാപാർക്കുവാനുള്ള സൗകര്യവും ഉണ്ടായിരുന്നതായി രേഖയുണ്ട്. ബ്രാഹ്മണർക്ക് ഒന്നര ദിവസം ഭക്ഷണം കഴിച്ച് ഇവിടെ വിശ്രമിക്കാമായിരുന്നു. മറ്റുള്ളവർക്കു വേണ്ടി ഉച്ചക്കഞ്ഞി വിതരണം ഉണ്ടായിരുന്നു. ഇത് പിന്നീട് ഏർപ്പെടുത്തിയതാകണം. ഊട്ടുപുരയുടെ ചിലവിലേക്കാവശ്യമായ അരി കോവിലകം വക ഭൂമിയിൽ നിന്ന് പാട്ടമായി ലഭിച്ചിരുന്നു. ഈ ഊട്ടുപുരയുടെ നിർമ്മാണ കാലം 17-ാം നൂറ്റാണ്ടിലായിരുന്നിരിക്കണം. ഊട്ടുപുരയോടനുബന്ധിച്ച് രണ്ടു കുളങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ഊട്ടുപുര കുളമെന്നും മറ്റേത് ചെട്ടിയാർ കുളമെന്നും അറിയപ്പെട്ടു. ഊട്ടുപുരക്കുളത്തിൽ താണജാതിയിൽ പെട്ടവർക്ക് കുളിക്കാൻ അനുവാദമുണ്ടായിരുന്നില്ല. സവർണ്ണരെ കൂടാതെ അവർണ്ണരും ഏറിയൊ കുറഞ്ഞോ ആയ അളവിൽ ഇവിടെ പാർപ്പുറപ്പിച്ചിരുന്നുവെന്ന കാര്യത്തിലേക്ക് ഇതു വെളിച്ചം വീശുന്നു. ചെട്ടിയാർ കുളത്തിനു തെക്കുമാറി ചെട്ടി സമുദായക്കാരുടെ ഒരു അധിവാസ കേന്ദ്രം തന്നെ ഉണ്ടായിരുന്നു.

ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ 15ൽ താഴെ നായർ കുടുംബങ്ങളും അത്രയും തന്നെ ക്രിസ്ത്യൻ കുടുംബങ്ങളുമാണ് പട്ടിക്കാടുണ്ടായിരുന്നത്. പാണഞ്ചേരിയിലും ചെമ്പൂത്രയിലുമായി ഇതേ അനുപാതത്തിൽ നായർ കുടുംബങ്ങളും ഈഴവ കുടുബങ്ങളുമാണുണ്ടായിരുന്നത്. കൂടാതെ രണ്ടോ മൂന്നോ ക്രിസ്ത്യൻ കുടുംബങ്ങളും. ശ്രീകൃഷ്ണൻെറ കുലമായ യാദവ വംശത്തിൻെറ പാരമ്പര്യം അവകാശപ്പെടുന്ന കോനാർ ജാതിയിൽപ്പെട്ടവരും, കൂടാതെ മുസ്ലീംകളും മുടിക്കോട് പാർത്തിരുന്നു. പാണഞ്ചേരി വില്ലേജിലേക്ക് നടാടെയെത്തിയ മുസ്ലീം കുടുംബങ്ങൾ വാവരുകുഞ്ഞ്, കുഞ്ഞടിമു എന്നിവരുടേതായിരുന്നുവെന്നാണ് പഴമക്കാരുടെ കേട്ടറിവ്. കുതിരാന് അപ്പുറത്ത് കൃഷി ഭൂമി കുറവായിരുന്നു. എടക്കുന്നിവാര്യം വക ഭൂമി കണ്ണമ്പ്രനായർ കുടുംബക്കാരുടെ കൈകളിലെത്തിയപ്പോഴാണ് അവിടെ കുടിപ്പാർപ്പ് ആരംഭിച്ചത്. ഒന്നു രണ്ട് നായർ കുടുംബങ്ങളും അത്രയും തന്നെ മുസ്ലീം കുടുംബങ്ങളും ഒരു ഈഴവ കുടുംബവുമാണ് വാണിയമ്പാറയിൽ ആദ്യം ചേക്കേറിയത്. എന്നാൽ പൊട്ടിമടയിലും, പട്ടിക്കാടിൻെറ പ്രാന്ത പ്രദേശങ്ങളിലും ധാരാളം ഗിരിജനങ്ങളായ മലയർ അധിവസിച്ചിരുന്നു. അവരായിരുന്നു ജനസംഖ്യയിൽ സിംഹഭാഗവും.

## ആരാധനാലയങ്ങൾ

പാണഞ്ചേരി പഞ്ചായത്തിലെ ആരാധനാലയങ്ങളിൽ പഴക്കം കൊണ്ട് മുന്നിൽ നില്ക്കുന്നത് മുടിക്കോട് ശിവക്ഷേത്രം, ചെമ്പൂത്ര ഭഗവതിക്ഷേത്രം, പട്ടിക്കാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം, കൽദായ പള്ളി, കുതിരാനിലെ ശാസ്താക്ഷേത്രം എന്നിവയാണ്.

1819ൽ വാർഡ് കോണർമാരുടെ സർവ്വേ പൂർത്തിയാകുമ്പോൾ ഒരു ആരാധനാലയവും ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. എന്നാൽ പാണഞ്ചേരിക്കു കിഴക്ക് പട്ടിക്കാടിനോട് ചേർന്ന് ഒരു ക്ഷേത്രത്തിൻെറ നഷ്ടാവശിഷ്ടങ്ങൾ കണ്ടെത്തിയതായി പറയുന്നുണ്ട്. അതിൻെറ പേര് ഗുരുനാഥനമ്പലം എന്ന് ആയിരുന്നു. ഇതിൽ നിന്നു വ്യക്തമാകുന്നത് പാണഞ്ചേരി പഞ്ചായത്തിലെ ആരാധനാലയങ്ങളെല്ലാം പണി കഴിച്ചിട്ടുള്ളത് 1820 നു ശേഷം ആണെന്നാണ്.

പട്ടിക്കാട് കൽദായ പള്ളി 1860 കളിൽ സ്ഥാപിക്കപ്പെട്ടതാണെന്നു തീർച്ചപ്പെടുത്താം. ഇതേ കാലയളവിലാണ് ബ്രിട്ടീഷുകാരുടെ ആവശ്യാർത്ഥം മുസാവരി ബംഗ്ലാവ് (ഇപ്പോൾ ഫോറസ്റ്റ് ഓഫീസ്) പണി കഴിപ്പിച്ചത്. പട്ടിക്കാട് ക

ൽദായ പള്ളിയോടനുബന്ധിച്ച് രൂപംകൊണ്ട വടക്കും തെക്കുമുള്ള അങ്ങാടികൾ നാഗരികതയുടെ വളർച്ചക്ക് ആക്കം കൂട്ടി.

ചെമ്പൂത്ര ഭഗവതിക്കാവിലെ മകരച്ചൊവ്വയാണ് ദേശക്കാർ ഒന്നടങ്കം പങ്കുകൊണ്ടിരുന്ന ഒരേയൊരു ഉത്സവം. മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച ആഘോഷിക്കുന്ന ഇവിടുത്തെ പൂരമഹോത്സവം ആദ്യകാലത്ത് ഒരാനയിൽ തുടങ്ങി, ഏഴാനപ്പൂരമായി വളർന്ന് ഇപ്പോൾ 30 ആനകളിലെത്തി നിൽക്കുകയാണ്.

## കുടിയേറ്റത്തിൻെറ രണ്ടു ഘട്ടങ്ങൾ

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ ഇവിടുത്തെ സാമൂഹിക ജീവിതം ചലനാത്മകമായിരുന്നില്ല. ജനസാന്ദ്രതയിലെ കുറവായിരുന്നു മുഖ്യകാരണം. ക്രമേണ ഒറ്റയും തെറ്റയുമായി കുടിയേറ്റങ്ങൾ നടന്നു. അതിലേറെയും കൊച്ചി രാജ്യത്തു നിന്നായിരുന്നു. തത്ഫലമായി 1940 കളുടെ ആദ്യ പാദമായപ്പോഴേക്കും പഞ്ചായത്തിലെ പ്രായപൂർത്തിയായവരുടെ എണ്ണം 1705 ആയി ഉയർന്നു. വ്യത്യസ്ത മതങ്ങളിൽപ്പെട്ട 35-ഓളം ജാതിക്കാർ ഇവിടെ എത്തി.

രണ്ടാം ഘട്ടമെന്നു പറയാവുന്നത് തിരുവിതാംകൂർ കർഷകരുടെ കുടിയേറ്റമാണ്. ഇത് കൊച്ചി രാജാവിൻെറ ഹിൽ പാഡി സ്കീമുമായി ബന്ധപ്പെട്ടിരിക്കുന്നു. പാണഞ്ചേരിയുടെ സാമൂഹിക മണ്ഡലങ്ങളിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കു തുടക്കം കുറിച്ചത് ഈ രണ്ടാം ഘട്ടമാണ്. സുവിശേഷ പ്രവർത്തകനായിരുന്ന മത്തായിച്ചൻ ആണ് ആദ്യമായി വന്നെത്തിയ തിരുവിതാംകൂർ കർഷകൻ എന്നു പറയപ്പെടുന്നു.

## കൊച്ചി രാജ്യത്തെ ഭരണ സമ്പ്രദായം

ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് രാജാവ് മുൻതൂക്കം കൊടുത്തിരുന്നു. അതിനുവേണ്ടി പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു. 1914ൽ രൂപീകൃതമായ പാണഞ്ചേരി വില്ലേജ് പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് നൊട്ടത്ത് ശങ്കരമേനോൻ ആയിരുന്നു. ഇക്കാലത്ത് ആവശ്യമായ സ്ഥലങ്ങളിൽ പഞ്ചായത്ത് വഴിവിളക്കുകൾ സ്ഥാപിച്ചിരുന്നു. പ്രഖ്യാത വിഷഹാരിയായിരുന്ന ചെമ്പൂത്ര മാളിയേക്കൽ കർത്താവിൻെറ വീട്ടുപടിക്കൽ സ്ഥാപിച്ച ഒരു വഴിവിളക്ക് ഇപ്പോഴും ചരിത്രസ്മാരകമായി നിലനില്ക്കുന്നുണ്ട്. വാണിയമ്പാറയിലും വഴുക്കുംപാറയിലുമായി രണ്ട് പൗണ്ടുകൾ പ്രവർത്തിച്ചിരുന്നു. ആണ്ടുതോറും ഈ വണ്ടിപ്പേട്ട പഞ്ചായത്തത് ലേലം ചെയ്തു കൊടുത്തിരുന്നു.

രാജ്യാതിർത്തിയായ വാണിയമ്പാറയിൽ കൊച്ചി മലബാർ രാജ്യങ്ങളുടെ ചുങ്കപ്പുരകളുണ്ടായിരുന്നു. പിന്നീട് അവ സ്ഥലപ്പേരുകളായി യഥാക്രമം താഴെ ചുങ്കമെന്നും മേലേ ചുങ്കമെന്നും അറിയപ്പെടാൻ തുടങ്ങി. കൃഷിക്കാവശ്യമായ കുളങ്ങളും ചിറകളും പഞ്ചായത്ത് സംരക്ഷിച്ചുപോന്നു. കാലാകാലങ്ങളിൽ കൃഷിക്ക് എന്തു വളം ചെയ്യണം, എങ്ങിനെ രോഗ പ്രതിരോധം നടത്തണം എന്നൊക്കെയുള്ള കാര്യങ്ങളിൽ കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരുന്നു.

## സാമൂഹിക ചരിത്രം

മലയിടുക്കുകളും ചെറു താഴ്വരകളും നിറഞ്ഞ ഭൂപ്രദേശം. അവിടെ എങ്ങു നിന്നോ പറിച്ചു നടപ്പെട്ട കുടുംബങ്ങൾ. ക്രമേണ കുടുംബങ്ങളുടെ എണ്ണം കൂടി. ആരാധനാലയങ്ങളും വിദ്യാലയങ്ങളും ഉണ്ടായിത്തുടങ്ങി. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം സ്ഥാപിക്കപ്പെട്ടത് 1908 ൽ ആണ്. കൽദായ സുറിയാനി പള്ളിവക കെട്ടിടത്തിലാണ് സർക്കാർ സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1939 ൽ ശ്രീ. കടവത്ത് കൃഷ്ണൻകുട്ടി നായരുടെ നേതൃത്വത്തിൽ പട്ടിക്കാട് ഗ്രാമീണ വായനശാലയും സ്ഥാപിതമായി.

ഇവിടുത്തെ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ മാറ്റത്തിൻെറ കാറ്റടിച്ചു തുടങ്ങിയത് 1942 ൽ കൊച്ചി തമ്പുരാൻ 'ഹിൽപാഡി സ്കീം' പ്രഖ്യാപിച്ചതോടു കൂടിയാണ്. രണ്ടാം ലോകമഹായുദ്ധവും 1940 ലെ കൊടുങ്കാറ്റും വെള്ളപ്പൊക്കവുമെല്ലാം കൂടി രാജ്യത്തു ഭക്ഷ്യക്ഷാമം രൂക്ഷമാക്കി. അതിനൊരു പരിഹാരമെന്നോണം കൊടുങ്കാറ്റിൽ മരങ്ങൾ കടപുഴകി വീണ വനപ്രദേശങ്ങളിൽ കാടുവെട്ടിത്തെളിച്ച് കൃഷിയിറക്കാൻ സർക്കാർ അനുവാദം കൊടുത്തു. ഏക്കറിന് എട്ട് അണ പാട്ടമായി നിശ്ചയിക്കുകയും ചെയ്തു. അതേത്തുടർന്നു ധാരാളമായി കർഷകർ ഇവിടെ കുടിയേറി കാടുവെട്ടി കൃഷിയാരംഭിച്ചു.

ഈ കാലയളവിൽ രൂപം കൊണ്ട പാണഞ്ചേരി സർവ്വീസ് സഹകരണ സംഘം അരിയും മണ്ണെണ്ണയും മറ്റും ന്യായവിലക്കു വിതരണം ചെയ്ത് കർഷകർക്കൊരു അത്താണിയായി മാറി. പട്ടയമില്ലാത്ത കർഷകർക്ക് കേരളത്തിൽ ആദ്യമായി കാർഷിക വായ്പ കൊടുത്തു തുടങ്ങിയത് ഈ സംഘമാണ്. അക്കാലത്ത് സംഘം പ്രസിഡൻറ് ആയിരുന്ന ശ്രീ. ടി.കെ. രാഘവൻെറയും ഭാരവാഹികളുടേയും ഇച്ഛാശക്തിയായിരുന്നു അതിൻെറ പിന്നിൽ പ്രവർത്തിച്ചത്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് അവശ്യം വേണ്ടതായ ശക്തി പകരാൻ പറ്റിയ സാഹചര്യമായിരുന്നില്ല ഇവിടെ നിലനിന്നിരുന്നത്. ചുരുങ്ങിയ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിലും ഗണ്യമായ സംഭാവനകൾ അർപ്പിക്കുവാൻ ഈ പഞ്ചായത്തിനു കഴിഞ്ഞു. ഈ പഞ്ചായത്തിൽപെട്ട രണ്ടുപേർക്ക് സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് താമ്രപത്രം ലഭിച്ചിട്ടുണ്ട്. അന്തിക്കാട് സമരത്തിൽ പങ്കെടുത്ത ശ്രീ. വി.ജി. മാധവൻ (പയ്യനം) ആണ് ഒരാൾ. അപരനാകട്ടെ

വാർദ്ധയിൽ ഗാന്ധിജിയോടൊപ്പം പ്രവർത്തിച്ച കിടങ്ങാപ്പിള്ളി ശങ്കരമേനോനു (ചെമ്പൂത്ര) മാണ്. ഇരുവരും ഇന്നു ജീ വിച്ചിരിപ്പില്ല.

ഇവിടുത്തെ കൃഷിക്കാരന് സ്വന്തമായി സ്ഥലമുണ്ടായിരുന്നില്ല. ജന്മിമാരിൽ നിന്ന് പാട്ടത്തിനെടുക്കുന്ന ഭൂമി 12 കൊല്ലം കഴിയുമ്പോൾ ഒഴിഞ്ഞു കൊടുക്കണമായിരുന്നു. അല്ലെങ്കിൽ പാട്ടം കൂട്ടിക്കൊടുത്തു കൊണ്ട് പുതിയൊരു പാട്ടച്ചീട്ട് രജിസ്റ്റർ ചെയ്യണമായിരുന്നു. ഇതിനെ പൊളിച്ചെഴുത്തു നിയമം എന്നാണ് പറഞ്ഞു വന്നിരുന്നത്. ഈ നിയമം കർഷകൻെറ മുതുകിൽ അടിച്ചേൽപ്പിച്ചിരുന്നത് താങ്ങാനാകാത്ത ഭാരമായിരുന്നു. അതു കൊണ്ടു തന്നെ കർഷകർ ഈ സമ്പ്രദായത്തിനെതിരായുള്ള സമരത്തിൽ അണി നിരന്നു. നിരന്തര പ്രക്ഷോഭങ്ങളുടെ ഫലമായി 1945-ഓടു കൂടി ഒരു വിളംബരം വഴി കൊച്ചി രാജാവ് പൊളിച്ചെഴുത്തു സമ്പ്രദായം അവസാനിപ്പിച്ചു.

'ഹിൽ പാഡി സ്കീം' അനുസരിച്ച് കർഷകർ വ്യാപകമായി കുടിയേറുകയും കൃഷി ചെയ്യുവാനാരംഭിക്കുകയും ചെയ്തു. അധികം താമസിയാതെ ഈ സ്കീം സർക്കാർ പിൻവലിക്കുകയും കൃഷിഭൂമിയൊക്കെ പൂർവ്വ സ്ഥിതിയിൽ തിരികെ കൊടുക്കുവാൻ ഉത്തരവാകുകയും ചെയ്തു. കാടുവെട്ടി കുടുംബമായി ജീവിക്കാനാരംഭിച്ച കർഷകൻ കൃഷി ഭൂമി തിരികെ കൊടുക്കാവുന്ന അവസ്ഥയിലായിരുന്നില്ല. സർക്കാർ വക ഉദ്യോഗസ്ഥർ വിളകൾ നശിപ്പിക്കുകയും കർഷകരുടെ പേരിൽ കേസുകളെടുക്കുകയും ചെയ്തു. അതല്ലെങ്കിൽ വിളകളെല്ലാം ഒന്നിച്ചു ശേഖരിച്ച് ലേലം ചെയ്തു പോന്നു. ഇതിനെതിരെ കൃഷിക്കാർ സംഘടിതമായ ചെറുത്തു നില്പ് ആരംഭിച്ചു.

ഇതിൻെറയൊക്കെ തുടർച്ചയെന്നോണമാണ് പാട്ടം കുറച്ചു കിട്ടുന്നതിനു വേണ്ടി 1962ൽ നടത്തിയ 43 ദിവസം നീണ്ടു നിന്ന സമരം. പാണഞ്ചേരിയിലെ കർഷകർ ഇത്രയും സുദീർഘമായ സമരത്തിൽ അതിനു മുമ്പോ പിമ്പോ പങ്കെടുത്തിരിക്കാനിടയില്ല. കളക്ടറേറ്റ്, താലൂക്ക് ആപ്പീസ്, വില്ലേജ് ആപ്പീസ് എന്നിവയൊക്കെ സ്തംഭിച്ചു. അവസാനം സമരം വിജയിച്ചു. പാട്ടം 25% വെട്ടിക്കുറക്കുകയും ചെയ്തു. കർഷക സംഘത്തിൻെറ നേതൃത്വത്തിൽ നടന്ന ഈ സമരത്തിൽ നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു. കേരളത്തിലെ നിരവധി കർഷ നേതാക്കളുടെ സാന്നിദ്ധ്യത്തിലാണ് കർഷക സമരങ്ങൾ നടന്നത്.

## സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം

തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം സാമൂഹിക ജീവിതത്തെ ചലനാത്മകമാക്കി. പീച്ചി ഡാമിൻെറ നിർമ്മാണം കാർഷിക സമ്പദ്‌വ്യവസ്ഥയുടെ വളർച്ച ത്വരിതഗതിയിലാക്കി. കൊച്ചിയുടെ പ്രധാനമന്ത്രി ഇക്കണ്ട വാര്യർ ആണ് ഡാം നിർമ്മാണത്തിൻെറ പ്രാരംഭ പ്രവർത്തനങ്ങളാരംഭിച്ചത്. കൊട്ടിലിലെ മാരാർ എരപ്പും പാറയിൽ തീർത്ത ചെറിയ അണക്കെട്ടാണ് പീച്ചി ഡാമിൻെറ നിർമ്മാണത്തിനു പ്രേരകമായത്. 1957ൽ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു ഈ അണക്കെട്ട് രാഷ്ട്രത്തിനു സമർപ്പിച്ചു.

പീച്ചി ഡാമിനോടൊപ്പം കണ്ണാറ പാലവും പണിതു. കണ്ണാറക്കു മുകളിലേക്കുള്ള ഭാഗങ്ങൾ ഇതിനോടകം അധിവാസ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരുന്നു. നിയമസഭയിൽ കോളിളക്കമുണ്ടാക്കിയ കണ്ണാറ തോപ്പുംകടവ് റോഡ് പൂർത്തിയായി. കണ്ണാറ, പട്ടിക്കാട്, പീച്ചി, ചുവന്നമണ്ണ്, മുടിക്കോട്, വാണിയമ്പാറ എന്നിവിടങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. പീച്ചിയിൽ എഞ്ചിനീയറിംങ്ങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കണ്ണാറ അടക്കാ ഗവേഷണ കേന്ദ്രം, മാരായ്ക്കൽ വാഴഗവേഷണ കേന്ദ്രം, വെറ്റിലപ്പാറ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെയുള്ള സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിതമായി.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാംസ്കാരിക രംഗത്തുണ്ടായ പല നേട്ടങ്ങൾക്കും ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ കാരണമായിട്ടുണ്ട്. വിലങ്ങന്നൂർ, വീണ്ടശ്ശേരി, വാണിയമ്പാറ, വഴുക്കുംപാറ, പട്ടിക്കാട് എന്നിവിടങ്ങളിലാണ് ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വരുന്നത്. യുവജനങ്ങളുടെ കായികവും കലാപരവുമായ അഭ്യുന്നതിക്കുതകുന്ന തരത്തിലുള്ള പരിപാടികൾ ഈ ഗ്രന്ഥശാലകൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

വിവിധ ജാതി മത വിഭാഗങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ആരാധനാലയങ്ങൾ അനവധിയാണ്. അവയൊക്കെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിക്കൂടി പ്രവർത്തിച്ചു വരുന്നു. മതസൗഹാർദ്ദം പാണഞ്ചേരി പഞ്ചായത്തിൻെറ മുഖമുദ്രയാണെന്നു പറയാം. നമ്മുടെ സാമൂഹിക ചരിത്രത്തിൻെറ രൂപീകരണം തൊട്ട് അത് അഭംഗുരം തുടരുന്നു.

കാനനച്ചോലകളും നീരരുവികളും വിസ്തൃതമായൊരു തടാകവും വിവിധയിനം പുഷ്പങ്ങളും പക്ഷിമൃഗാദികളുമൊക്കെയുള്ള ഈ ഭൂവിഭാഗം വിനോദ സഞ്ചാരികൾക്കൊരു സ്വപ്നസാഫല്യമാണ് എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

റഫറൻസ്: മിത്തും യാഥാർത്ഥ്യവും (ഡി.ഡി. കോസാംബി); Kerala History and its Makers (Prof. A. Sreedhara Menon); കേരളത്തിൻെറ സാംസ്കാരിക ചരിത്രം (പി.കെ. ഗോപാലകൃഷ്ണൻ); കേരളത്തിലെ സ്ഥലചരിത്രങ്ങൾ (വി.വി.കെ. വാലത്ത് ); Geography and Statistical Survey of the Travancore and Cochin States ( Lieutenants Ward and Connor); വോട്ടർ പട്ടിക (കൊച്ചി നിയമസഭ 1945); പഞ്ചായത്തിലെ പൂർവ്വകാല മിനിറ്റ്സ് ബുക്കുകൾ; കൊച്ചി ദിവാൻമാരുടെ ഉത്തരവുകളും രാജവിളംബരങ്ങളും; അഭിമുഖങ്ങൾ: ശ്രീ. ചിതലൻ മാത്തു (88 വയസ്സ്), തെക്കേക്കര വറീത് (85), കെ. എസ്. മാരാർ (88), പട്ടിയിൽ ഉണ്ണിനായർ (65), ബിഷപ്പ് മാർ അപ്രേം, സി.എസ്. മാധവപ്പണിക്കർ (75) കോട്ടാം കുന്നത്തു കൃഷ്ണൻ (67) കാദർ വട്ടക്കല്ല് (74) പാണ്ടത്തത്ത് ഗോവിന്ദൻ (77) ബാപ്പൂട്ടി സായ്‌വ് (87), കണ്ടൻ കുളത്തിതിൽ ഉണ്ണിയെന്ന മണി (79) ചിറ്റിപ്പറമ്പൻ അന്തോണി (65) ടി.കെ. രാഘവൻ (71) കൈപ്പറമ്പൻ ദേവസ്സി (79) തുടങ്ങിയവർ.

# ഭൂപ്രകൃതിയും വിഭവങ്ങളും

വടക്കേ അക്ഷാംശം $10^o 32' - 10^o 35'$ നും കിഴക്കേ രേഖാംശം $76^o 17' - 76^o 28'$നും ഇടയിലാണ് പാണഞ്ചേരി പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പശ്ചിമഘട്ട മലനിരകൾക്കുള്ളിലായി കുന്നുകളും താഴ്‌വരകളും നിറഞ്ഞതാണീ പ്രദേശം. ഭൂവിനിയോഗ ബോർഡിൻെറ കാർഷിക മേഖലാ തരം തിരിവിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നത് 'മലനാട്' ആയാണ്. ഭൂപ്രകൃതിയനുസരിച്ച് ഈ പ്രദേശത്തെ മൂന്നായി തരംതിരിക്കാം.- ഉയർന്ന മലമ്പ്രദേശം (പശ്ചിമഘട്ടം) കുന്നുകൾ, താഴ്‌വരകൾ എന്നിങ്ങനെ. നിമ്നോന്നത ഭൂപ്രകൃതിയും ശക്തിയേറിയ മഴയും ചൂടും മനുഷ്യൻെറ ഇടപെടലും കൂടി ഈ പ്രദേശത്ത് മണ്ണൊലിപ്പും ജലനഷ്ടവും അനുബന്ധ ഊഷരതയും ഉണ്ടാക്കി ഭൂമിയുടെ ഫലഭൂയിഷ്ഠത വളരെയേറെ കുറച്ചിട്ടുണ്ട്.

## കാലാവസ്ഥ, ജല ലഭ്യത

ജൂൺ, ജൂലായ്,ആഗസ്റ്റ് മാസങ്ങളിലായി കിട്ടുന്ന കാലവർഷവും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ തുലാവർഷവും കൂടി ശരാശരി വാർഷികമഴ 2500-3000 മി.മീ. ലഭിക്കുന്നുണ്ട്.

പീച്ചിയിൽ ലഭ്യമായ മഴ 1988 മുതൽ 1994 വരെ




1994 ലെ പിച്ചിയിലെ കാലാവസ്ഥ

| മാസം | ശരാശരി താപം (C) | | ശരാശരി ആപേക്ഷിക ആർദ്രത (%) | | മഴ (mm) | ദിവസത്തിൽ കാറ്റിൻെറ വേഗം (km/hr) | ദിവസത്തിൽ സൂര്യപ്രകാശം (h) |
|---|---|---|---|---|---|---|---|
| | കൂടിയ | കുറഞ്ഞ | കൂടിയ | കുറഞ്ഞ | | | |
| ജനുവരി | 34.4 | 20.7 | 79 | 45 | 43.0 | 2.5 | 8.7 |
| ഫെബ്രുവരി | 36.9 | 21.6 | 85 | 44 | 0.0 | 1.9 | 8.2 |
| മാർച്ച് | 38.5 | 22.6 | 83 | 38 | 29.0 | 1.8 | 8.7 |
| ഏപ്രിൽ | 36.8 | 23.3 | 76 | 45 | 112.0 | 1.3 | 7.0 |
| മെയ് | 36.1 | 23.6 | 75 | 48 | 60.8 | 1.3 | 4.9 |
| ജൂൺ | 30.0 | 21.7 | 89 | 74 | 837.0 | 1.5 | 1.5 |
| ജൂലായ് | 29.5 | 21.1 | 92 | 77 | 976.8 | 1.3 | 1.0 |
| ആഗസ്റ്റ് | 30.2 | 21.3 | 94 | 74 | 501.4 | 1.0 | 2.2 |
| സെപ്റ്റംബർ | 32.5 | 21.9 | 93 | 66 | 234.0 | 1.2 | 3.6 |
| ഒക്ടോബർ | 33.5 | 21.7 | 94 | 64 | 311.0 | 0.9 | 4.9 |
| നവംബർ | 33.0 | 22.0 | 91 | 62 | 63.6 | 2.2 | 6.7 |
| ഡിസംബർ | 33.0 | 20.6 | 79 | 49 | 0.0 | 2.3 | 7.8 |

ആറുമാസത്തോളം മഴ ലഭിക്കാറില്ലാത്തതിനാൽ പല ഭാഗങ്ങളും രൂക്ഷമായ വരൾച്ചയുടെ പിടിയിലമരുന്നു. 1995 ൽ രേഖപ്പെടുത്തപ്പെട്ട കുറഞ്ഞ ചൂട് ഡിസംബറിലെ ശരാശരി 19.9°C ഉം ഏറ്റവും കൂടിയത് മാർച്ചിലെ ശരാശരിയായ 39.2°C ഉം ആണ്. ഒറ്റപ്പെട്ട മഴകൾ ഏപ്രിൽ-മെയ് മാസങ്ങളിൽ കിട്ടാറുണ്ടെന്നതും പ്രസ്താവ്യമാണ്. (അവലംബം KFRI കാലാവസ്ഥാ റിപ്പോർട്ട്). തൃശൂരിൻെറ ജലനിധിയായ പീച്ചി അണക്കെട്ട് പഞ്ചായത്തിലാണെങ്കിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും പല വാർഡുകളിലും ഉണ്ട്. മഴവെള്ളത്തെ പീച്ചി ഡാമിലും മണലിപ്പുഴയിലും എത്തിക്കുന്ന ചെറുതും വലുതുമായ അനേകം തോടുകൾ പല ഭാഗങ്ങളിലും ഉണ്ട്. കൂടാതെ പീച്ചി ഡാമിൻെറ രണ്ടു ജലസേചന കനാലുകളും അവയുടെ ശാഖോപശാഖകളും ഉണ്ട്. ഇവയെ കൂടാതെ പൊതുകുളങ്ങളും പഞ്ചായത്തിൻെറ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നുണ്ട്. കുഴൽ കിണറുകളിൽ നിന്നുള്ള ജല ലഭ്യത കുറവാണ്.

## 1995 ലെ കാലാവസ്ഥ ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| ഏറ്റവും കൂടിയ ഊഷ്മാവ് | : | മാർച്ച് 24, ഏപ്രിൽ 4 (41°C) |
| ഏറ്റവും കുറഞ്ഞ ഊഷ്മാവ് | : | ജനുവരി 19, ഡിസംബർ 2, 3, 15, 16, 17 (18°C) |
| കൂടിയ ആപേക്ഷിക ആർദ്രത | : | ഒക്ടോബർ 30 (95%) |
| കുറഞ്ഞ ആപേക്ഷിക ആർദ്രത | : | നവംബർ 19 (21%) |
| ആകെ കിട്ടിയ മഴ | : | 2578.4 മി.മീ. |
| കൂടുതൽ മഴ കിട്ടിയ ദിവസം | : | ജൂലായ് 17 (142 മി.മീ.) |
| കൂടുതൽ മഴ ലഭിച്ച മാസം | : | ജൂലായ് (22 ദിവസം) |

## മണ്ണ്, ഭൂവിനിയോഗം, വിഭവങ്ങൾ

ഗ്നീസ് (Gneiss), ചാർണൊകൈറ്റ് (Charnockite) ഗ്രാനൈറ്റ് (Granite) മുതലായ പാറകൾ പൊടിഞ്ഞുണ്ടായ വെട്ടുകൽ മണ്ണാണ് (Latosol) ഇവിടെയുള്ളത്. താഴ്വാരങ്ങളും പുഴയോരങ്ങളും കളിമണ്ണും എക്കൽമണ്ണും എകൊണ്ട് സമ്പുഷ്ടമാണ്. വനത്തിലെ മണ്ണ് ജൈവാംശം കൂടുതലുള്ളതും അതീവ ഫലപുഷ്ടിയുള്ളതുമാണ്.

ഭൂവിസ്തൃതിയുടെ 41.5 ശതമാനം കാടും പീച്ചി ജലസംഭരണിയുമാണ്. അമ്ലസ്വഭാവമുള്ള മണ്ണ് കാണപ്പെടുന്ന ഇവിടത്തെ ഭൂമിയിൽ നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, റബർ, കമുക്, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയ വിളകളാണ് കൃഷിചെയ്തുവരുന്നത്. മലമ്പ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്ന റബർ മരങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട് എന്നത് എടുത്തു പറയാവുന്നതാണ്. നെൽകൃഷി സ്ഥലത്തിൻെറ വിസ്തീർണ്ണം കുറഞ്ഞു വരുന്നുണ്ടെന്നതും ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു വസ്തുതയാണ്. നെൽപ്പാടങ്ങൾ നികത്തി നാണ്യവിളകളുടെ കൃഷിക്കും കെട്ടിടനിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ട്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 37116 ഉള്ളതിൽ 18283 പുരുഷൻമാരും 18833 സ്ത്രീകളുമാണ്. പട്ടികജാതിയിൽപെട്ട 1686 പുരുഷൻമാരും 1719 സ്ത്രീകളും ഉൾപ്പടെ 3405 പേർ താമസിക്കുന്നു. പട്ടികവർഗ്ഗക്കാർ 760 പേർ ഉള്ളതിൽ 374 പുരുഷൻമാരും 386 സ്ത്രീകളും ഉണ്ട്. ജനസംഖ്യയിൽ 28485 പേർ സാക്ഷരരാണ്. ഇതിൽ 14540 പേർ പുരുഷൻമാരും 13945 പേർ സ്ത്രീകളും ആണ്.

മലയോരപ്രദേശമായ പാണഞ്ചേരി തൃശൂർ ജില്ലയുടെ കാർഷികമേഖലയാണെങ്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രശ്നം തന്നെയാണ്. വ്യവസായ സംരംഭങ്ങൾ വളരെ കുറവാണിവിടെ, സാധ്യതകളേറെയുണ്ടെങ്കിലും. തൊഴിലില്ലായ്മ നിലനിൽക്കുമ്പോഴും പല തൊഴിലുകൾക്കും വേണ്ടത്ര ആളുകളെ കിട്ടുന്നില്ല എന്ന വൈഷമ്യവും ജനങ്ങളെ അലട്ടുന്നുണ്ട്. കർഷകതൊഴിലാളികൾ കെട്ടിടനിർമ്മാണം, അനുബന്ധ സാമഗ്രികളുടെ ഉത്പാദനം തുടങ്ങിയ മേഖലകളിലേക്ക് മാറുന്നത് കാർഷിക ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് പഞ്ചായത്തിൽ ഒട്ടേറെ സാദ്ധ്യതകളുള്ളത്.

## ജൈവസമ്പത്ത്, ജൈവവൈവിദ്ധ്യം

പഞ്ചായത്തിലെ പ്രധാന കാർഷികവിളകൾ വിസ്തൃതി അവരോഹണക്രമത്തിൽ താഴെ പറയും പ്രകാരമാണ്: നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, റബർ, കമുക്, കുരുമുളക്, കശുമാവ്, പച്ചക്കറി, എള്ള്, മാവ്, പ്ലാവ് മുതലായവ. വിവിധയിനം നെല്ല് കൃഷിചെയ്തുവരുന്നതിൽ മിക്കവാറും എല്ലാം തന്നെ പുതിയ ഇനങ്ങളാണ്.

പഴയ, രോഗപ്രതിരോധശേഷിയും ഗുണനിലവാരവുമുള്ള നെൽവിത്തിനങ്ങൾ പഞ്ചായത്തിന് അന്യമായി കഴിഞ്ഞിരിക്കുന്നു. തെങ്ങുകൃഷിയിൽ കോമാടനും, വെസ്റ്റ് കോസ്റ്റ് ടോളും സങ്കരയിനങ്ങളും പ്രചാരത്തിലുണ്ട്. വാഴ ഈ പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയാണ്. ഈ വിളയിൽ നല്ലൊരളവിലുള്ള വൈവിദ്ധ്യവും നിലവിലുണ്ട്. നേന്ത്രൻ, പൂവൻ, പാളയൻകോടൻ, കണ്ണൻ, കദളി തുടങ്ങിയ നാടൻ ഇനങ്ങളോടൊപ്പം റോബസ്റ്റ് മുതലായ സങ്കരയിനങ്ങളും കൃഷി ചെയ്തുവരുന്നു. നാടൻ മരച്ചീനിയിനങ്ങൾ മിക്കവാറും അപ്രത്യക്ഷമായിക്കഴിഞ്ഞു. സങ്കരയിനങ്ങളാണ് ഒട്ടുമിക്കവാറും. മറ്റു കാർഷികവിളകളുടേയും സ്ഥിതി വ്യത്യസ്തമല്ല. കൃഷിവകുപ്പുപോലും മേന്മയേറിയ ചീരയിനമായി പ്രചരിപ്പിക്കുന്നത് 'കണ്ണാറ ലോക്കൽ' ആണെന്നത് അഭിമാനകരമാണ്. 'മുടിക്കോട് ലോക്കൽ' എന്നയിനം വെള്ളരിക്കയും പ്രസിദ്ധമാണ്. (കണ്ണാറയും മുടിക്കോടും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്).

ജന്തുസമ്പത്തിൻെറ സ്ഥിതിയും സസ്യങ്ങളുടേതുപോലെയാണ്. ഉത്പാദനം കുറവാണെങ്കിലും ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ തന്നിരുന്ന, രോഗപ്രതിരോധശേഷിയും പരിസ്ഥിതിക്കനുയോജ്യവുമായ നാടൻ ഇനങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. നാടൻ കന്നുകാലികൾ തുലോം വിരളമാണ്. കൂടുതൽ പാൽ നൽകുന്ന സങ്കരയിനങ്ങളോടാണ് ജനങ്ങൾക്ക് പ്രിയം. സങ്കരവൽക്കരണത്തിൽ നിന്നും അല്പമെങ്കിലും രക്ഷപ്പെട്ടു നില്ക്കുന്നത് ആടുവർഗ്ഗമാണ്. കോഴി, താറാവ് ഇവയുടെ കാര്യവും ഏതാണ്ട് ഇതുപോലെയാണ്.

പീച്ചി വന്യമൃഗസങ്കേതത്തിൻെറ വനപ്രദേശങ്ങൾ ഉൾപ്പെട്ട പഞ്ചായത്തിലെ കാടുകൾ വൈവിദ്ധ്യമാർന്ന ആവാസവ്യവസ്ഥകളാൽ സമ്പുഷ്ടമാണ്. അർദ്ധനിത്യ ഹരിതവനങ്ങൾ ആർദ്ര ഇലപൊഴിയും കാടുകൾ, ഇലപൊഴിയും കാടുകൾ, പുൽമേടുകൾ, വിവിധയിനം മരങ്ങളുടെ തോട്ടങ്ങൾ ഇവയാണ് ഇവിടെ കാണുന്ന ആവാസ വ്യവസ്ഥകൾ. സഹ്യപർവ്വതനിരകളിൽ കാണപ്പെടുന്ന വിവിധയിനം സസ്യങ്ങളിൽ എണ്ണൂറോളം ഇനങ്ങൾ ഇവിടെനിന്നും കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ അത്യപൂർവ്വമായ പലയിനങ്ങളും ഉണ്ട്. 170 ഇനം ഔഷധസസ്യങ്ങൾ ഇവിടെയുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പീച്ചി വനപ്രദേശത്തുമാത്രം അഞ്ചിന പ്രത്യേകസസ്യങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പാലിയുടെ ഇനത്തിൽ വരുന്ന Palaquim ravit, കാരകിലിൻെറ വിഭാഗത്തിൽപെട്ട Agelaiae malabarica എന്നീ മരങ്ങളും കുറ്റിച്ചെടികളായ Tarenna Trichurensis, Ardisia Stonei, Orphea malabarica എന്നിവയും ഇവിടെ മാത്രം കാണുന്ന സസ്യങ്ങളാണെന്ന് പീച്ചി വനഗവേഷണകേന്ദ്രത്തിൻെറ റിപ്പോർട്ടിൽ കാണുന്നു. ജന്തുവർഗ്ഗങ്ങളുടെ കാര്യത്തിലും ഈ പ്രദേശം സമ്പന്നമാണ്. ഇരുപത്തഞ്ചിനം സസ്തനികൾ ഇവിടെയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ വംശനാശ ഭീഷണി നേരിടുന്നവയും പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്നതുമായ കരിങ്കുരങ്ങ്, കുട്ടിത്തേവാങ്ക്, വരയാട് എന്നിവ പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

നൂറ്റി എഴുപത്തേഴിനം പക്ഷികളെ ഇവിടെനിന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. കൊറ്റി, നീർകാക്ക, പരുന്ത്, തുന്നാരൻ പക്ഷി എന്നിവ സർവ്വസാധാരണമാണ്. ഇരുപത്തഞ്ചിനം ദേശാടനപ്പക്ഷികൾ ഇവിടെ കണ്ടുവരുന്നു. വംശനാശഭീഷണി നേരിടുന്ന അത്യപൂർവ്വമായ മാക്കച്ചിക്കാട കാണപ്പെടുന്ന അപൂർവ്വം സ്ഥലങ്ങളിൽ ഒന്നാണ് പീച്ചി വനപ്രദേശം.

ഉരഗവർഗ്ഗത്തിൽ പെട്ട ധാരാളം ജീവികൾ ഇവിടെയുണ്ട്. എട്ട് ഉഭയജീവികളേയും ഏകദേശം ഇരുപത്തഞ്ചിനം ഉരഗജീവികളേയും ഇവിടെനിന്നും കണ്ടെത്തിയിട്ടുണ്ട്. മലമ്പാമ്പ്, രാജവെമ്പാല, ഉടുമ്പ് എന്നിവ പ്രത്യേകം എടുത്തുപറയാവുന്നവയാണ്. പതിനാറിനത്തിൽപെട്ട മത്സ്യങ്ങളേയും തിരിച്ചറിഞ്ഞിട്ടുണ്ട്. കണത്തോൻ, കുറുവ, മണലാരോൻ, വരാൽ, കാരി, മുശു, വാള, വട്ടോൻ, ചെറുമീൻ എന്നിവ ഇവിടെ സർവ്വസാധാരണമാണ്. റോഹു, കട്ല, മൃഗാല, തിലോപ്പിയ എന്നിവ ജലസംഭരണിയിൽ കാണപ്പെടുന്നു. വൈവിധ്യമാർന്ന ചിത്രശലഭങ്ങളും നിശാശലഭങ്ങളും ഉൾപ്പെട്ട ധാരാളം ഷഢ്പദങ്ങളും ഇനിയും പഠനവിധേയമാകാത്ത അകശേരു ജീവികളും വിവിധയിനം ആവാസ വ്യവസ്ഥകളും ഈ പഞ്ചായത്തിൽ കാണപ്പെടുന്നു.

അദ്ധ്യായം 4 (1)

# കൃഷി, ജലസേചനം, വനം

## കൃഷി

മുപ്പത്തയ്യായിരത്തിലധികം ഏക്കർ വിസ്തൃതിയിൽ പശ്ചിമഘട്ട മലനിരകളോട് ചേർന്നുകിടക്കുന്ന ഈ പഞ്ചായത്ത് വിവിധയിനം കാർഷിക വിളകൾക്ക് അനുയോജ്യമായ മണ്ണുകൾ നിറഞ്ഞ പ്രദേശമാണ്. കാർഷിക കാലാവസ്ഥാഭൂപടത്തിൽ ഉയർന്ന പ്രദേശങ്ങൾ എന്ന് തരംതിരിക്കപ്പെട്ടിട്ടുള്ള ഈ സ്ഥലത്തിൻെറ 41% ഭാഗവും (14579 ഏക്കർ) കാടുകളും പീച്ചി പദ്ധതി പ്രദേശങ്ങളുമാണ്. കോവിലകത്തിൻെറയും, എടക്കുന്നി വാരിയം, കീരൻകുളങ്ങര വാരിയം, കണ്ണാറയിലെ മാരാർ എന്നീ ജന്മിമാരുടെയുമൊക്കെ അധീനതയിലായിരുന്നു പഴയ കാലത്ത് നെൽകൃഷി ചെയ്തിരുന്ന പ്രദേശങ്ങളിൽ സിംഹഭാഗവും. വാണിയമ്പാറയിൽ കാണുന്ന ആയിരത്തോളം ഏക്കർ റബർ തോട്ടം പഴയ കാലത്ത് കൊച്ചി രാജകുടുംബം വകയായിരുന്നു. ജന്മിമാരുടെ ഭൂമി കൃഷിചെയ്തിരുന്ന പ്രമുഖ കർഷകരായിരുന്നു മൊയ്തീൻഷാ, കല്ലൂക്കാരൻ , ഓട്ടീസ്, തോട്ടാൻ തുടങ്ങിയവർ.

പട്ടിക്കാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഓട്ടീസ് ഓർച്ചാഡ്സ് എന്ന സ്ഥാപനം നാനാജാതി ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ എന്നിവയുടെ തൈകൾ ശാസ്ത്രീയമായി വികസിപ്പിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തിരുന്നു. വിദൂരദേശങ്ങളിൽ നിന്നുപോലും ഈ നഴ്സറി അന്വേഷിച്ച് ആളുകൾ എത്തുക പതിവായിരുന്നു.

തവളക്കണ്ണൻ, ചെമ്പാവ്, ചീര, ചിറ്റ്യാനി, രാജായ്മ, കുട്ടാടൻ, വെളുത്തിരകയ്മ എന്നിവയായിരുന്നു പഴയ കാലത്തെ മുഖ്യ നെല്ലിനങ്ങൾ. ഇവയിൽ കൂടുതൽ വിളവ് നൽകിയിരുന്നത് രാജായ്മ എന്ന ഇനമാണ്. ജലസേചന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ മോഡൻ എന്ന വിത്തിനം മഴയെ ആശ്രയിച്ച് ചെരിവുസ്ഥലങ്ങളിൽ പോലും കൃഷി ചെയ്തിരുന്നു. ജലസേചനസൗകര്യമുള്ളിടങ്ങളിൽ മൂന്ന് പൂവ് കൃഷി നടത്തിയിരുന്നു. കീടബാധയിൽ നിന്ന് നെല്ലിനെ രക്ഷിക്കാൻ ഒടുകിൻെറ ഇല, ഈന്തിൻപൂവ് മുതലായവയാണ് ഉപയോഗിച്ചിരുന്നത്. വേപ്പിൻ കഷായം, പുകയില കഷായം എന്നിവ തളിച്ച് രോഗങ്ങളകറ്റാൻ കർഷകർ ശ്രമിച്ചിരുന്നത് എടുത്തുപറയാവുന്നതാണ്. കീടങ്ങളെ പെറുക്കിയും കുട്ട കൊണ്ടു കോരിയും മുള്ളുകൊണ്ട് വലിച്ചും തീപന്തം നാട്ടിയും മറ്റും വകവരുത്തുന്ന മാർഗ്ഗങ്ങളും അവലംബിച്ചിരുന്നു. ചവറ്, ചാണകം, ചാരം തുടങ്ങിയ ജൈവവളങ്ങളാണ് കൃഷിക്കുപയോഗിച്ചിരുന്നതെന്നതുകൊണ്ട് 40 മേനി വരെ വിളവ് ലഭ്യമായിരുന്നു.

ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലായതോടെ കൃഷിഭൂമി കൃഷിക്കാരനിൽ വന്നു ചേർന്നു. ഭൂനിയമത്തിൽ വന്ന ഈ മാററവും പീച്ചി ഡാമിൻെറ നിർമ്മാണവും കാർഷികോത്പാദനത്തിൽ ഒരു വൻവളർച്ചക്കു വഴി തുറന്നു. ഡാമിൻെറ പണിക്കുവേണ്ടി വന്നവരിൽ നല്ലൊരു ഭാഗം ഇവിടെ താമസമാക്കിയ കാലഘട്ടത്തിൽ തന്നെ കൊച്ചി തിരുവിതാംകൂർഭാഗങ്ങളിൽ നിന്നുള്ളവരുടെ കൃഷിയിടങ്ങൾ തേടിയുള്ള അന്വേഷണം വൻതോതിലുള്ള കുടിയേറ്റത്തിലേക്കു നയിച്ചു. ഇങ്ങനെ കുടിയേറി വന്നവർ മരച്ചീനി, കശുമാവ്, തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നീ വിളകളുടെ കൃഷി വിപുലമാക്കി. വന്യമൃഗങ്ങളോടും മലമ്പനി തുടങ്ങിയ മാരകരോഗങ്ങളോടും പൊരുതികൊണ്ടാണ് പരിമിതമായ ജീവിത സാഹചര്യങ്ങളിൽ ഇവർ കഴിഞ്ഞുകൂടിയിരുന്നത്. നാണ്യവിളകൾ കൂടാതെ ചേന, ചേമ്പ്, കാച്ചിൽ ഇഞ്ചി, എള്ള്, ചാമ, കൂർക്ക, പയർ എന്നിവയും കൃഷി ചെയ്തിരുന്നു. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ നേന്ത്രവാഴകൃഷിയും പതിവായിരുന്നു.

സംസ്ഥാനത്തിലെ ആളോഹരി കൃഷി ഭൂമി 0.07 ഹെക്ടറായിരിക്കെ 0.2 ഹെക്ടറാണ് പഞ്ചായത്തിലേത്. വികസനബ്ലോക്കുകൾ കൃഷിക്കാർക്ക് ഉപദേശങ്ങളും വിത്ത് വള സാമഗ്രികൾ എന്നിവയും എത്തിക്കാൻ തുടങ്ങിയതോടെ കാർഷികരംഗത്ത് പുതിയ അറിവുകൾ ദ്രുതഗതിയിലുള്ള മാറ്റം വരുത്തിത്തുടങ്ങി. തികച്ചും അപരിചിതവും അന്യവുമായ ഇത്തരം അറിവുകൾ രാസവളങ്ങളുടെയും രോഗകീടനാശിനികളുടെയും അമിതവും അശാസ്ത്രീയവുമായ പ്രയോഗത്തിലേക്ക് കർഷകരെ നയിച്ചു. കാർഷികവൃത്തി കൂടുതൽ സങ്കീർണ്ണമായി. പുതിയ ജനുസ്സുകളുടെ കൃഷിക്ക് യന്ത്രവത്കരണം കൂടുതൽ അനുയോജ്യമെന്ന് തോന്നിയതിനാൽ 1963 കാലഘട്ടത്തിൽ ട്രാക്ടറും ഈ പഞ്ചായത്തിൽ ഉപയോഗിക്കാൻ തുടങ്ങി. 1980 ൽ എലാ ഓഫീസുകളും 1983 ൽ പരിശീലന സന്ദർശന പരിപാടിയും 1987 ൽ കൃഷിഭവനുകളും ആരംഭിച്ചു. ഇതേത്തുടർന്ന് ഗ്രൂപ്പു ഫാമിങ്ങ് സമ്പ്രദായവും നിലവിൽവന്നു. കൃഷി ഉദ്യോഗസ്ഥരും കൃഷിക്കാരും തമ്മിൽ അടുത്ത ബന്ധം പുലർത്തുക വഴി ആധുനിക കൃഷി രീതിയെകുറിച്ചുള്ള വിജ്ഞാനം അപ്പപ്പോൾ കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്നു. സംഘം വഴി കൂട്ടായ കൃഷിപ്പണികളും വളപ്രയോഗവും മരുന്നു തളിയും നിർവ്വഹിക്കുന്നതുകൊണ്ട് കൃഷിച്ചിലവും കൃഷിനാശവും ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞു. കർഷക ദിനാചരണവും അവാർഡ് ദാനവും മറ്റും കൃഷിക്കാർക്ക് പ്രോത്സാഹനവും ആകുന്നുണ്ട്.

## വിള ചേരുവ

ഇപ്പോഴത്തെ മുഖ്യവിളകൾ നെല്ല്, തെങ്ങ്, നേന്ത്രവാഴ, മരച്ചീനി, കവുങ്ങ്, റബർ, കുരുമുളക്, കശുമാവ് തുടങ്ങിയവയാണ്. കൃഷിസ്ഥലത്തിന്റെ കിടപ്പനുസരിച്ചും ജലസേചന സൗകര്യങ്ങളെ കണക്കിലെടുത്തും വിവിധതരം വിത്തുകൾ കൃഷിചെയ്യുന്നു. മുണ്ടകൻ കൃഷി കഴിഞ്ഞ് പാടങ്ങളിൽ പച്ചക്കറികൾ കൃഷി ചെയ്തുവരുന്നു. വാഴകൃഷികൾക്ക് ശേഷം മരച്ചീനിയും കൃഷി ചെയ്യാറുണ്ട്. മരച്ചീനിയുടെ ഇടവിളയായി പയറു വർഗ്ഗങ്ങൾ, മത്ത, കുമ്പളം, വെള്ളരി എന്നിവയും കൃഷി ചെയ്യാറുണ്ട്. തെങ്ങ്, കവുങ്ങ് തോട്ടങ്ങളിൽ വാഴ കൂടാതെ ദീർഘകാല നാണ്യ വിളകളായ ജാതി, ഗ്രാമ്പു, കൊക്കോ, കുരുമുളക് എന്നിവയും നട്ടുവളർത്താറുണ്ട്.

**കാർഷിക വിളകളുടെ ഉല്പാദന ക്ഷമത**

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം ( ടൺ) | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് | 1885 ഹെക്ടർ | 5291 | 8450 കി.ഗ്രാം. |
| പയർ | 50 „ | 37.5 | 750 „ |
| എള്ള് | 20 „ | 15 | |
| പച്ചക്കറികൾ | 50 „ | 250 | 510 „ |
| തെങ്ങ് | 1050 „ | 14280000 എണ്ണം | 13600 എണ്ണം |
| വാഴ | 500 „ | 8000 എം.ടി.എം | 16000 കി.ഗ്രാം |
| മരച്ചീനി | 350 „ | 7000 „ | 20 എം.ടി.എം. |
| കുരുമുളക് | 150 „ | 48 „ | 320 കെ.ജി |
| കശുമാവ് | 110 „ | 104.5 „ | 950 കി.ഗ്രാം. |
| മാവ് | 20 „ | 87 „ | 4350 കി.ഗ്രാം. |
| റബ്ബർ | 250 „ | 162.5 „ | 650 കി.ഗ്രാം. |
| കവുങ്ങ് | 210 „ | 4.725 കോടി എണ്ണം | 225000 എണ്ണം |

**തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് നമ്പർ | തെങ്ങുകൃഷി വിസ്തീർണ്ണം | കായ്ക്കാത്ത തെങ്ങുകൾ | കായ്ക്കുന്ന തെങ്ങുകൾ | ആകെ |
|---|---|---|---|---|
| 1 | 48 ഹെക്ടർ | 4320 | 8040 | 12360 |
| 2 | 56 „ | 5027 | 9000 | 14027 |
| 3 | 70 „ | 6320 | 11200 | 17520 |
| 4 | 61 „ | 7247 | 8100 | 15347 |
| 5 | 92 „ | 8035 | 15100 | 23135 |
| 6 | 92 „ | 9107 | 14000 | 23107 |
| 7 | 74 „ | 8420 | 10220 | 18640 |
| 8 | 116 „ | 12440 | 16681 | 29121 |
| 9 | 63 „ | 6216 | 9643 | 15859 |
| 10 | 141 „ | 9420 | 26070 | 35490 |
| 11 | 81 „ | 8312 | 12050 | 20262 |
| 12 | 37 „ | 2540 | 6781 | 9321 |
| 13 | 80 „ | 9432 | 10510 | 19942 |
| 14 | 97 „ | 8532 | 15800 | 24332 |
| ആകെ | | | | 2,78,563 |

പുതിയ വിത്തിനങ്ങളും രാസവള കീടനാശിനികളും ഉപയോഗിച്ച് തുടങ്ങിയ കാലഘട്ടത്തിൽ ഉല്പാദന ക്ഷമത വളരെയേറെ വർദ്ധിക്കുകയുണ്ടായെങ്കിലും വർഷങ്ങൾ കഴിയും തോറും കുറഞ്ഞുവരുന്നതായാണ് കർഷകർ അഭിപ്രായപ്പെടുന്നതും കണക്കുകൾ വെളിപ്പെടുന്നതും. അത്യുത്പാദന ശേഷിയുള്ള ഇനങ്ങളുടെ അനുപേക്ഷണീയ ഘടകങ്ങളായ രാസവളം കീടനാശിനി, കളനാശിനി എന്നിവയുടെ അമിതപ്രയോഗം, ജൈവവളങ്ങളുടെ കുറഞ്ഞ ഉപയോഗം എന്നിവ മണ്ണിൻെറ നാശത്തിനും അമ്ലത്വവർദ്ധനവിനും ഇടയായതിനാൽ ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

## കാർഷിക ബന്ധങ്ങൾ

35088 ഏക്കർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 25 സെൻറിൽ താഴെ ഭൂമിയുള്ളവരാണ് കൂടുതലും. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകർ പരിമിതമാണ്. ഒന്നായി കിടന്നിരുന്ന കൃഷി ഭൂമികൾ തുണ്ടുകളായി മാറിയിരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്ന് കാണുന്നത്.

**ഭൂവിതരണം**

| | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മീതേ |
|---|---|---|---|---|---|---|---|
| പാണഞ്ചേരി വില്ലേജ് | 1818 | 900 | 590 | 643 | 106 | 152 | 8 |
| പീച്ചി വില്ലേജ് | 329 | 2288 | 843 | 1061 | 949 | 857 | 56 |
| ആകെ | 2147 | 3188 | 1433 | 1704 | 1055 | 1009 | 64 |

സ്വന്തമായി കൃഷിഭൂമിയിൽ പണിയെടുക്കുന്നവരുടെ എണ്ണം ദിനം പ്രതി കുറഞ്ഞുവരുന്നതായി കാണുന്നു. കാർഷികവൃത്തിയിൽ നിന്നും കിട്ടുന്ന പരിമിതമായ ആദായം നിത്യവൃത്തിക്ക് പര്യാപ്തമല്ലാത്തതിനാൽ അവർ കൂടുതൽ ആദായകരമായ തൊഴിൽ മേഖല തേടി പോകുന്നു. ഏകദേശം 20% കർഷകർ സ്വന്തം കൃഷിഭൂമിയിൽ പണിയെടുത്ത് കുടുംബ സന്ധാരണം നടത്തുന്നവരാണ്. അവരുടെ ജീവിതം ദുരിത പൂർണ്ണവുമാണ്. കാർഷികാവശ്യത്തിന് വേണ്ടത്ര കർഷക തൊഴിലാളികളെ കിട്ടുന്നില്ല. കാർഷികവൃത്തിയിൽ നിന്നും കിട്ടുന്ന വേതനം തൊളിലാളികളുടെ ജീവിതാവശ്യങ്ങൾക്ക് മതിയാകുന്നില്ല. തൊഴിൽ സ്ഥിരതയില്ലാത്തതും മാന്യതക്കുറവാണെന്ന ധാരണയും മറ്റു തൊഴിൽ മേഖലകൾ തേടിപ്പോകുന്നതിന് കാരണമാകുന്നു.

## കൂലി സേവന വ്യവസ്ഥകൾ

കർഷക തൊഴിലാളികൾക്ക് വ്യത്യസ്തമായ കൂലി നിരക്കുകളാണ് നിലവിലുള്ളത്. പഞ്ചായത്ത് തലത്തിൽ ഇപ്പോൾ ഏകീകരിച്ച വേതന നിരക്കില്ല.

**കൂലി നിരക്കുകൾ (രൂപയിൽ)**

| ഇന വിവരം | പുരുഷൻ | സ്ത്രീ |
|---|---|---|
| പാടത്ത് പണി | 100 | 60 |
| പറമ്പ് പണി | 100 | 60 |
| തേങ്ങ ഇടുവാൻ തെങ്ങൊന്നിന് | 3 | |
| തെങ്ങ് ഒരുക്കി കുലകെട്ടാൻ ,, | 6 | |
| തേങ്ങ പൊതിക്കാൻ 100 എണ്ണം | 10 | |
| അടക്ക വലിച്ച് പൊഴിക്കാൻ 10 കി. ഗ്രാം. | 25 | |
| കൊട്ടടക്ക പൊളിക്കാൻ 10 കി. ഗ്രാം | 20 | 20 |
| റബ്ബർ വെട്ടി ഷീററ് അടിക്കാൻ 100 മരം | 25 | 25 |
| നെല്ല് കൊയ്യാൻ പതമ്പ് | അഞ്ചിൽ ഒരു ഭാഗം | അഞ്ചിൽ ഒരു ഭാഗം |
| ഇഞ്ചി ചുരണ്ടാൻ 10 കി. ഗ്രാം | | 5 |

കർഷക തൊഴിലാളികൾ വാർദ്ധക്യ സഹജമായ കാരണത്താൽ ജോലിയെടുക്കാൻ കഴിയാതെ പിരിഞ്ഞു പോകുന്ന സാഹചര്യത്തിൽ കൃഷിക്കാരിൽ നിന്നും പ്രത്യേക സേവനാനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. എന്നിരുന്നാലും കൃഷിക്കാരൻെറ മനഃസ്ഥിതിയനുസരിച്ച് പാരിതോഷികം കൊടുക്കാറുണ്ട്. ക്ഷേമനിധി, ക്ഷേമപദ്ധതി തുടങ്ങിയ ആനുകൂല്യങ്ങൾ ഇവർക്കുണ്ടെങ്കിലും അർഹതപ്പെട്ട മുഴുവൻ പേരും ഇപ്പോഴും ചേർന്നിട്ടില്ല.

## വള പ്രയോഗം

പാണഞ്ചേരി പഞ്ചായത്തതിർത്തിക്കുള്ളിൽ സഹകരണ മേഖലയിൽ അഞ്ചും സ്വകാര്യ മേഖലയിൽ നാലും രാസവള വിപണനകേന്ദ്രവും കൂടാതെ 11 കീടനാശിനി വില്പനശാലയും ഉണ്ട്. 80% കൃഷിക്കാരും രാസവളമാണ് ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ വളപ്രയോഗരീതി കൃഷി ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ എല്ലാ ഭാഗത്തേക്കും ഇതിൻെറ ഗുണം പൂർണ്ണമായും കിട്ടുന്നില്ല. അതിനാൽ മണ്ണിൻെറ ഗുണനിലവാരമനുസരിച്ചുള്ള വളപ്രയോഗമല്ല നടക്കുന്നത്. കർഷകർക്ക് കൃഷിരീതിയേയും വളപ്രയോഗത്തേയും സംബന്ധിച്ച് വേണ്ടത്ര ബോധവത്ക്കരണം ലഭിക്കാത്ത സ്ഥിതിയാണ്. ഇതുമൂലം കൃഷിച്ചെലവിൽ അനാവശ്യമായ വർദ്ധനവ് ഉണ്ടാകുന്നു. കൂടാതെ കൃഷിനാശം സംഭവിക്കുന്നു. മണ്ണുപരിശോധനക്കുള്ള സൗകര്യം കൃഷി ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടെങ്കിലും കൂടുതൽ കർഷകരും ഈ ആവശ്യവുമായി മുന്നോട്ടുവരുന്നില്ല. കൃഷിഭവൻെറ കീഴിലുള്ള പാടശേഖര സമിതികൾ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും പ്രവർത്തിക്കുന്നു. ജൈവവള പ്രയോഗം മൊത്തത്തിൽ 20% മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. വ്യവസായാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ജൈവവള വിപണന കേന്ദ്രങ്ങൾ ഇല്ല. ജൈവവള ഉല്പാദനത്തിന് കൃഷി ഭവൻ മുഖേന ശരിയായ പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും കൂടുതൽ കർഷകർക്ക് ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. ജൈവവളങ്ങളുടെ ഉപയോഗക്കുറവ് മണ്ണിലെ സൂക്ഷ്മാണുജീവികളെ ഇല്ലാതാക്കുന്നതുമൂലം മണ്ണിൻെറ പോഷക ഘടന നശിച്ചുകൊണ്ടിരിക്കുന്നു. അമ്ലത്വം കൂടുതലുള്ള മണ്ണിൽ കുമ്മായം ചേർക്കുന്നതിന് കർഷകനു സഹായകമായ രീതിയിൽ കുമ്മായച്ചൂള സ്വകാര്യ ഉടമസ്ഥതയിൽ ഒന്നുമാത്രമേ നിലവിലുള്ളൂ.

കൃഷിയിടങ്ങളിൽ കീടനാശിനി ഉപയോഗിക്കുമ്പോൾ വേണ്ടത്ര മുൻ കരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണുന്നില്ല. അതിൻെറ ഉപയോഗരീതിയും അളവും സംബന്ധിച്ച് കൃഷിക്കാരന് ശരിയായ അറിവ് ഇല്ല. എന്നത് ഇതിനൊരു കാരണമാണ്. പഞ്ചായത്തിൽ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി, പച്ചക്കറി, കുരുമുളക്, റബർ എന്നീ വിളകൾക്ക് മുഖ്യമായും കീടനാശിനികളും രോഗനാശിനികളും ഉപയോഗിക്കുന്നു. ഇന്നും കുരുമുളകിൻെറ ദ്രുതവാട്ടത്തിനും കമുകിൻെറ മാഹാളി രോഗത്തിനും തെങ്ങിൻെറ കാറ്റു വീഴ്ചക്കും ഒരു പ്രതിവിധിയും ഉണ്ടായിട്ടില്ല. കമുക് കൃഷി ഈ പഞ്ചായത്തിൽ പൂർണ്ണമായി തന്നെ നശിച്ചുകൊണ്ടിരിക്കുന്നു. വാഴയെ ബാധിച്ചിരിക്കുന്ന ചെള്ള് രോഗം കൂമ്പടപ്പ് രോഗം ഇവമൂലം കർഷകന് ഭീഷണി നേരിട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലെ രാസവളകീടനാശിനി വിപണനം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| സംഘം/സ്വകാര്യ സ്ഥാപനം | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം ടൺ | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം ടൺ | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| വിലങ്ങന്നൂർ സ. സ. ബാങ്ക്, പട്ടിക്കാട് | | | | | | | | | |
| „ ചുവന്നമണ്ണ് ബ്രാഞ്ച് | | | | | | | | | |
| „ വാണിയമ്പാറ ബ്രാഞ്ച് | 205 ടൺ | 180 ലി | 400 കി. ഗ്രാം | 235 ടൺ | 210 ലി | 385 കി.ഗ്രാം | 188 ടൺ | 140 ലി | 710 കി.ഗ്രാം |
| „ വിലങ്ങന്നൂർ ബ്രാഞ്ച് | | | | | | | | | |
| വിലങ്ങന്നൂർ സ. സ. ബാങ്ക് | | | | | | | | | |
| കെ.സി. ജോസ്, ചെമ്പൂത്ര | | | | | | | | | |
| അഗ്രോ, പട്ടിക്കാട് | | | | | | | | | |
| ലക്ഷ്മി ഏജൻസീസ് കണ്ണാറ | 60 ടൺ | 25 ലി | 75 കി.ഗ്രാം | 80 ടൺ | 40 ലി | 90 കി.ഗ്രാം | 63 ടൺ | 30 ലി | 28 കി.ഗ്രാം |
| കെ.വി. വർഗ്ഗീസ് മാരായ്ക്കൽ | | | | | | | | | |

## കാർഷിക ഉപകരണങ്ങൾ

മുൻ കാലങ്ങളിൽ ഈ പഞ്ചായത്തിൽ കാളകളെ ഉപയോഗിച്ച് കലപ്പ കൊണ്ടാണ് നിലം ഉഴുതിരുന്നത്. ഇന്ന് 95% കൃഷിപ്പണികളും ട്രാക്ടർ, ട്രില്ലർ എന്നീ യന്ത്രോപകരണങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്. പാടശേഖര കമ്മറ്റികൾക്ക് കൃഷിഭവൻ മുഖേന 6 ട്രാക്ടർ, 5 ടില്ലർ, 22 കലപ്പ, 32 റോക്കർ സ്പ്രേയർ, 33 നാപ്പ്സാക്ക് സ്പ്രേയർ, 3 മെതിയന്ത്രം, 2 തെങ്ങ് കയറ്റ യന്ത്രം എന്നീ കാർഷിക യന്ത്രോപകരണങ്ങൾ സൗജന്യ വിലയ്ക്ക് നൽകിയിട്ടുണ്ട്.

## കാർഷിക വായ്പ

ഈ പഞ്ചായത്തിൽ വായ്പ സൗകര്യം പരിമിതമാണ്. രണ്ട് ദേശസാൽകൃത ബാങ്കുകളും, ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു സഹകരണ ബാങ്കും, ഒരു സഹകരണ സംഘവും ഉണ്ട്. S.B.T., ഭൂപണയ ബാങ്ക് തുടങ്ങിയ ബാങ്കുകളും കാർഷിക വായ്പസൗകര്യം ലഭിക്കുന്നുണ്ട്.

ആധാര പഞ്ചായത്തിന്മേൽ സഹകരണ ബാങ്കിൽ നിന്നും ഒരു ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർക്ക് 25000 രൂപ വായ്പയായി കൊടുക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ കർഷകരിൽ നല്ലൊരു വിഭാഗം സ്വന്തമായി പട്ടയഭൂമി യില്ലാത്തവരാണ്. ഇവർക്ക് ബാങ്കുകളിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കാർഷിക വായ്പകൾ ല ഭിക്കുന്നില്ല.

## കൃഷിഭവൻ

ഈ പണയത്തിൽ 1987 കാലഘട്ടത്തിൽ കൃഷിഭവൻ നിലവിൽ വന്നു. കൃഷിഭവൻ വഴി ഗ്രൂപ്പ് ഫാമിംഗ് കൃഷി സമ്പ്രദായം ആരംഭിച്ചു. ഗ്രൂപ്പ് ഫാമിങ്ങ് കൊണ്ട് കൂട്ടായി കൃഷിപണികളും വളപ്രയോഗവും മരുന്നുതളിയും നടത്തിയതുകൊണ്ട് കൃഷിച്ചിലവ് ഒരു പരിധിവരെ പിടിച്ചു നിർത്തുവാൻ കഴിഞ്ഞു. ഈ പഞ്ചായത്തിൽ ഒരു സീഡ് ഫാം പ്രവർത്തിക്കുന്നുണ്ട്. വിസ്തൃതി കൂടുതലുള്ള പഞ്ചായത്തായതിനാൽ ഇവയുടെ പ്രവർത്തനം എല്ലാ ഭാഗങ്ങളിലേയും കർഷകർക്ക് വേണ്ട വിധം ലഭിച്ചിട്ടില്ല. കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കൃഷിക്കാർക്ക് ലഭിക്കേണ്ടതുണ്ട്.

# ജലസേചനം

ജലസേചനം

| പേര് | നീളം കി.മീ. | ആയക്കെട്ട് ഹെക്ടർ |
|---|---|---|
| വഴുക്കുംപാറ ബ്രാഞ്ച് കനാൽ | 4.1 | 88.6 |
| തെക്കുംപാടം ബ്രാഞ്ച് കനാൽ | 1.4 | 80.5 |
| പട്ടിക്കാട് ബ്രാഞ്ച് കനാൽ | 5.2 | 217 |
| മുടിക്കോട് ബ്രാഞ്ച് കനാൽ | 7.0 | 109.4 |
| കൂട്ടാല ബ്രാഞ്ച് കനാൽ | 6.3 | 187 |
| വലതു മെയിൻ കനാൽ | 27.0 | 901.66 |
| ഇടതു മെയിൻ കനാൽ | 8.5 | |

കാർഷിക രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ കടന്നുവരുന്നതിനു വളരെ മുമ്പ്തന്നെ അനുഭവജ്ഞാനമുള്ള കർഷകർ ജലസേചന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പു തന്നെ വെള്ളാനിമ ലയിലെ വെള്ളരിക്കുളത്തിൽ നിന്ന് രണ്ടുമൂന്നു കുന്നുകളുടെ ഓരം വഴി വെള്ളം തിരിച്ചു കൊ ണ്ടുവന്ന് താഴെ ഓട്ടീസിന്റെ കൈവശമിരുന്ന കോവിലകം വക കൃഷിഭൂമിയിൽ ജലസേചനം ന ടത്തിയിരുന്നു എന്നത് ഇന്നത്തെ തലമുറക്ക് വിസ്മയമായേക്കാം. മണലിപുഴയിലെ ജലപ്രവാ ഹത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തി അവിടെ എരപ്പൻപാറ കെട്ട് എന്നറിയപ്പെടുന്ന ചെറിയ അണക്കെട്ട് നിർമ്മിച്ച് മു ന്നൂറ്റി അമ്പതോളം ഏക്കർ വരുന്ന വിസ്തൃതമായ കൃഷിഭൂമിയിൽ ജലസേചനം നടത്തിയ കൊട്ടിലിലെ മാരാരുടെ കാർഷിക രംഗത്തെ നേട്ടങ്ങൾ ആധുനിക തലമുറക്ക് അനുഭവ പാഠമാകേണ്ടതാണ്. 1800 പറ നെല്ലു കിട്ടിയിരുന്ന വയ ലുകളിൽ നിന്ന് 18000 പറ വരെ ഉല്പാദിപ്പിക്കുവാൻ ജലസേചനം വഴി മാരാർക്ക് കഴിഞ്ഞു. കാലവർഷവും (ജൂൺ മുത ൽ ആഗസ്റ്റ് വരെ) തുലാവർഷവും ആശ്രയിച്ചാണ് പഞ്ചായത്തിൽ കൃഷി ചെയ്ത് പോരുന്നത്. 1584 ഹെക്ടർ സ്ഥ ലത്ത് ജലസേചനം നടത്തുന്നതിന് പീച്ചി ഡാമിലെ വെള്ളം ഉപയോഗിക്കുന്നു. കൂടാതെ മണലിപ്പുഴയിൽ 4 ചെക്കു ഡാമുകൾ ഉണ്ടാക്കിയതിനാൽ അതിൽ നിന്ന് വെള്ളം പമ്പ് ചെയ്തും കൈചാലുകൾ വഴിയും ജലസേചനം നടത്താൻ കഴിയുന്നു.

ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വിഭവ ഭൂപടമനുസരിച്ച് സ്ഥിരമായി വറ്റാത്ത 1305 കിണറുകളും ഭാഗിക മായി ജലമുള്ള 536 കിണറുമടക്കം 1841 കിണറുകൾ നിലവിൽ ഉണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള 14 കുളങ്ങൾ ഈ പ്രദേശങ്ങളെ ഒരു പരിധിവരെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുന്നു. കിണറുകൾ മുഖേനയുള്ള ജല സേചനം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പരിമിതമാണ്. വേനൽക്കാലത്ത് പല സ്ഥലങ്ങളിലും വരൾച്ച അനുഭവ പ്പെടുന്നുണ്ട്. പമ്പ് സെറ്റുകൾ ഉപയോഗിച്ച് പറമ്പു കൃഷി പലയിടങ്ങളിലും ഭാഗികമായി നടത്തുന്നുണ്ട്. ഇടക്കയ്യാലക ൾ കെട്ടിയും പറമ്പ് കിളച്ചും കുഴികൾ കുഴിച്ചും ജലസംരക്ഷണം നടത്തുന്നതിന് വാട്ടർ ഷെഡ് പ്രോഗ്രാമുകളാണ് സ ഹായമായിട്ടുള്ളത്. കൂടാതെ കൃഷിസ്ഥലത്ത് കൃഷികളുടെ കടയ്ക്കൽ പുതയിട്ടും അതിർത്തികളിൽ ചോല വൃക്ഷ

ങ്ങൾ വെച്ച്പിടിപ്പിച്ചും മണ്ണിൽ ജലസംരക്ഷണം നടത്തുന്നു. പഞ്ചായത്തിൽ സുലഭമായി ജലം ലഭിക്കാൻ സാധ്യതയുള്ള പല കുളങ്ങളും ചണ്ടികൾ നിറഞ്ഞ് ഉപയോഗശൂന്യമായി കിടക്കുകയാണ്.

കമാൻറ് ഏരിയ വികസന പദ്ധതി പ്രകാരം ചിറകളും കുളങ്ങളും വെള്ളച്ചാലുകളും നിർമ്മിക്കാനും, കയ്യാല കെട്ടുന്നതിനും ഉദ്ദേശ്യം 50 കാഡ സമിതികളിലൂടെ സഹായം നൽകി. ജലസേചനം മണ്ണ് സംരക്ഷണം നടത്താൻ കൃഷിക്കാരെ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ തെക്കൻ മലയോര പ്രദേശങ്ങളിൽ നീർമറി വികസന പദ്ധതികളും സജീവമായി നടന്നുവരുന്നു. സമീപ ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികളാണ് മൈലാട്ടും പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, ഒരപ്പൻകെട്ടിൻെറ പുനരുദ്ധാരണ പദ്ധതികൾ, പാണയം കാടൻ ചിറയുടെ പുനരുദ്ധാരണ പദ്ധതികൾ എന്നിവ.

## പ്രശ്നങ്ങൾ

സാമൂഹ്യ ജലസേചന പദ്ധതികൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുള്ള തോടുകളിൽ തടയണകളില്ല.

പഞ്ചായത്തിൽ നിലവിൽ ഉള്ള പൊതുകുളങ്ങൾ പലതും ഉപയോഗയോഗ്യമല്ല

കണ്ണാറ പുഴയിലെ വെള്ളം വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല.

തരിശായ ഭൂമികൾ കൃഷിക്കുപയുക്തമാക്കാൻ സാധിക്കുന്നില്ല.

കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്.

കനാലിൻെറ എല്ലാ ഭാഗങ്ങളിലും മൺഭിത്തികൾ കെട്ടി സംരക്ഷിക്കാത്തതിനാൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നു.

പാടങ്ങൾ മണ്ണിട്ടു നികത്തുന്നതിൻെറ ഭാഗമായി നെൽകൃഷി ഇല്ലാതാകുന്നു.

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും ശാസ്ത്ര സാങ്കേതിക ഉപദേശങ്ങളും വേണ്ടത്ര ലഭിക്കുന്നില്ല.

ജൈവവളങ്ങളും മണ്ണ് പരിശോധന സൗകര്യങ്ങളും ഇല്ല.

കാർഷിക തൊഴിലാളികളുടെ ലഭ്യത കുറവ്.

ഉത്പാദന ചിലവിന് ആനുപാതികമായി ഉത്പാദനത്തിന് വില കിട്ടുന്നില്ല.

കാർഷികോല്പന്നങ്ങളുടെ സംസ്കരണവിതരണ സൗകര്യക്കുറവ്.

## സാദ്ധ്യതകൾ

തേനീച്ച വളർത്തൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാൻ സാധ്യതകളുണ്ട്.

കുളങ്ങളും തോടുകളും കിണറുകളും സംരക്ഷിക്കുക

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുക.

കാർഷികോല്പന്നങ്ങൾ കൊണ്ടുപോകുന്നതിനായി ഫാം റോഡുകൾ നിർമ്മിക്കുക.

നെൽപാടം നികത്തുന്നത് തടയുവാൻ കർഷകർ സംഘടിതമായി രംഗത്ത് വരികയും നിയമം മൂലം കർശനമായി തടയുകയും ചെയ്യുക.

പീച്ചി ഡാമിൻെറ വെള്ളം ഈ പഞ്ചായത്തിൽ കൂടുതൽ ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കുക.

കൃഷിഭവനോട് അനുബന്ധിച്ച് മണ്ണ് പരിശോധനാകേന്ദ്രം ആരംഭിക്കുക.

ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഊർജ്ജിതപ്പെടുത്തുക.

മുഴുവൻ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുക

പാഴ്വസ്തുക്കൾ വളങ്ങൾ ആക്കാനുള്ള സാങ്കേതിക വിദ്യ നടപ്പാക്കുക.

ജൈവ വളനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

അടുക്കളത്തോട്ടങ്ങൾ വ്യാപകമാക്കുക.

പട്ടിക്കാട് സെൻററിൽ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കുക.

പട്ടയമില്ലാത്ത കർഷകർക്കും വായ്പ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

പഞ്ചായത്ത്തലത്തിൽ കർഷക തൊഴിലാളികൾക്ക് ഏകീകരിച്ച കൂലി നടപ്പാക്കുക.

## വനം

പശ്ചിമഘട്ടത്തിലെ വനനിബിഡമായ മലനിരകളുടെ സാന്നിദ്ധ്യത്താൽ അനുഗൃഹീതമാണ് ഈ പഞ്ചായത്ത്. ഏതാണ്ട് മൂന്നിലൊരു ഭൂവിസ്തൃതി വനം കയ്യടക്കിയിരിക്കുകയാണിവിടെ. പീച്ചി - വാഴാനി വന്യമൃഗ സങ്കേതത്തിന്റെ കുറേ ഭാഗങ്ങൾ ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പെടുന്നു. നമ്മുടെ ദേശീയ പക്ഷിയായ മയിലിന്റെ സങ്കേതവുമാണ് ഈ മേഖല. വന പഠനത്തിനുള്ള കേരള വന ഗവേഷണ സ്ഥാപനം സ്ഥിതിചെയ്യുന്നതും ഈ പഞ്ചായത്തിലാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉദയം വരെ ഈ വനങ്ങൾ കൊച്ചി രാജാവിനോട് കൂറുള്ള നാടുവാഴികളുടെ ഉടമസ്ഥതയിലും അധികാരത്തിലുമാണിരുന്നത്. A.D. 1760 നും 1780 നും ഇടയ്ക്കാണ് ഈ വനങ്ങൾ കൊച്ചി സംസ്ഥാനത്തിന്റെ അധീനതയിൽ വന്നത്. ഡച്ച്, പോർച്ചുഗീസ് വ്യാപാരികൾ കപ്പൽ നിർമ്മാണത്തിനും കയറ്റുമതിക്കുമായി ധാരാളം തേക്ക് മരങ്ങൾ ഈ കാടുകളിൽ നിന്നും മുറിച്ചെടുത്തിരുന്നതായി പറയപ്പെടുന്നു. 1800 എ.ഡി. യോടുകൂടി പാട്ട സമ്പ്രദായം നിലവിൽ വന്നു. 1813ൽ കേണൽ മൺറോ തൃശൂർ വനം ഡിവിഷന്റെ ഭരണത്തിന് ഒരു വനം സൂപ്രണ്ടിനെ നിയമിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വെട്ടിയെടുത്ത തേക്കിന് പകരമായി 1818ൽ ധാരാളം തേക്കിൽ വിത്തുകൾ വനാന്തർഭാഗത്ത് കുഴിച്ചിടുകയുണ്ടായി. വനം പുനരുജ്ജീവിപ്പിക്കാൻ വേണ്ടി 1936 ൽ കുതിരാൻ ഭാഗത്ത് ഒരു പുനരുജ്ജീവിപ്പിക്കൽ (Regeneration) ബ്ലോക്ക് തന്നെ തുടങ്ങുകയും 1940-ഓടുകൂടി 517 ഏക്കറിൽ പുനരുജ്ജീവനം സാധ്യമാവുകയും ചെയ്തു. ഇപ്പോൾ ഈ ഭാഗത്തുള്ള വനം സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും മറ്റുമായി പട്ടിക്കാടും പീച്ചിയിലും ഓരോ ഫോറസ്റ്റ് റെയിഞ്ചുകൾ വീതം നിലവിലുണ്ട്. അർദ്ധനിത്യഹരിത വനവും ഇലപൊഴിയും കാടും വനതോട്ടവുമാണ് ഇവിടെ നിലവിലുള്ളത്. നിത്യഹരിത വനം നാമമാത്രമേ ഉള്ളു.

### നിത്യഹരിതവനം

നിത്യഹരിത വനങ്ങളിലും ഇലപൊഴിയും കാടുകളിലും കാണപ്പെടുന്ന വൃക്ഷലതാദികൾ സമ്മിശ്രമായി കാണാം. ഈ വനത്തിൽ മഞ്ഞക്കടമ്പ്, അയനി, ഇലവ്, ചുന്നകിൽ, ആവൽ, പൊങ്ങ്, വെൺതേക്ക്, മണിമരുത്, മാവ്, കാനനക്കൈത, നെടുനാർ, മലയൂരം, അമ്പഴം, വക്കപ്പാല, ചീനി, വെള്ളപ്പൈൻ, മയിലെള്ള് മുതലായവയാണ് ഇവിടെ കാണപ്പെടുന്ന വൻമരങ്ങൾ. മുട്ടിക്കായ്പ്പൻ, ലവങ്ങ്ഗം, നാശകം, ചെന്തൂരി മുതലായ ചെറുമരങ്ങളും ചൂരൽ, കാട്ടുകിഴങ്ങ്, കാട്ടു കാച്ചിൽ തുടങ്ങിയ വള്ളികളും താഴെ നിലകളിലായി കാണാറുണ്ട്.

### ഇലപൊഴിയും കാട്

ഈ വനത്തിൽ മുഖ്യമായും കാണപ്പെടുന്നത് വേനൽക്കാലത്ത് ഇലപൊഴിക്കുന്ന ഇനം വൃക്ഷങ്ങളാണ്. ചില സ്ഥലങ്ങളിൽ പ്രത്യേകതരം വൃക്ഷങ്ങൾ കൂട്ടമായും കാണാം. ഉയർന്ന മലഞ്ചെരുവിൽ പുല്ലമരുത്, വേങ്ങമരുത്, കോറമരുത്, ഇവയുടെ കൂട്ടവും താഴെ വെട്ടുകൽ, മൺ പ്രദേശങ്ങളിൽ ഇരുളിന്റേയും ചടച്ചിയുടേയും കൂട്ടവും കാണാറുണ്ട്. താഴത്തെ നിലയിൽ മിക്കവാറും നിത്യഹരിത വൃക്ഷങ്ങളും ഇലപൊഴിക്കും വൃക്ഷങ്ങളും സമ്മിശ്രമായി വളരുന്നതുകാണാം. മുളങ്കൂട്ടങ്ങളും അസാധാരണമല്ല. ഈർപ്പം കൂടുതലുള്ള ഭാഗങ്ങളിൽ ചൂരലും വളരാറുണ്ട്. വേനൽക്കാലത്ത് മുകൾ നിലയിലുള്ള മരങ്ങളെല്ലാം ഇലപൊഴിക്കും. എങ്കിലും അടുത്ത മഴയ്ക്കു വളരെ മുമ്പായി പല വൃക്ഷങ്ങളും തളിർക്കാറുണ്ടെന്നതും ശ്രദ്ധേയമാണ്. കാട്ടുതീ ഈ വനത്തിൽ എല്ലാ വർഷവും ഉണ്ടാകാറുണ്ട്. ഇലപൊഴിയും വനത്തിലെ പ്രധാന മരങ്ങൾ മഞ്ഞ കടമ്പ്, കുന്നിവാക, കരിന്തകര, പാല, ഇലവം, ചുകന്നകിൽ, വീട്ടി, ചടച്ചി, ആവൽ, വെള്ളക്കടമ്പ്, വെൺതേക്ക്, മണിമരുത്, അന്നകാര, കാനനകൈത, വേങ്ങ, പൂവ്വം, അമ്പഴം, വെടങ്കൊർണ, തേക്ക്, താന്നി, പുല്ലമരുത്, കോറമരുത്, മയിലെള്ള്, ഇരുമുള്ള് ഇവയാണ്. താഴെ നിലകളിലായി ആരമ്പുളി, കയനി, പേഴ്, കണിക്കൊന്ന, കൊടപ്പുന്ന, മുരുക്ക്, നാശകം, കുമ്പിൾ, വട്ട, വക്ക, ആനവഴുക്കി, കാഞ്ഞിരം, മുള, പൂച്ചെടി, ഇടംപിരി, വലംപിരി, ഇഞ്ച, പുല്ലാനി, ഉറുഞ്ചി മുതലായവയും വളരുന്നു.

### ജീവികൾ

ആനയും കാട്ടുപോത്തും പുലിയും പുള്ളിമാനും മ്ലാവും ഉൾപ്പെടെ ഇരുപത്തിഞ്ചിനം സസ്തനികളും ധാരാളം ഉരഗ, ഉഭയ ജീവികളും നൂറിലേറെ ഇനം പക്ഷികളും (മയിൽ, കൊറ്റി, പരുന്ത്, തുന്നാരൻ തുടങ്ങിയവ), പത്തിലേറെ ഇനം മത്സ്യങ്ങളും (കുറവ, മണലാരോൻ, വരാൽ, കാരി, മാതു, വാള തുടങ്ങിയവ) ഈ വനങ്ങളിൽ കാണപ്പെടുന്നു.

### വനതോട്ടങ്ങൾ

ഈ ഭൂഭാഗത്ത് നട്ടുപിടിപ്പിച്ചിട്ടുള്ള പ്രധാന തോട്ടങ്ങൾ തേക്ക്, വീട്ടി, യൂക്കാലിപ്സ്, മുള, വിവിധയിനം വൃക്ഷങ്ങൾ എന്നിവയുടേതാണ്. 1872ൽ തൃശൂർ വനം ഡിവിഷനിൽ ആദ്യത്തെ

വനതോട്ടങ്ങൾ

| ഇനം | വിസ്തൃതി ഹെക്ടറിൽ |
|---|---|
| തേക്ക് | 655 |
| വീട്ടി | 18.4 |
| യൂക്കാലിപ്റ്റസ് | 33.2 |
| മുള | 26.8 |
| പലവക | 773.0 |

തേക്കു തോട്ടം പിടിപ്പിച്ചു എങ്കിലും പാണഞ്ചേരി പഞ്ചായത്തിലെ ആദ്യതേക്കു തോട്ടം 1948ൽ കുതിരാനിലാണ് നട്ടുവളർത്തിയത്. പിന്നീട് പല സ്ഥലങ്ങളിൽ പലതരം തോട്ടങ്ങൾ വച്ചു പിടിപ്പിക്കുകയുണ്ടായി. എല്ലാംകൂടി ആയിരത്തി അഞ്ഞൂറോളം ഹെക്ടർ വനതോട്ടം ഈ പഞ്ചായത്തിൽ നിർമ്മിക്കുകയുണ്ടായി. 'ടാങ്കിയ' (Taungya) അതിൻെറ ശരിയായ അർത്ഥത്തിൽ അക്കാലത്ത് ഇവിടെ നടപ്പാക്കിയിരുന്നില്ല. മിക്കവാറും എല്ലാ തോട്ടങ്ങളും 'സ്റ്റമ്പ്' (Stump) നടീൽ വസ്തുവായി ഉപയോഗിച്ച് 6' x 6' അകലത്തിൽ നട്ടു വളർത്തിയവയാണ്.

## വനവും ജനങ്ങളും

വനത്തിനു സമീപപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ വനത്തെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. പച്ചിലവളത്തിനുള്ള ചവറ്, കാർഷികോപകരണങ്ങളുടെ പിടിയും മറ്റും നിർമ്മിക്കാൻ ആവശ്യമായ ചെറു തടികൾ, ഊന്നുകൾ, താങ്ങുകൾ, മുള, മുളമുള്ള്, വിറക് മുതലായവ അവർ വനത്തിനുള്ളിൽ നിന്നും എടുക്കുന്നു. അവരുടെ കന്നുകാലികൾക്ക് മേച്ചിൽ സ്ഥലമായും വനം ഭവിക്കുന്നു. കൂടാതെ വനത്തിൽ നിന്നും തേൻ, മെഴുക്, ഇഞ്ച, ചീനിക്കായ്, സോപ്പുംകായ്, ഔഷധസസ്യങ്ങൾ മുതലായവയും ലഭ്യമാണ്.

## സാമൂഹ്യ വനവൽക്കരണം

സാമൂഹ്യവനവൽക്കരണത്തിൻെറ ഭാഗമായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ മരങ്ങൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട് വിശദ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**സാമൂഹ്യവനവൽക്കരണ തോട്ടങ്ങൾ.**

| വർഷം | സ്ഥലം | വൃക്ഷം | വിസ്തൃതി |
|---|---|---|---|
| 1982 | വഴുക്കുംപാറ | കാറ്റാടി | 1.90 ഹെ. |
| 1983 | വാണിയപാറ-മണ്ണുത്തി | അക്കേഷ്യ | 2.99 കി.മി. |
| 1985 | വഴുക്കുംപാറ-വാണിയംപാറ | അക്കേഷ്യ | 2.99 കി.മി. |
| 1986 | പട്ടിക്കാട്-കല്ലിടുക്ക് | അക്കേഷ്യ കാറ്റാടി | 2.99 കി.മി. |
| 1986 | പീച്ചി കനാൽ | കാറ്റാടി | 0.05. ഹെ |
| 1986 | KERIകാമ്പസ് | വിവിധ ഇനം | 160 എണ്ണം |
| 1990 | തെക്കുംപാടം | കാറ്റാടി | 2.5 ഹെ. |
| 1990 | തെക്കുംപാടം | വിവിധ ഇനം | 34 ഹെ. |
| 1996 | കുതിരാൻ | വിവിധ ഇനം | 34.4 ഹെ |

അദ്ധ്യായം 4(2)

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പാണഞ്ചേരി പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിക്കുന്നത് 1950 ൽ പട്ടിക്കാട് കേന്ദ്രമാക്കി ആഴ്ചയിൽ ഒരു ദിവസം മാത്രം പ്രവർത്തിക്കുന്ന 'സ്റ്റോക്ക്മാൻ സ്റ്റേഷൻ' ആയാണ്. പശ്ചിമഘട്ടത്തിൻെറ സാമീപ്യവും സ്ഥിരോത്സാഹികളായ മലയോര കർഷകരുടെ കുടിയേറ്റവും ഈ പഞ്ചായത്തിൻെറ സമ്പദ്ഘടനയിൽ കഴിഞ്ഞ 45 വർഷങ്ങൾകൊണ്ട് വിപ്ലവകരമായ മാറ്റം വരുത്തി.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കാർഷികമേഖലയായ ഈ പ്രദേശത്തിലെ 35% ജനങ്ങളുടേയും മുഖ്യ ഉപജീവന മാർഗ്ഗം കാർഷികവൃത്തിയും കാലിവളർത്തലുമാണ്. ഇതോടൊപ്പം ആടുവളർത്തലും കോഴിവളർത്തലും ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്നു. സാംക്രമികരോഗങ്ങൾ മൂലം കാലികൾ ചത്തൊടുങ്ങുന്നതു കൊണ്ട് വളരെയധികം സാമ്പത്തിക നഷ്ടം കർഷകർ അനുഭവിച്ചുവന്നു. ഇതിനൊരു പ്രതിവിധി എന്ന നിലയിലാണ് 1959 ൽ നാട്ടുകാരുടെ അശ്രാന്ത പരിശ്രമം മൂലം സ്ഥിരമായ ഒരു വെറ്ററിനറി ഡിസ്പെൻസറി പട്ടിക്കാട് പ്രവർത്തനം ആരംഭിച്ചത്.

കാലികളുടെ 'വർഗ്ഗശുദ്ധി' പുരോഗതിയുടെ ഒരു അവിഭാജ്യഘടകമാണെന്നു ബോധ്യപ്പെട്ടതിൻെറ ഫലമായി 1955-56 ൽ കണ്ണാറയിൽ ചെമ്പൂത്ര, പട്ടിക്കാട്, താണിപ്പാടം, വാണിയംപാറ എന്നീ നാല് സബ് സെൻററുകളോടുകൂടിയ ഒരു 'ബുൾസ്റ്റേഷൻ' ആരംഭിച്ചു. കൃത്രിമ ബീജദാനം മൂലം മൃഗസംരക്ഷണ വകുപ്പിനുണ്ടായ കാലാനുസൃതമായ വളർച്ചയുടെ ഫലമായി പട്ടിക്കാട് വെറ്ററിനറി ഡിസപെൻസറി 1978-79 കാലഘട്ടത്തിൽ വെറ്ററിനറി ഹോസ്പിററലായി ഉയർത്തി.

സാങ്കേതിക കാരണങ്ങളാൽ ചെമ്പൂത്ര, താണിപ്പാടം എന്നീ സബ്സെൻററുകൾ നിർത്തലാക്കിയെങ്കിലും 1985ൽ വാണിയം പാറയിലെ എ.ഐ.സെൻറർ ഡിസ്പെൻസറിയായി ഉയർത്തുകയും, എ.ഐ. സെൻറർ വിലങ്ങന്നൂരിലേക്ക് മാറ്റുകയും ചെയ്തു. ബ്ലോക്ക് തലത്തിലുളള 'ഒരു ക്ഷീരവികസന ഓഫീസ്' 1983 ൽ പാണഞ്ചേരി ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചു.

ഇപ്പോൾ ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ താഴെ പറയുന്ന ഓഫീസുകളിലൂടെ സുഗമമായി നടക്കുന്നു.

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| വെറ്ററിനറി ഹോസ്പിറ്റൽ, പാണഞ്ചേരി, പട്ടിക്കാട് | 5 |
| വെറ്ററിനറി ഹോസ്പിറ്റൽ, വാണിയമ്പാറ | 4 |
| ഊർജ്ജിത കന്നുകാലി വികസന പദ്ധതി, കണ്ണാറ | 2 |
| എ.ഐ.സെൻറർ, വിലങ്ങന്നൂർ | 2 |

മൃഗസംക്ഷണ പ്രവർത്തനങ്ങളുടെ വളർച്ച സൂചിപ്പിക്കുന്ന സ്ഥിതിവിവര കണക്കുകൾ താരതമ്യ പഠനത്തിനായി താഴെ കൊടുത്തിരിക്കുന്നു.

| | 1972-73 | 1986-87 |
|---|---|---|
| കന്നുകാലികൾ | 2072 | 7825 |
| കന്നുകുട്ടികൾ | 1364 | 1898 |
| എരുമ, പോത്ത് | 608 | 1160 |
| എരുമകുട്ടികൾ | 170 | 102 |
| ആട് | 1728 | 3529 |
| പന്നികൾ | 19 | 277 |
| കോഴികൾ | 12582 | 32716 |
| താറാവ് | 362 | 957 |

കൃത്രിമബീജദാനം മൂലമുണ്ടായ സങ്കരവർഗ്ഗപശുക്കളുടെ ഗണ്യമായ വർദ്ധനവ്, ഉയർന്ന ഉത്പാദനശേഷി എന്നിവ പാലുത്പാദനരംഗത്ത് വിപ്ലവകരമായ മാറ്റം കുറിച്ചു. സാമ്പത്തികരംഗത്ത് പഞ്ചായത്തിലുണ്ടായ വളർച്ചയുടെ തെളിവാണ് ലാഭകരമായി പ്രവർത്തിക്കുന്ന 12 മിൽക്ക് സൊസൈറ്റികൾ. കുതിച്ചുയരുന്ന പിണ്ണാക്കിൻെറ വില, കാലിതീറ്റയുടെ വിലവർദ്ധന, കൊടുക്കുന്ന പാലിൻെറ വിലക്കുറവ് തുടങ്ങിയവയാണ് ഈ രംഗത്ത് കർഷകരെ തളർത്തുന്ന പ്രശ്നങ്ങൾ .

ആദ്യമായി ഒരു ക്ഷീരസംഘം പഞ്ചായത്തിൽ ആരംഭിച്ചത് 1962 ൽ പീച്ചിയിൽ ആണ്. അതിനുശേഷം 1965 ൽ നാല് സംഘങ്ങൾ കൂടി നിലവിൽ വന്നു. ഇപ്പോൾ അത് 12 ൽ എത്തിനിൽക്കുന്നു.

| നമ്പ്ര് | ക്ഷീരസംഘത്തിൻെറ പേര് | പ്രതിവർഷ പാലിൻെറ സംഭരണം (ലിറ്റർ) |
|---|---|---|
| 1 | വാണിയമ്പാറ | 2,69,470 |
| 2 | വഴുക്കുമ്പാറ | 85,047 |
| 3 | ചുവന്നമണ്ണ് | 92,232 |
| 4 | പൂവ്വൻചിറ | 87,058 |
| 5 | താണിപ്പാടം | 89,186 |
| 6 | പട്ടിക്കാട് | 70,559 |
| 7 | മാരായ്ക്കൽ | 50,708 |
| 8 | മലമുക്ക് | 1,22,230 |
| 9 | ചാലാംപ്പാടം | 34,947 |
| 10 | വിലങ്ങന്നൂർ | 2,19,000 |
| 11 | ആൽപ്പാറ | 54,741 |
| 12 | പാണഞ്ചേരി | 2,26,540 |
| | ആകെ | 14,01,718 |

സംഘടിത മേഖലയിൽ ഏകദേശം 14 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് വിൽപ്പന നടത്തുമ്പോൾ തന്നെ അസംഘടിത മേഖലയിൽ ഏകദേശം 10 ലക്ഷം ലിറ്റർ പാലും ഉൾപ്പെടെ പ്രതിവർഷം ആകെ 24 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം ആളോഹരി പാൽ ഉപഭോഗം 240 ഗ്രാം ആയിരിക്കെ കേരളത്തിലെ ജനങ്ങളുടെ പാലിൻെറ ഉപഭോഗം 197 ഗ്രാമും നമ്മുടെ പഞ്ചായത്തിലെ പാലിൻെറ ആളോഹരി ഉപഭോഗം ഏകദേശം 300 ഗ്രാമും ആയി നിൽക്കുന്നു.

## നടപ്പിലാക്കിയ പദ്ധതികൾ (1995-96)

### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനിതക ഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കൽ, ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാധ്യമാക്കൽ, ഗുണമേൻമയുള്ള കാലിതീറ്റ പകുതി വിലക്ക് നൽകൽ, പ്രതിരോകുത്തിവെപ്പുകളും വിര മരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കൽ, ഇൻഷൂറൻസ് സുരക്ഷ നൽകൽ.

### 2. പേവിഷബാധ നിർമ്മാർജ്ജന പദ്ധതി

ഘട്ടം ഘട്ടമായി പേവിഷബാധ നിർമ്മാർജ്ജനം, പേവിഷത്തിനെതിരേയുള്ള വാക്സിൻ പകുതി വിലക്ക് വിതരണം ചെയ്യൽ.

### 3. കോഴി വളർത്തൽ

മുട്ടകോഴികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ, 60 ദിവസം പ്രായമുള്ള 5 പിടക്കോഴികളുടെ യൂണിറ്റ് ഒന്നിന് ഓരോ കോഴിക്കും 15 രൂപ സബ്സിഡി നിരക്കിൽ കോഴികുഞ്ഞുങ്ങളെ ഗുണുഭോക്താവിൻെറ വീട്ടുപടിക്കൽ എത്തിക്കൽ.

### 4. ആടു വളർത്തൽ

മലബാരി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ പ്രജനന ആടുവളത്തൽ യൂണിറ്റുകൾ സ്ഥാപിക്കൽ.

## സേവനമേഖല

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള മൃഗചികിത്സാകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. ജീർണ്ണിച്ച ആശുപത്രി കെട്ടിടങ്ങൾ, രോഗനിർണ്ണയത്തിനുള്ള ആധുനിക സംവിധാനത്തിൻെറ അഭാവം, മരുന്നുകൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ റഫ്രിജറേറ്ററുകളുടെ അഭാവം മുതലായവ മൃഗസംരക്ഷണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ശരാശരി 50ൽപരം പേർ ചികിത്സാ ആവശ്യങ്ങൾക്കായി വന്നു കൊണ്ടിരിക്കുന്ന പട്ടിക്കാട് മൃഗാശുപത്രി എന്തുകൊണ്ടും പോളി ക്ലിനിക്കായി ഉയർത്തേണ്ടതാണ്.

## വിജ്ഞാനവ്യാപനവും പരിശീലനവും

കൃഷിക്കാർ, സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർ എന്നിവർക്ക് വിവിധതരം മൃഗസംരക്ഷണ, ക്ഷീരവികസന പരിപാടികളിൽ പരിശീലനം നൽകാവുന്നതാണ്. ഇതിനായി കൊടപ്പനക്കുന്ന്, മുണ്ടയാട്, ആലുവ, തൃശൂർ , ആലത്തൂർ എന്നീ 5 ട്രെയിനിംഗ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

# മത്സ്യബന്ധനം

പശ്ചിമഘട്ടത്തിൻെറ സാമീപ്യം കൊണ്ട് അനുഗ്രഹീതമായ ഒരു മലയോര പഞ്ചായത്താണ് പാണഞ്ചേരി. പഞ്ചായത്തിലൂടെ ഒഴുകുന്ന 8 കിലോമീറ്ററോളം നീളമുള്ള മണലിപ്പുഴയും നാലു കിലോമീറ്ററോളം നീളമുള്ള തോടുകളും 14 പൊതുകുളങ്ങളും 10 വ്യക്തികളുടെ കുളങ്ങളും വിസ്തൃതമായ പീച്ചി ജലസംഭരണിയും ഉൾപ്പെട്ടതാണ് ഇവിടത്തെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധന സാധ്യതകൾ ഈ സ്രോതസ്സുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ച 77 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഉൾനാടൻ മത്സ്യകൃഷി സാധ്യതകൾ തീരെ ഉപയോഗപ്പെടുത്താത്ത ഒരു പഞ്ചായത്താണിത്. ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്ന കുളങ്ങളുണ്ടെങ്കിലും ആയവ പൊതുകുളങ്ങളോ ക്ഷേത്രകുളങ്ങളോ ആയതിനാൽ സാധ്യതക്ക് പരിമിതികളുണ്ടാകുന്നു. നിലവിലുള്ള കുളങ്ങൾ തന്നെ പലതും മണ്ണ് വീണ് നികന്നവയാണ്. പീച്ചി ജലസംഭരണി മത്സ്യകൃഷി വ്യാപകമാക്കുവാൻ പറ്റിയ മേഖലയാണ്. എന്നാൽ ഇവിടെ ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാവകുപ്പുകളുടേയും സഹകരണം അനിവാര്യമാണ്. പീച്ചി ജലസംഭരണിയിൽ രോഹു കട്ല മൃഗാല ഫിലോപ്പിയ എന്നീ ഇനങ്ങൾ വളർത്തുന്നു. ഈ പഞ്ചായത്തിൽ പതിനാറിനം മത്സ്യങ്ങൾ കാണപ്പെടുന്നു. ഇവയിൽ വരാൽ, വാള, മുശു, കാരി, വട്ടോൻ, കുറുവ, മണലാരോൻ കണത്തേൻ, ചെറുമീൻ എന്നിവ സർവ്വസാധാരണമാണ്. പീച്ചിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണസംഘം മാത്രമാണ് ഈ മേഖലയിൽ പ്രർത്തിക്കുന്ന ഏക സ്ഥാപനം. എന്നാൽ ഇതിൻെറ പ്രവർത്തനം വളരെ പരിമിതമായ മേഖലയിൽ ചുരുങ്ങി ഇരികകുന്നതുകൊണ്ട് എല്ലാവർക്കും പ്രയോജനം ലഭിക്കുന്നില്ല. ഇവിടെ ഒരു പൊതു മത്സ്യമാർക്കറ്റില്ലാത്തതിനാൽ വിദൂരസ്ഥലങ്ങളിൽ നിന്നും സൈക്കിളിൽ കൊണ്ടുവരുന്ന മത്സ്യകച്ചവടക്കാരെ ആശ്രയിച്ചാണ് ഇവിടുത്തെ ആവശ്യങ്ങൾ നിറവേറ്റുന്നത്.

### പ്രശ്നങ്ങൾ

**കന്നുകുട്ടി പരിപാലന പദ്ധതി.**

1. വരുമാനപരിധിയുള്ളതുകൊണ്ട് ഈ സ്കീമിൻെറ പ്രയോജനം എല്ലാ ക്ഷീരകർഷകർക്കും ലഭിക്കുന്നില്ല.
2. കൊടുക്കുന്ന തീറ്റ ഭൂരിഭാഗവും പശുക്കൾക്ക് കൊടുക്കുന്നത് മൂലം സ്കീമിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാകുന്നില്ല.
3. മിൽമ മലമ്പുഴയിൽ നിന്നും വിതരണം ചെയ്യുന്ന കാലിത്തീററ സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.

**കോഴി വളർത്തൽ**

1. ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഗുണഭോക്താവിനു യഥാസമയം എത്തിച്ചുകൊടുക്കാൻ സാധിക്കുന്നില്ല.
2. ദൂരദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നതു മൂലം ഉണ്ടാകുന്ന കോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച മരണനിരക്ക്.
3. പ്രതിരോധകുത്തിവയ്പിനുള്ള മരുന്നിൻെറ അഭാവം.
4. പ്രതിരോധകുത്തിവയ്പിനോടുള്ള കർഷകരുടെ അജ്ഞതയും വിമുഖതയും.

**ആടു വളർത്തൽ**

1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള അപാകത.
2. ആടുവളർത്തലിൽ മുൻപരിചയമോ താല്പര്യമോ ഉള്ളവർക്കല്ല ഈ സ്കീം അനുവദിക്കുന്നത്.

**പേവിഷബാധ നിർമ്മാർജ്ജന പദ്ധതി**

ഗുണനിലവാരമുള്ള വാക്സിൻേറയും, ബോധവൽക്കരണത്തിൻേറയും അഭാവം.

## സാദ്ധ്യതകൾ

**കന്നുകുട്ടി പരിപാലന പദ്ധതി**

എല്ലാ കന്നു കുട്ടികളേയും കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.

**കോഴി വളർത്തൽ**

1. പഞ്ചായത്ത് തലത്തിൽ 'എഗ്ഗർ നേഴ്സറികൾ' സ്ഥാപിച്ച് നല്ല ജനുസ്സ് കോഴിക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്യുക.
2. വാർഡ് തലത്തിൽ തല്പരരായവർക്ക് പ്രതിരോധകുത്തിവയ്പ് നടത്തുവാനുള്ള പരിശീലനം നൽകുക.
3. കുത്തിവയ്പ് പ്രാദേശികമായി സന്നദ്ധസംഘടനകളെ ഏൽപ്പിക്കുക.
4. ഈ പഞ്ചായത്തിലേക്ക് ആവശ്യമായ ഇറച്ചി, മുട്ട എന്നിവ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള തീവ്രയത്ന പരിപാടിക്ക് രൂപം നൽകുക.

**ആടു വളർത്തൽ**

1. ഏത് പദ്ധതി പ്രകാരമായാലും അഞ്ചോ അതിലധികമോ ആടുകളെ ഗ്രൂപ്പായി കൊടുക്കുക.
2. വർഗ്ഗശുദ്ധിയുള്ള 'ജമനാപാരി' തുടങ്ങിയ നല്ലയിനം ആടുകളെ വളർത്താനുള്ള സംവിധാനം ഉണ്ടാക്കുക.

**പേവിഷബാധ നിർമാർജ്ജന പദ്ധതി**

1. ബോധവൽക്കരണ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, ശ്വാനപ്രദർശനം എന്നിവ പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ നടത്തുക.
2. തെരുവുനായ്ക്കളെ അലഞ്ഞുതിരിഞ്ഞ് നടക്കാൻ അനുവദിക്കാതിരിക്കുക.
3. ലൈസൻസിങ്ങ് നിർബന്ധിതമാക്കുക.

**മത്സ്യബന്ധനം**

1. സാദ്ധ്യതയുള്ള സ്ഥലത്ത് ഫിഷറീസ് എസ്റ്റേറ്റ് സ്ഥാപിക്കുക.
2. നാട്ടുകുളം പദ്ധതി നടപ്പാക്കുക.
3. വീട്ടുകുളം പദ്ധതി നടപ്പാക്കുക.
4. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഒഴുക്കുജല മത്സ്യകൃഷി നടപ്പാക്കുക.
5. അലങ്കാര മത്സ്യകൃഷി നടപ്പാക്കുക.
6. മത്സ്യവിത്ത് ഉത്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. ക്ഷീരസഹകരണസംഘങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ നേതൃത്വത്തിൽ മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
2. ആധുനിക സംവിധാനങ്ങളോടുകൂടിയ അറവുശാലയും വിപണന കേന്ദ്രവും സ്ഥാപിക്കുക.
3. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി നടപ്പാക്കുക.
4. മുയൽ വളർത്തൽ, കാടവളർത്തൽ എന്നീ പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
5. ഇൻഷുറൻസ് നിർബന്ധമാക്കുക.
6. പോഷകസമൃദ്ധമായ തീറ്റ പുൽകൃഷി വ്യാപിപ്പിക്കുക.
7. ശാസ്ത്രീയ കന്നുകാലിത്തൊഴുത്ത് നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
8. മാതൃകാ ക്ഷീരോൽപാദക യൂണിറ്റുകൾ സ്ഥാപിക്കുക.
9. സൗജന്യനിരക്കിൽ ധാതു ലവണ മിശ്രിതം, വൈറ്റമിൻ എന്നിവ നൽകുക.
10. പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന സെമിനാറുകൾ നടത്തുക.
11. മൃഗസംരക്ഷണത്തിൻെറ സർവ്വതോമുഖമായ പുരോഗതിക്ക് ഹോസ്പിറ്റൽ പോളിക്ലിനിക്കായി ഉയർത്തുക.
12. അഞ്ചാം വാർഡിൽ ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.

അദ്ധ്യായം 4 (3)

# വ്യവസായം

കാർഷിക മേഖലയായ പാണഞ്ചേരി പഞ്ചായത്തിൻെറ വ്യാവസായിക ചരിത്രം ശോചനീയമാണ്. 141.7 ച.കി.മീ. വിസ്തീർണ്ണവും നാല്പതിനായിരത്തോളം വരുന്ന ജനസംഖ്യയും നിലവിലുള്ള ഈ പഞ്ചായത്തതിൽ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ വളർന്നു വികസിച്ചിട്ടില്ല എന്നത് ദുഃഖകരമാണ്.

പാണഞ്ചേരി പഞ്ചായത്തിൽ വ്യാവസായിക രംഗത്ത് ആദ്യമായി കടന്നുവന്നത് 35 വർഷം മുമ്പ് ഒരു 'കൊള്ളിപ്പൊടി കമ്പനി'യായിരുന്നു. തൃശൂർക്കാരായ റപ്പായി, ജോസ് എന്ന സഹോദരങ്ങളായിരുന്നു ഇതിൻെറ ഉടമസ്ഥർ. കണ്ണാറയിൽ ആരംഭിച്ച ഈ ചെറുകിട കമ്പനിയിൽ സ്ഥിരമായി 20 ഉം താല്കാലികമായി 30 ഉം പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. 1961 മുതൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഈ കമ്പനി അഞ്ചാംവർഷത്തോടെ ഉടമസ്ഥർ തമ്മിലുണ്ടായ തർക്കത്തെത്തുടർന്ന് അടച്ചുപൂട്ടുകയാണ് ഉണ്ടായത്. 1979ൽ പുവ്വൻചിറയിൽ മറ്റൊരു ചെറുകിട കമ്പനി പി.വി. പിള്ളയുടെ ഉടമസ്ഥതയിൽ ആരംഭിച്ചു. 'സുനന്ദിനി കന്നുകാലിത്തീറ്റ' എന്നതായിരുന്നു സ്ഥാപനത്തിൻെറ പേര്. 20ഓളം തൊഴിലാളികൾ ഇവിടെ പണിയെടുത്തിരുന്നു. ആരംഭദശയിൽ പുറംദിക്കിലേക്കും മറ്റും ഉല്പന്നങ്ങൾ കയറ്റി അയച്ചിരുന്ന ഈ സ്ഥാപനം മറ്റു പല പരാധീനതകളാലും ആറാം വർഷത്തോടെ ബാങ്ക് ജപ്തി ചെയ്യുകയായിരുന്നു. 25 വർഷം മുമ്പ് ചെമ്പൂത്രയിൽ പ്രവർത്തിച്ചിരുന്ന പുൽപ്പായ യൂണിറ്റും (വനിത) വഴുക്കുംപാറയിൽ പ്രവർത്തിച്ചിരുന്ന സോപ്പ് നിർമ്മാണ യൂണിറ്റും വിപണന സൗകര്യമില്ലായ്മയും സാമ്പത്തിക പരാധീനതയും മൂലം പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി. വിപണനസൗകര്യം കുറവായതിനാൽ നിലച്ചുപോയ മറ്റു സോപ്പുനിർമ്മാണ യൂണിറ്റുകളും ഉണ്ട്.

ഈ പഞ്ചായത്തിൻെറ പൊതു മേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇന്ന് നിലവിലില്ല. ചെറുകിട മേഖലയിലെ ഏതാനും യൂണിറ്റുകളും മൂന്ന് സഹകരണ സംഘങ്ങളുമാണ് പ്രധാന വ്യവസായ യൂണിറ്റുകൾ. നമ്മുടെ പഞ്ചായത്തിലെ വ്യവസായിക തൊഴിലാളികളിൽ പുരുഷന്മാർ 377ഉം സ്ത്രീകൾ 541ഉം ആണ്.

ചെറുകിട വ്യവസായങ്ങൾ

| ക്രമനമ്പർ | വിഭാഗം | യൂണിറ്റുകൾ | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | ആയുർവേദ ഔഷധ നിർമ്മാണം | 1 | 31 | 10 | 41 |
| 2 | കണ്ണട നിർമ്മാണം | 1 | 3 | - | 3 |
| 3 | പി.വി.സി. പൈപ്പ് | 1 | 8 | - | 8 |
| 4 | ആഭരണ നിർമ്മാണം | 1 | 3 | 20 | 23 |
| 5 | ഇലക്ട്രോ മാഗ്നറ്റിക് റിലേ | 1 | 2 | 8 | 10 |
| 6 | ഫർണീച്ചർ | 2 | 10 | - | 10 |
| 7 | തീപ്പെട്ടി | 1 | - | 21 | 21 |
| 8 | ട്രെഡ് റബ്ബർ | 1 | 14 | - | 14 |
| 9 | ഹോളോ ബ്രിക്സ് | 1 | 2 | 8 | 10 |
| 10 | എഞ്ചിനീയറിംഗ് വർക്സ് | 10 | 50 | - | 50 |
| 11 | കട്ള, ജനൽ | 1 | 2 | 3 | 5 |
| 12 | റെഡിമെയ്ഡ് | 2 | - | 16 | 16 |
| 13 | ക്ഷീരോൽപന്നങ്ങൾ | 4 | - | 13 | 13 |
| 14 | ബൂസ്റ്റർ സ്റ്റെബിലൈസർ, ചോക്ക് നിർമ്മാണം | 2 | 2 | 4 | 6 |
| 15 | അച്ചടി | 4 | 5 | 10 | 15 |
| 16 | ഖാദിമേഖല | 1 | -- | 20 | 20 |
| 17 | മറ്റുള്ളവ | 20 | 220 | 385 | 605 |
| | ആകെ | 55 | 352 | 518 | 870 |

### വ്യവസായ സഹകരണസംഘങ്ങൾ

| ക്രമനമ്പർ | ഇനം | അംഗങ്ങൾ | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | കയർ | 57 | - | - | - |
| 2 | കുട | 20 | 20 | - | 20 |
| 3 | റെക്സിൻ, പ്ലാസ്റ്റിക് | 151 | - | - | - |
| | ആകെ | 228 | 20 | - | 20 |

### തൊഴിലാളികളുടെ എണ്ണം

| ക്രമനമ്പർ | വിഭാഗം | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | കയർ, കുട, റെക്സിൻ സഹകരണ മേഖല | 20 | - | 20 |
| 2 | പരമ്പരാഗത വ്യവസായം: പനമ്പ് | 5 | 20 | 25 |
| | തഴപ്പായ | - | 3 | 3 |
| 3 | ചെറുകിട വ്യവസായങ്ങൾ | 132 | 113 | 245 |
| 4 | മറ്റു വ്യവസായങ്ങൾ | 220 | 285 | 605 |
| 5 | ഖാദി | - | 20 | 20 |
| | ആകെ | 377 | 541 | 918 |

പരമ്പരാഗത വ്യവസായം പാണഞ്ചേരി പഞ്ചായത്തിൽ ശുഷ്കമാണ്. വിരലിലെണ്ണാവുന്ന തൊഴിലാളികൾ പണിയെടുക്കുന്ന പനമ്പ് വ്യവസായം, പായ നെയ്ത്ത് എന്നിവ നാമമാത്രമാണ്. പഞ്ചായത്തിൽ സർവ്വത്രികമായി കാണാവുന്ന ചെറുകിട വ്യവസായ മേഖലയാണ് 'പാറപൊട്ടിക്കൽ'. സ്ത്രീ പങ്കാളിത്തം ഈ അനുബന്ധ മേഖലയിൽ കൂടുതലായി കാണപ്പെടുന്നു. നാഷ്ണൽ ഹൈവേയെ കേന്ദ്രീകരിച്ച് അടുത്തയിടെയായി ഏതാനും സ്ഥാപനങ്ങൾ ഉയർന്നുവരുന്നുണ്ട്. അതുപോലെതന്നെ പട്ടിക്കാട് കേന്ദ്രീകരിച്ച് ബേക്കറി വ്യവസായവും വളർന്നു വരുന്നുണ്ട്.

### പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രമനമ്പർ | ഇനം | ആകെ തൊഴിലാളികൾ | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1 | പനമ്പ് | 5 | 20 | 25 |
| 2 | തഴപ്പായ | -- | 3 | 3 |
| | ആകെ | 5 | 23 | 28 |

പഞ്ചായത്തിലെ പ്രധാന കാർഷികോല്പന്നങ്ങളാണ് നാളികേരം, റബ്ബർ, അടയ്ക്ക, കശുവണ്ടി, കുരുമുളക്, ഏത്തക്കായ എന്നിവ. കൂടാതെ മുള, ഈറ്റ, തേൻ, മെഴുക്, ഔഷധ സസ്യങ്ങൾ, സോപ്പും കായ, ചീനിക്കായ തുടങ്ങിയ വന വിഭവങ്ങളും ലഭ്യമാണ്. തോടരുകുകളിൽ പായ നിർമ്മാണത്തിനാവശ്യമായ കൈത ച്ചെടികളും ധാരാളമുണ്ട്. വിപണി പിടിച്ചെടുക്കാവുന്ന ഗുണമേന്മയുള്ള വസ്തുക്കളുടെ ഉല്പാദനത്തിന് പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശിക സഹകരണ സംഘങ്ങളുടെ സഹായം തേടാവുന്നതാണ്. പരസ്യം മൂലവും ചെറുകിട വ്യാപാരികളുമായുള്ള സമ്പർക്കം വഴിയും വിപണി കണ്ടെത്താൻ സാധിക്കുന്നതാണ്.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഒന്നാണ് കരിങ്കല്ല്. ധാരാളം പാറമടകളും 4 മെറ്റൽ ക്രഷർ യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മെറ്റൽ ക്രഷർ യൂണിറ്റുകൾ ജനങ്ങളുടെ ആരോഗ്യത്തേയും, പരിസ്ഥിതിയേയും കാര്യമായി നശിപ്പിക്കുന്നുണ്ട്. മാത്രമല്ല അവ വൻ മുതൽമുടക്കുള്ളതും അതേ സമയം കുറഞ്ഞ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവയുമാണ്. നേരേമറിച്ച് കോറികളാണെങ്കിൽ കുറഞ്ഞ മുതൽ മുടക്കിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവയും പരിസ്ഥിതി-ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാത്തവയുമാണ്. വിഭവ ഭൂപടമനുസരിച്ച് പഞ്ചായത്തിൽ146 സ്ഥലങ്ങളിലായി ഉദ്ദേശം 135 ഹെക്ടറോളം തുറസായ പാറക്കെട്ടുകളുണ്ട്.

## പ്രശ്നങ്ങൾ

1. മുഖ്യ കാർഷികോല്പന്നങ്ങളായ നാളികേരവും റബ്ബറും വ്യാവസായിക രംഗത്ത് വേണ്ടത്ര പ്രായോജനപ്പെടുത്താൻ കഴിയുന്നില്ല.
2. സാങ്കേതിക പരിജ്ഞാന കുറവ്.
3. ധനസഹായം ലഭിക്കുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. വിപണന സാദ്ധ്യത കുറവ്.
5. പരമ്പരാഗത വ്യവസായശാലകളിലെ തൊഴിലാളികൾക്കും, കൈതൊഴിലുകാർക്കും പരിശീലന സാദ്ധ്യതയില്ല.
6. മര വ്യവസായത്തിനാവശ്യമായ തടി ദൗർലഭ്യം.
7. പണം മുടക്കാനുള്ള വ്യവസായ സംരംഭകരുടെ വിമുഖത.
8. വൈദ്യുതി ദൗർലഭ്യം.
9. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ.
10. അശാസ്ത്രീയമായ ലൈസൻസിങ്ങ് സമ്പ്രദായം.
11. ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഇല്ലായ്മ.

## സാദ്ധ്യതകൾ

1. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവല്ക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കാവുന്നതുമാണ്.
2. ചകിരിയിൽ നിന്നും കയറുല്പാദിപ്പിക്കുകയാണെങ്കിൽ വിപണന സാദ്ധ്യതകൾ ഉണ്ട്.
3. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളിൽ റെക്സിൻ, പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കണം.
4. റബ്ബർ പാൽ ധാരാളമായി ലഭിക്കുന്നതുകൊണ്ട് ഇത് അടിസ്ഥാനമാക്കിയ വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്.
5. ഏത്തപ്പഴം, പൈനാപ്പിൾ, പപ്പായ, ചക്ക, മാമ്പഴം എന്നിവ സമൃദ്ധമായി വിളയുന്നതിനാൽ ഇവയെ അടിസ്ഥാനപ്പെടുത്തിയുള്ള പഴം സംസ്കരണ ഫാക്ടറി സ്ഥാപിക്കണം
6. കരിങ്കല്ലുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ വൻ സാദ്ധ്യതകളുണ്ട്.
7. വിസ്തൃതമായ വനപ്രദേശങ്ങളിൽ മുള, ഈറ്റ എന്നിവ വെച്ചു പിടിപ്പിച്ചാൽ പരമ്പരാഗത കുടിൽ വ്യവസായ മേഖലകളിൽ മുന്നേറ്റം നടത്തുവാൻ കഴിയും.
8. ഖാദി ബോർഡുമായി ബന്ധപ്പെട്ട് കൂടുതൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
9. കെൽട്രോണുമായി സഹകരിച്ച് ബൂസ്റ്റർ, സ്റ്റെബിലൈസർ, ചോക്ക് തുടങ്ങിയ ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
10. 1000 സ്പിൻറലുള്ള സ്പിന്നിങ്ങ് മില്ലിൻെറ ഒരു അനുബന്ധ യൂണിറ്റാരംഭിക്കാം.
11. സ്ഥലങ്ങളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് മിനിവ്യവസായ എസ്റ്റേറ്റിന് 5 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുക്കുക.
12. പരിസ്ഥിതി മലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുക.
13. ലൈസൻസിങ്ങ് സമ്പ്രദായം ലളിതമാക്കുക.
14. പഞ്ചായത്തിൻെറ വ്യവസായ വളർച്ചക്കാവശ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം, ചെറുകിട വ്യവസായ അസോസിയേഷൻ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഒരു വ്യാവസായിക പ്രദർശനം സംഘടിപ്പിക്കുക.
15. വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് നല്ല നിലയിൽ വ്യവസായം നടത്തുവാനാവശ്യമായ സാഹചര്യം സൃഷ്ടിക്കാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക.

**പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകൾ**

| ക്രമനമ്പർ | അസംസ്കൃത വസ്തു | വിപണന വസ്തു |
|---|---|---|
| 1 | തേങ്ങ | വെളിച്ചെണ്ണ, തേങ്ങാപൗഡറും ക്രീമും, കന്നുകാലിത്തീറ്റ, തെങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ, ചാർക്കോൾ ഓയിൽ |
| 2 | നേന്ത്രക്കായ | ചിപ്സ് |
| 3 | കൈതച്ചക്ക, പപ്പായ, മാങ്ങ, ചക്ക, നേന്ത്രപ്പഴം | ജാം, സ്ക്വാഷ് |
| 4 | വാഴനാര്, കൈതനാര് | ഫാൻസി ഫൈബർ |
| 5 | ന്യൂസ് പേപ്പർ | കട്ടിയുള്ള കടലാസ്, ഹൻഡ് മെയ്ഡ് പേപ്പർ |
| 6 | ചകിരി | ചൂടിക്കയർ, ചവിട്ടി, ചകിരിച്ചോറ് ഉപയോഗിച്ചുള്ള വളം |
| 7 | തെങ്ങ്, റബ്ബർ, റബ്ബർ മരങ്ങൾ | ഫർണീച്ചർ നിർമ്മാണം, റബ്ബർ ബാൻഡ്, ബലൂൺ, ബ്രഷ് |
| 8 | ചിരട്ട | കരകൗശല വസ്തുക്കൾ |
| 9 | പാൽ | ക്ഷീരോല്പന്നങ്ങൾ |
| 10 | കശുവണ്ടി | കശുവണ്ടി പരിപ്പ് |
| 11 | പാറപ്പൊടി | ഹോളോബ്രിക്സ് |
| 12 | മറ്റു വ്യവസായങ്ങൾ | ചോക്ക്,പ്ലാസ്റ്റിക് ബട്ടൺസ്, സ്വിച്ച് ബോർഡ്, സിന്തറ്റിക് വിനാഗിരി, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, അലക്ക് സോപ്പ്, ഇഷ്ടിക നിർമ്മാണം, കുട, നോട്ട് ബുക്ക് പേപ്പർ, കവർ, കറി പൗഡർ, അച്ചാർ, മെഴുകുതിരി, പപ്പടം, പായനെയ്ത്ത് |

## ടൂറിസം

1. പീച്ചി ഡാമിനെ കേന്ദ്രീകരിച്ച് കെ.ടി.ഡി.സി. യുടെ നേതൃത്വത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
2. പട്ടത്തിപ്പാറ, ഒരപ്പൻകെട്ട് മുതലായ പ്രകൃതി രമണീയമായ സ്ഥലങ്ങൾ തനിമ നിലനിർത്തി വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കണം.
3. സസ്യമൃഗ സമ്പന്നമായ വെള്ളാനിമലയിൽ റിസോർട്ടുകൾ സ്ഥാപിക്കുക.
4. കുതിരാൻ മലയിൽ വനം വകുപ്പിൻെറ കീഴിലുള്ള 'വനവിജ്ഞാനകേന്ദ്രം' വികസിപ്പിച്ച് കൂടുതൽ ആകർഷകമാക്കണം.

അദ്ധ്യായം 4(4)

# ഊർജ്ജം, ഗതാഗതം, വിപണി

## ഊർജ്ജം

പീച്ചി ഡാമിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1949 ൽ വിയ്യൂർ സബ്സ്റ്റേഷനിൽ നിന്നും 11 K.V.ഫീഡർ വഴിയാണ് ഈ പഞ്ചായത്തിലേക്ക് ആദ്യമായി വൈദ്യുതി എത്തുന്നത്. 47 വർഷങ്ങൾക്കിടയിൽ 62 കി.മീ 11കെ.വി. ലൈനും, 405 കി.മീ L.T.ലൈനും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 5600 വൈദ്യുതി ഉപഭോക്താക്കൾ ഉള്ളതിൽ 77% ഗാർഹിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. 14% കൃഷിക്കും, 8% വാണിജ്യത്തിനും, ഏകദേശം 1% വ്യവസായത്തിനുമായാണ് ഉപഭോഗം. എന്നിരുന്നാലും 5278 വീടുകളിൽ ഇനിയും വൈദ്യുതി എത്തിക്കേണ്ടതിനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്.

കേരളത്തിലെ ഏക 400 കെ.വി. സബ്സ്റ്റേഷനായ മാടക്കത്തറയിൽ നിന്നാണ് നമ്മുടെ മുഴുവൻ വൈദ്യുതി ആവശ്യവും നിറവേറ്റുന്നത്. 50 ട്രാൻസ്ഫോർമറുകൾ ഇതിനായി ഉപയോഗിക്കുന്നു. എങ്കിലും കൂടിയും 3, 4, 6, 8 എന്നീ വാർഡുകളിലെ വോൾട്ടേജ് ക്ഷാമം ഇപ്പോഴും തുടരുന്നു.

പ്രതിവർഷം 781 തെരുവ് വിളക്കുകൾക്കായി 1,13,380/- രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത്. പക്ഷേ ആ തുകക്ക് അനുസൃതമായി തെരുവ് വിളക്കുകൾ കത്തുന്നില്ല എന്ന പരാതിയും ഗ്രാമസഭകളിൽ ശക്തിയായി ഉയർന്നുവരികയുണ്ടായി. ഇത് പരിഹരിക്കണമെങ്കിൽ വഴിവിളക്കുകളുടെ നിയന്ത്രണാവകാശം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുകതന്നെവേണം. പാചക ആവശ്യത്തിന് 80% കുടുംബങ്ങളും വിറകാണ് ഉപയോഗിക്കുന്നത്. 20% കുടുംബങ്ങളാണ് ഗ്യാസും, മണ്ണെണ്ണയും ഇന്ധനമായി ഉപയോഗിക്കുന്നത്. അവർതന്നെ നെല്ലുപുഴുങ്ങുന്നതിനും വെള്ളം തിളപ്പിക്കുന്നതിനുമൊക്കെ വിറകിനെ തന്നെയാണ് ആശ്രയിക്കുന്നത്.

സാധാരണ അടുപ്പുകളുടെ ഇന്ധനക്ഷമത തുലോം 10% മാത്രമാണ്. പുകയേൽക്കാത്ത, ഇന്ധനക്ഷമത 35% മെങ്കിലും ഉള്ളതുമായ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുന്നതിലൂടെ വിറകിൻെറ അമിതമായ ഉപയോഗം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ കഴിയുമെന്നു മാത്രമല്ല, അടുക്കളയിൽ ജോലിചെയ്യുന്നവർക്കു കൂടുതൽ മെച്ചപ്പെട്ട ഒരു ആരോഗ്യ പരിസരമുണ്ടാക്കുവാനും, ഒരു പരിധി വരെ വനനശീകരണം തടയുന്നതിനും സാധിക്കും.

കൃഷിയും മൃഗസംരക്ഷണവും ഉപജീവനമാക്കിയിട്ടുള്ളവരാണ് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേരും എന്നതിനാൽ ബയോഗ്യാസ് പ്ലാൻറുകൾക്ക് നല്ല സാദ്ധ്യതയുണ്ട്. അനെർട്ടിൻെറ (ANERT) സഹായത്തോടെ, സൗരോർജ്ജം ഉപയോഗപ്പെടുത്തിക്കോണ്ടുള്ള പമ്പ്സെറ്റുകൾ, വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതാണ്.

| വാർഡ് | 'വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങൾ' |
|---|---|
| I | മണിയൻ കിണർ, ഒളകര, കോമ്പുങ്ങൽ, മരുതുംകുഴി,ആനവാരി,പൊട്ടിമട,പാത്രക്കണ്ടം,പെരുംതുമ്പ. |
| II | ഇരുമ്പുപ്പാലം,കുതിരാൻ,വഴക്കുംപ്പാറ,പാറപ്പുറംപ്രദേശം,മുങ്ങിപ്പാടം,കരടിക്കുണ്ട്,ചാക്കോള തരിശ്,കിളക്കേരാമൻചിറ |
| III | വാരിയത്ത്കാട്,ഒറവുംപ്പാടം |
| IV | കുറത്ത്പുറത്ത്കാവ്,തേവൻെറമുക്ക് |
| V | മുലംങ്കോട്മുക്ക്,കോരംകുളം,വീരപ്പൻപ്പാടം,മഞ്ഞക്കുന്ന്,തോട്ടത്തിൻെറഭാഗം |
| VI | ചീനിക്കാട്,തോണിക്കൽ,ചരൽഫറസ്മിച്ചഭൂമി,വെള്ളാനിയുടെ താഴ്വാരം,തമ്പുരാട്ടിപ്പറമ്പ,വടക്കേകുത്ത്,കൊട്ടിലുംക്കുന്ന് റോഡ്. |
| VII | പൊതുശ്മശാനത്തിൻെറ ഭാഗം |
| VIII | താളിക്കോട് വാപ്പറമ്പൻെറ പ്രദേശം, ചാത്തംകുളം, കനാൽറോഡ്, താളിക്കോട് നിന്നുകുഴി റോഡ്, ചാത്തംകുളം പടിഞ്ഞാറേഭാഗം, ചെമ്പൂത്ര കനാൽപ്പുറം കോസാറ, വടക്കേക്കര പൈപ്പിനടുത്ത ഭാഗം. |
| X | കാളക്കുന്ന്,കൊല്ലമുക്ക് |
| XI | കൊല്ലമുക്ക് കനാൽഭാഗം,വട്ടപ്പാറ,മഞ്ഞായിച്ചിറ,വെള്ളച്ചാൽ. |
| XII | ചെന്നായ്പ്പാറ റോഡിൻെറ അവസാന ഭാഗം, വിങ്ങശ്ശേരി, ചോരക്കുന്ന്,വെറ്റിലപ്പാറ റോഡ്. |

# ഗതാഗതം

വിസ്തൃതിയുടെ കാര്യത്തിൽ ജില്ലയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്നതും മലയോര കർഷകർ തിങ്ങിപ്പാർക്കുന്നതുമായ ഒരു പ്രദേശമാണ് പാണഞ്ചേരി പഞ്ചായത്ത്. ആദികാലങ്ങളിൽ കാളവണ്ടിയും പോത്ത് വണ്ടിയുമാണ് നാട്ടുകാർ ഗതാഗതത്തിന് ഉപയോഗിച്ചിരുന്നത്. കാലാന്തരത്തിൽ കല്ക്കരി വണ്ടികളും, പെട്രോൾ, ഡീസൽ വാഹനങ്ങളും സാധാരണമായിത്തീർന്നിരിക്കുന്നു. ഇപ്പോൾ തൃശൂരിൽ നിന്ന് ഈ പഞ്ചായത്തിലൂടെ ഒന്നര മിനിറ്റ് ഇടവിട്ട് പാലക്കാട്ട് ജില്ലയിലേക്ക് 130 ബസ്സുകളും, പീച്ചി ഭാഗത്തേക്ക് ശരാശരി 10 മിനിട്ട് ഇടവിട്ട് 25 ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. പൂവൻചിറ, വെള്ളക്കാരിത്തടം, പയ്യനം, തെക്കുംപാടം എന്നീ പ്രദേശങ്ങളിലേക്ക് നാമമാത്രമായാണ് ബസ് സർവ്വീസ് ഉള്ളത്. ഈ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ 287 കിലോമീററർ റോഡുകൾ ഉള്ളതിൽ 16 കി.മീ.നാഷണൽ ഹൈവേ (NH47) ഉം 23.5 കി.മീ. P.W.D. റോഡുമാണ്. സംസ്ഥാനത്തെ റോഡുകളുടെ നീളം ശരാശരി 3.2 കി.മീ. / സ്കയർ കി.മീ. ആയിരിക്കേ ഇവിടുത്തെ ശരാശരി റോഡ് നീളം ചതുരശ്ര കിലോമീറ്ററിന് 1.64 കി.മീ ആണ്. 74.5 K.M. റോഡ് ടാർ ചെയ്തിട്ടുള്ളതാണ്.

മലയോരപ്രദേശങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകൾ, കാന, കലുങ് എന്നിവയുടെ അപര്യാപ്തത മൂലം മഴക്കാലത്ത് മണ്ണൊലിച്ചുപോയി ഗതാഗതയോഗ്യമല്ലാത്തതായിതീരുന്ന സ്ഥിതി സാധാരണമാണ്. പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ പട്ടിക്കാട്ട് ഒരു വണ്ടിപ്പേട്ടയും, വാണിയംപാറ, മുടിക്കോട്, കണ്ണാറ, വിലങ്ങന്നൂർ എന്നിവിടങ്ങളിൽ റോഡരികിലായി മറ്റു പേട്ടകളും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ടാർറോഡുകൾ

| ക്രമനമ്പർ | റോഡ് (പേര്) From-To | ഉടമ സ്ഥത (PWD/State/NH / Panjayath) | ദൂരം(കി.മി) | വീതി(മീ ) | ബസ് സൗകര്യം |
|---|---|---|---|---|---|
| 1 | വാണിയമ്പാറ-മഞ്ഞവാരി റോഡ്-ആനവാരി റോഡ്' W-I | പഞ്ചായത്ത് | 8 | 8 | ഇല്ല. |
| 2 | ചുവന്നമണ്ണ്-പൂവൻചിററോഡ്. മലയൻകോളനി റോഡ് W-III | പഞ്ചായത്ത് | 4.5 | 8 | ഉണ്ട്. |
| 3 | നാണിപ്പാടംആയോഡ്റോഡ് W-IV | പഞ്ചായത്ത് | 1.0 | 8 | ഇല്ല. |
| 4 | താണിപ്പാടം P.W.D റോഡിനും N.H റോഡിനുംഇടക്കുള്ള ലിങ്ക്റോഡ്. W-IV | പഞ്ചായത്ത് | 0.070 | 8 | ഇല്ല |
| 5 | പത്താം കല്ല്-മേലെച്ചിറ റോഡ് W-V | പഞ്ചായത്ത് | 1.5 | 8 | ഇല്ല. |
| 6 | കല്ലിടുക്ക്-തെക്കുംപ്പാടം മഞ്ഞക്കുന്ന്-മൈലാടുംപ്പാറ-പീച്ചിറോഡ് W-V | പഞ്ചായത്ത് | 4.5 | 8 | ഉണ്ട്. |
| 7 | പട്ടിക്കാട്-ഓട്ടിസ്റോഡ് W-VI | P.W.D. | 1.0 | 8 | ഇല്ല. |
| 8 | ഓട്ടിസ്മലമുക്ക്റോഡ് W- VI | പഞ്ചായത്ത് | 0.50 | 8 | ഇല്ല. |
| 9 | ചാണോത്ത് ഹരിജൻ കോളനിറോഡ് W-VI | പഞ്ചായത്ത് | 1.100 | 6 | ഇല്ല. |
| 10 | പട്ടിക്കാട്-കല്ലിടുക്ക് പഴയ P.W.D റോഡ്-up to ചുവന്നമണ്ണ്. W-III, IV,VI | P.W.D | 2 | 8 | ഉണ്ട്. |
| 11 | പട്ടിക്കാട്-സെൻറർ NH.ലിങ്ക് റോഡ് | പഞ്ചായത്ത് | 0.080 | 8 | ഇല്ല. |
| 12 | പട്ടിക്കാട്എടപ്പലം റോഡ്. W- VIII | പഞ്ചായത്ത് | 0.8 | 6 | ഇല്ല. |
| 13 | ചെമ്പൂത്ര-കുരങ്ങൻപാററോഡ്. W-VIII | പഞ്ചായത്ത് | 2.6 | 6 | ഇല്ല. |
| 14 | പാണഞ്ചേരി-വടക്കേക്കര റോഡ്. | പഞ്ചായത്ത് | 8 | 8 | ഇല്ല. |
| 15 | തെക്കുംമ്പാടം-മഞ്ഞക്കുന്ന്ബൈപാസ്റോഡ്. W- V | പഞ്ചായത്ത് | 0.50 | 8 | ഇല്ല. |
| 16 | എടപ്പലം-കൂട്ടാലറോഡ് . W- IX | പഞ്ചായത്ത് | 2.5 | 8 | ഇല്ല. |
| 17 | മുടിക്കോട്-കൂട്ടാല റോഡ്. 20W- IX | പഞ്ചായത്ത് | 3 | 8 | ഇല്ല. |
| 18 | കണ്ണാറ-മാരാക്കൽ റോഡ്. W-X | P.W.D | 4 | 8 | ഉണ്ട് |
| 19 | പട്ടിക്കാട് പീച്ചി റോഡ് | P.W.D | 8 | 8 | ഉണ്ട് |
| 21 | പയ്യനം റോഡ് W-XI | പഞ്ചായത്ത് | 5 | 8 | ഉണ്ട് |
| 22 | ചേരുംകുഴി-ചവറാംപാട MLA റോഡ് W-XI | P.W.D | 4.5 | 8 | ഇല്ല. |
| 23 | വിലങ്ങന്നൂർ-വെള്ളക്കാരിത്തടം റോഡ് | പഞ്ചായത്ത് | 3.8 | 8 | ഉണ്ട് |
| 24 | മുടിക്കോട്-ചാത്തൻകുളം-മാടക്കത്തറ റോഡ്. | P.W.D | 1 | 8 | ഇല്ല |

## ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| ക്രമമ്പർ | വാർഡ് | റോഡിൻെറ പേര് | ടാർചെയ്യേണ്ട ദൂരം കി.മീ | വീതി മീ. |
|---|---|---|---|---|
| 1. | I | വാണിയം പാറ- ആനവാരി - അടുക്കളപ്പാററോഡ് | 0.8 | 8 |
| 2. | II | തോണിക്കൽറോഡ് | 2.2 | 8 |
| 3. | V&VII | കണ്ണാറ - കമ്പനിപ്പടി മണ്ടൻചിറ - മഞ്ഞക്കുന്ന് റോഡ് | 2.4 | 6 |
| 4. | XII | വിലങ്ങന്നൂർ - പായ്ക്കണ്ടം റോഡ് | 1.8 | 8 |
| 5. | XII | കരടിയള - വീണ്ടശ്ശേരി റോഡ് | 1.4 | 8 |
| 6. | V | മഞ്ഞക്കുന്ന് - പുഴക്കടവ് വരെ | 0.15 | 8 |
| 7. | XIII | മൈലാടും പാറ - പീച്ചി റോഡ് | 1.5 | 8 |
| 8. | I | വാണിയമ്പാറ -പൊട്ടിമട ഗിരിജൻ കോളനി റോഡ് | 0.4 | 8 |
| 9. | XI | ആശാരിക്കാട് - ഹരിജൻകോളനി റോഡ് | 0.25 | 8 |
| 10. | XII | ചെന്നായ് പാറ കോശിമുക്ക് റോഡ് | 1.0 | 8 |
| 11. | XIV | തെക്കേകുളം റോഡ് | 2.5 | 8 |

## പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

| ക്രമനമ്പർ | വാർഡ് | നിർദ്ദേശിക്കുന്ന റോഡ് (from-to) | നീളം കി. മീ | വീതി മീ |
|---|---|---|---|---|
| 1. | I | കൊമ്പഴ പെരുമ്പുസ റോഡ് വാണിയമ്പാറ - മണിയൻ കിണർ - ഒളകര റോഡ് | 8 | 8 |
| 2. | II | കൊമ്പഴ -രാമൻചിറ റോഡ് | 2 | 3 |
| 3. | III | ഉറവുംപാടം റോഡ് | 2.5 | 4 |
| 4. | IV | തേക്കിൻകാട് റോഡ് | 2 | 4.5 |
| 5. | IV | അട്ടിപ്പാറതോണിക്കുഴി വഴി ചൂലിപാടം റോഡ് | 2 | 5 |
| 6. | IV | ആയോട് യൂണിയൻ ഓഫീസിന് മുൻവശത്ത് നിന്നും താഴോട്ടുള്ള വഴി | 0.75 | 3.5 |
| 7. | V | കന്നുകാലിച്ചാൽ ബ്രാഞ്ച് റോഡ് | 0.2 | 3 |
| 8. | V | മുലംകോട് ഭാഗത്ത് വഴി | 0.5 | 4 |
| 9. | VI | തമ്പുരാട്ടിപ്പടി - തമ്പുരാട്ടിപ്പറമ്പ് റോഡ് | 1.5 | 3.6 |
| 10. | VI | കൊട്ടിലം കുന്ന് ചാണോക്ക് | 2 | 4 |
| 11. | VII | അല്ലാറ - കിഴക്കെ കനാൽപ്പുറം റോഡ്. (തെക്കിൻകാടിന് സമീപം) | 1.5 | 4 |
| 12. | VII | പട്ടിക്കാട് ധർമ്മശാസ്ത്ര അമ്പലത്തിന് പുറകെ കനാൽപ്പുറം NH ലിങ്ക് റോഡ് | 0.20 | 6 |
| 13. | VIII | താളിക്കോട്ട് - നിന്നുകുഴി റോഡ് | 3 | 5 |
| 14. | VIII | ചെമ്പൂത്തറ മാവിൻചുവട് റോഡ് | 7 | 4 |
| 15. | IX | പാണഞ്ചേരി ചെമ്പൂത്ര | | |
| 16. | X | മാരായ്ക്കൽ കുരിശുംമല - പുഴക്കടവ് റോഡ് | 0.30 | 4 |
| 17. | X | ചാലാംപാടം - കാളക്കുന്ന് റോഡ് | | |
| 18. | X | ചാലാപാടം - കന്നുകാലിക്കടവ് റോഡ് | 0.30 | 3 |
| 19. | XI | പയ്യനം കോളനി - ആശാരിക്കാട് അമ്പലമുക്ക് റോഡ് | 3 | 6 |
| 20. | XI | സ്നേഹാശ്രമം - വെള്ളച്ചാൽ റോഡ് | 2 | 5 |
| 21. | XI | കാളക്കുന്ന് - ചാലാംപാടം റോഡ് | 2.5 | 4.5 |
| 22. | XII | വെറ്റിലപ്പാറ കനാലിന് സമീപം KFRI കോമ്പൗണ്ടിലൂടെതെക്കെവെറ്റിലപ്പാറ റോഡ് | 3 | 4 |
| 23. | XII | വടക്കേ പായ്ക്കണ്ടം KFRI ക്വാർട്ടേഴ്സ് തെക്കേഭാഗം റോഡ് | 2 | 4.5 |
| 24. | XIII | മനക്കപ്പാടം ആലിമുക്ക് റോഡ് | 1.5 | 5 |
| 25. | XIV | അമ്പലകുന്ന് താഴ്വാരം - മനക്കപ്പാടം റോഡ് | 2 | 6 |
| 26. | XIV | തെക്കേകുളം തോണിച്ചാൽ റോഡ് | 3 | 6 |
| 28. | VIII | താളിക്കോട് അയ്യപ്പൻകാവ് ചെമ്പൂത്ര റോഡ് | 2 | 4 |
| 29. | XI | ചേരുംപടി M.L.A.റോഡുമായി ബന്ധിപ്പിക്കുന്ന ഗാന്ധിജി റോഡ് | 1 | 4 |
| 30. | XII | വീണ്ടശ്ശേരി ശാന്തി ആശ്രമം റോഡ് | | |
| 31. | XII | പോസ്റ്റാഫീസ് - കോശിമുക്ക് കോഡ് റോഡ് | | |

## മെറ്റൽ ചെയ്ത് ടാറിടേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് | റോഡിൻെറ പേര് from-To | ദൂരം കി.മീ | വീതി മീ |
|---|---|---|---|---|
| 1. | I | വാണിയമ്പാറ - മഞ്ഞവാരി - ആനവാരി റോഡ് | 3 | 8 |
| 2. | I | വാണിയമ്പാറ - പൊട്ടിമട റോഡ് | 2 | 8 |
| 3. | I | നീലിപ്പാറ- പൊട്ടിമട റോഡ് | 3 | 6 |
| 4. | II | വഴക്കുംപാറ - പാറപ്പുറം റോഡ് | 2 | 6 |
| 5. | II | കൊമ്പഴ രാമൻ ചിററോഡ് | 2.8 | 5 |
| 6. | II | വഴക്കുംപാറ - ഏഴാംനമ്പർറോഡ് കിഴക്കേ രാമൻചിര | 2 | 6 |
| 7. | III | വാരിയത്ത് കാട് - പൂവൻചിറ റോഡ് - | 4 | 8 |
| 8. | III | ചുവന്ന മണ്ണ് - പാണക്കാട് പൂവൻചിറ റോഡ് | 3 | 6 |
| 9. | III | പൂവൻചിറ വടക്കേമല റോഡ് | 1 | 1.5 |
| 10. | IV | മുട്ടാല ഹരിജൻ കോളനി റോഡ് | 1.5 | 6 |
| 11. | IV | കലവറക്കുന്ന് റോഡ് | 1 | 4.5 |
| 12. | IV | ആയോട് - കുറുപ്പത്ത്കാട് റോഡ് | 3 | 6 |
| 13. | V | മേലെച്ചിറ ഹരിജൻകോളനി റോഡ് | 1.5 | 5 |
| 14. | V | കോരംകുളം വടക്കേതോട് റോഡ് | 2 | 4.8 |
| 15. | V | പത്താംകല്ല് കോരൻകുളം കന്നുകാലിച്ചാൽറോഡ് | 2.8 | 5 |
| 16. | VI | ചീനാട്ടിക്കുളം - ചാണോപ്പാടം - കുരങ്ങൻ പാറ റോഡ് | 3.5 | 5 |
| 17. | VI | ചാണോത്ത് - ചരൽപ്പറമ്പ് റോഡ് | 1.5 | 4 |
| 18. | VI | തമ്പുരാട്ടിപ്പടി - തമ്പുരാട്ടി പറമ്പ് റോഡ് | 2.5 | 5 |
| 19. | VII | പട്ടിക്കാട് ധർമ്മശാസ്ത ക്ഷേത്രത്തിന് പുറകിലൂടെ കനാൽപ്പുറം വഴി NHമായി ബന്ധിപ്പക്കുന്ന റോഡ് | 0.20 | 5 |
| 20. | VII | അല്ലാറകനാൽപ്പുറം റോഡ് | 2 | 6 |
| 21. | VII | പട്ടിക്കാട് നിന്ന് പൊതുസ്മശാനം വരെ റോഡ് | 1.5 | 5 |
| 22. | VIII | ചാത്തൻകുളം താളിക്കോട് കോമ്പാറ വരെ റോഡ് | 4 | 7.5 |
| 23. | VIII | ചെമ്പുത്ര താളിക്കോട് റോഡ് | 3 | 6 |
| 24. | VIII | കണിയംകുഴി റോഡ് | 2.5 | |
| 25. | IX | എടപ്പലം കോളനി റോഡ് | 1 | 5 |
| 26. | IX | കരിപ്പ -കരോട്ടിചാൽ റോഡ് | 1 | 5 |
| 27 | IX | ചെമ്പുത്ര കരിപ്പക്കുന്ന് റോഡ് | 1.4 | 6 |
| 28. | X | വീണ്ടശ്ശേരി പയ്യനം ഗിരിജൻ കോളനി റോഡ് | 3.5 | 6 |
| 29. | X | മാരാക്കൽ - മാപ്പിളക്കാട് റോഡ് | 1.2 | 4 |
| 30. | X | കുരിശുമുക്ക് ഹെൽത്ത് സെൻറർ ബാലവാടി ചോറക്കടവ് റോഡ് | 1.5 | 4 |
| 31. | XI | പുന്നയോട് വെള്ളച്ചാൽ റോഡ് | | |
| 32. | XI | കാളക്കുന്ന് റോഡ് | | |
| 33. | XI | പയ്യനം കോളനി ആശാരി ക്കാട് റോഡ് | | |
| 34. | XII | ബഥനി കോൺവെൻറ് റോഡ് | 2 | 5 |
| 35. | XII | വിലങ്ങന്നൂർ വിണ്ടശ്ശേരി റോഡ് | 3 | 4 |
| 36. | XII | ചെന്നായ്പാറ- പായ്ക്കണ്ടം റോഡ് | 2 | 6 |
| 37. | XIII | കണ്ണാറ ചീനിക്കടവ് റോഡ് | 3 | 6 |
| 38. | XIII | ചെളിക്കുഴി - മയിലാടുംപാറ റോഡ് | 2 | 4 |
| 39. | XIII | പൊടിപ്പാറ റോഡ് | 3 | 4 |
| 41. | XIV | ചെന്നായ്പാറ - കുന്നത്തങ്ങാടി റോഡ് | 2 | 8 |
| 42. | XIV | പീച്ചി - ഫോറസ്റ്റ് ഓഫീസ് - മനക്കപ്പാടം റോഡ് | 2.5 | 5 |
| 43 | VIII | പാണഞ്ചേരി - ചാത്തൻകുളം റോഡ് | 0.2 | 7 |
| 44. | I | ഇരുമ്പുപാലം പെരും തുമ്പ | | |
| 45. | I | നീലിപ്പാറ - മണിയം കിണർ | | |

# വിപണി

ജില്ലയിലെ കാർഷികോല്പന്നങ്ങളുടെ പ്രധാന ഉൽപ്പാദന കേന്ദ്രമാണ് പാണഞ്ചേരി. റബർ, നാളികേരം, അടയ്ക്ക തുടങ്ങിയ നാണ്യവിളകൾ ജാതിക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ മുതലായ മലഞ്ചരക്കുകൾ, പാവയ്ക്ക, വെളളരിക്ക, കുമ്പളങ്ങ, പയർ, ചേന. ചേമ്പ്, പടവലങ്ങ, കായ, ചീര തുടങ്ങിയ പച്ചക്കറികൾ, ചീര തുടങ്ങിയ ഇലക്കറികൾ എല്ലാം ഇവിടെ ധാരാളമായി ഉൽപ്പാദിപ്പിക്കപ്പെടുന്നു, ഈ പ്രദേശത്ത് ഒരു വിപണനകേന്ദ്രം ഇല്ല എന്നത് ഖേദകരമാണ്. ഇവിടത്തെ ഉൽപ്പന്നങ്ങൾ മറ്റു കേന്ദ്രങ്ങളിൽ കൊണ്ടുപോയി, വിശേഷിച്ചും തൃശൂരിൽ മൊത്തമായി വിൽക്കുന്നു. ഇവ വാങ്ങുന്ന കച്ചവടക്കാർ ഇവിടുത്തെ പല കേന്ദ്രങ്ങളിലും ചില്ലറ വില്പന നടത്തുകയും ചെയ്യുന്നു. ഇതുമൂലം ഉൽപ്പാദകന് ന്യായവില കിട്ടാതിരിക്കുമ്പോൾ തന്നെ ഉപഭോക്താവിന് അമിത വില നൽകേണ്ടിയും വരുന്നു. അതിനാൽ ഒരു മാർക്കറ്റ് അത്യന്താപേക്ഷിതമാണ്.

## കന്നുകാലിച്ചന്ത

ഈ പഞ്ചായത്തിൽ ആഴ്ചതോറും വ്യാഴാഴ്ച ദിവസങ്ങളിൽ കന്നുകാലിച്ചന്ത നടന്നുവരുന്നുണ്ട്. ഇതിന് ഇപ്പോൾ സ്വന്തമായി ഒരു സ്ഥലമില്ല. പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള കളിസ്ഥലവും കനാലിൻെറ പുറമ്പോക്കുഭൂമിയും കേന്ദ്രീകരിച്ചാണ് ചന്ത നടക്കുന്നത്.

**വണ്ടിപേട്ടകളും വാഹനങ്ങളും**

| ക്രമനമ്പർ | സ്ഥലം | എണ്ണം | | | | |
|---|---|---|---|---|---|---|
| | | ജീപ്പ് | കാർ | ടെമ്പോ | ലോറി | ഓട്ടോ |
| 1. | വാണിയമ്പാറ | 16 | 1 | 2 | | 6 |
| 2. | പട്ടിക്കാട് | 38 | 10 | 37 | 8 | 30 |
| 3. | മുടിക്കോട് | ...... | ...... | ..... | ....... | 10 |
| 4. | കണ്ണാറ | ...... | ...... | ..... | .... | 15 |
| 5. | വിലങ്ങന്നൂർ | 7 | 2 | 7 | 4 | 16 |
| ആകെ | | 61 | 13 | 46 | 12 | 77 |

## പ്രശ്നങ്ങൾ

ഊർജ്ജം

1. രണ്ടാംവാർഡിൽ വടക്കുംപാറ മേലെ ചിറ തോണിക്കൽ പ്രദേശങ്ങളിലെ ട്രൻസ്ഫോർമറുകളിൽ ഇടയ്ക്കിടെ ഫ്യൂസ് പോകാറുണ്ട്. അത് ശരിയാക്കികിട്ടാൻ താമസം നേരിടാറുണ്ട്. ഇത് ഒഴിവാക്കാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.
2. താണിപ്പാടത്തു നിന്നും ആയോട്ടിലേക്ക് പാടത്തുകൂടി പോകുന്ന ലൈൻ ആയോട് റോഡിൻെറ സൈഡിലേക്ക് മാറ്റണം. മൂന്നാം വാർഡിൽ ചൂലിപ്പാടത്തുനിന്നും ആയോട്ടിലേക്കു പോകുന്ന ലൈൻ മാറ്റി സ്ഥാപിക്കണം.
3. ആറാം വാർഡിൽ തെക്കും പാടത്തേക്കുള്ള 11 കെ.വി. ലൈനിൻെറ പോസ്റ്റുകൾ അപകടകരമാണ്.
4. വൈദ്യുതി കണക്ഷനുവേണ്ടി പണം അടച്ചിട്ടുള്ള മുഴുവൻ പേർക്കും കണക്ഷൻ ലഭിച്ചിട്ടില്ല.
5. കൂട്ടാല മരിയൻ പ്ലാസ്റ്റിക്കിൻെറ മുമ്പിലുള്ള ട്രാൻസ്ഫോർമറിൽ നിന്നും ഒരു ത്രീ ഫെയ്സ് ലൈൻ കനാൽപുറത്തേക്ക് വലിക്കണം.
6. 12 ാം വാർഡിൽ കോശിമുക്ക് ,ചെന്നായ് പാറ റോഡിൻെറ മദ്ധ്യഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കണം.
7. പഞ്ചായത്തിൽ ഹരിജനങ്ങളുടെ വീടുകളിൽ വയറിംങ്ങ് കഴിഞ്ഞിട്ട് ഏറെയായെങ്കിലും ഇതുവരെ കണക്ഷൻ ലഭിട്ടില്ല.
8. പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും വൈദ്യുതി ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
9. ചില സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്നുണ്ട്.
10. പീച്ചി വാണിയം പാറ എന്നീ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് കറൻറ് ചാർജ്ജ് അടയ്ക്കാൻ 8 മുതൽ 15 കി.മീ വരെ സഞ്ചരിച്ച് പട്ടിക്കാട് എത്തണം.

ഗതാഗതം

1. പീച്ചി ഭാഗത്തുനിന്ന് വരുന്ന പല ബസുകളും പഞ്ചായത്ത് ആഫീസിന് മുന്നിലെത്തി തിരിക്കുന്നില്ല.
2 പീച്ചിക്കുണ്ടായിരുന്ന KSRTC ബസുകൾ ഓടുന്നില്ല
3. ഈ പഞ്ചായത്ത് ഒരു മലയോരമേഖലയായത് കൊണ്ട് തന്നെ മഴക്കാലത്ത് ഇവിടെ നിർമ്മാണം പൂർത്ത് യാക്കിയ റോഡുകൾ കുഴിഞ്ഞുപോകുന്ന സ്ഥിതി നിലനിൽക്കുന്നു.
4 റോഡിൻെറ ഇരുഭാഗത്തും സ്വകാര്യവ്യക്തികൾ മണ്ണിട്ട് ഉയർത്തുന്നതു മൂലം റോഡുകൾ ചാലുകളാകുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.
5. റോഡുകൾക്ക് കാന, കലുങ്ക് എന്നിവ നിലവിലില്ല.

മാർക്കറ്റ്

1. കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനായി മൊത്തവ്യാപാരികൾ പഞ്ചായത്തിലില്ല.
2. സ്വന്തമായി കന്നുകാലിച്ചന്തക്ക് സ്ഥലമില്ല.
3. ആധുനിക സൗകര്യത്തോടുകൂടിയ അറവു ശാലയില്ല.

## നിർദ്ദേശങ്ങൾ

ഊർജ്ജം

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
2. കണക്ഷൻ ലഭിക്കാനുള്ള നിയമങ്ങൾ ലഘൂകരിക്കണം.
3. ഇന്ധനക്ഷമത കൂടിയ പുകയില്ലാത്ത പരിഷത്ത് അടുപ്പ് പ്രചരിപ്പിക്കണം.
4. ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കണം.
5. സൗരോർജ്ജം ഉപയോഗിക്കാൻ സാങ്കേതിക പരിശീലനം നൽകണം.
6. വിലങ്ങന്നൂരിലും വാണിയം പാറയിലും വൈദ്യുതി ഓഫീസ് സ്ഥാപിക്കണം.
7. വിലങ്ങന്നൂരിൽ ഗ്യാസ് ഏജൻസി സ്ഥാപിക്കണം.

ഗതാഗതം

1. പീച്ചി ബസുകൾ പഞ്ചായത്ത് ഓഫീസിനടുത്ത് വന്ന് തിരിച്ചുപോകുന്ന സംവിധാനം ഉറപ്പാക്കണം.
2. പീച്ചിയിൽ നിന്നും KSRTC ദീർഘദൂര ബസുകൾ ആരംഭിക്കണം.
3. റോഡുകളുടെ നിർമ്മാണം സന്നദ്ധ പ്രവർത്തനം വഴി നടത്തണം.
4. റോഡുകളുടെ അറ്റകുറ്റ പണികളും കാനകളുടെ നിർമ്മാണവും ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കണം.

മാർക്കറ്റ്

1. പട്ടിക്കാട് സെൻററിൽ പച്ചക്കറി മാർക്കറ്റിനായി പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള സ്ഥലം തരകായി ഉപയോഗി ക്കാവുന്നതാണ്.
2. മൊത്തവ്യാപാരികളെ ആകർഷിക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.
3. കന്നുകാലി ചന്തയും ആധുനിക അറവുശാലയും ഉണ്ടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്.

# പൊതുജനാരോഗ്യം

## കുടിവെള്ളം

മലകളും, കുന്നുകളും, പാറക്കെട്ടുകളും നിറഞ്ഞ ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കിണറുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. 1991 ലെ വിഭവ ഭൂപടനിർമ്മാണത്തിനുവേണ്ടി ശേഖരിച്ച വിവരങ്ങളിൽ നിന്ന് എല്ലാ വാർഡുകളിലുമായി 1771 കിണറുകളുണ്ടെന്നും അവയിൽ 1235ഉം വറ്റാത്തവയാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കിണറുകളിൽ നിന്ന് അവയുടെ ഉടമസ്ഥരും പരിസരവാസികളും കുടിവെള്ളം ശേഖരിക്കുന്നു. പലവാർഡുകളിലും വ്യക്തികൾ നിർമ്മിച്ചതും പൊതുവായതുമായ കുഴൽ കിണറുകൾ ഉണ്ടെങ്കിലും പലതിലും എല്ലാകാലത്തും സുലഭമായി വെള്ളം കിട്ടുന്നില്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. പീച്ചി പദ്ധതിയുടെ ജലസേചന കനാലുകൾ നമ്മുടെ പഞ്ചായത്തിലെ കുറെ പ്രദേശങ്ങളിലെ കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്ന ഘടകമായി വർത്തിക്കുന്നു.

### പൊതുവിതരണസംവിധാനം

പൊതു ജനങ്ങൾക്കുവേണ്ടി പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള 27 സാധാരണ കിണറുകളും 10 കുഴൽകിണറുകളും ഉണ്ട് ഇവിടെ.

പൊതു കിണറുകൾ

| വാർഡ് | സാധാരണ കിണർ | ഉപയോഗിക്കുന്ന കുടുംബങ്ങൾ | കുഴൽക്കിണർ | ഉപയോഗിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|
| 1 | 3 | 140 | 2 | 75 |
| 2 | 1 | 15 | 1 | 5 |
| 3 | 1 | - | 1 | - |
| 4 | 2 | 30 | 1 | 24 |
| 5 | 1 | 30 | | |
| 6 | 5 | 30 | 0 | |
| 7 | 7 | 60 | 1 | 15 |
| 8 | 2 | | 1 | 60 |
| 9 | 2 | 15 | 1 | |
| 10 | 1 | 10 | 0 | 20 |
| 11 | 1 | | 1 | |
| 12 | | | | |
| 13 | | | 2 | |
| 14 | 1 | 30 | 0 | |

പീച്ചി, വിലങ്ങന്നൂർ, ചെന്നായ്പാറ ജലവിതരണപദ്ധതി വിലങ്ങന്നൂരിൽ സ്ഥാപിച്ചിട്ടുള്ള 2.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർലോഡ് ടാങ്കിലേക്ക് പീച്ചിയിൽ നിന്ന് ശുദ്ധീകരിച്ചിട്ടുള്ള ജലം പമ്പ് ചെയ്ത് സംഭരിച്ച് പൈപ്പുവഴി വിവിധ വാർഡുകളിലായി വിതരണം നടത്തിവരുന്നു. 1990 ൽ ആരംഭിച്ച ഈ പദ്ധതിയിൽ 67 കി.മീ. പൈപ്പും 120 പൊതുടാപ്പുകളും 86 വീട് കണക്ഷനുകളും ഉണ്ട്. കേരള ജല അതോറിറ്റിയുടെ ചുമതലയിലാണ് പദ്ധതി എന്നതുകൊണ്ടുതന്നെ പഞ്ചായത്തറിയാതെ വീട് കണക്ഷൻ ജലഅതോറിറ്റി നൽകുന്നത് പല ബുദ്ധിമുട്ടുകൾക്കും ഇടവരുത്തുന്നുണ്ട്. വരൾച്ച ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള പൊതു ടാപ്പുകളിൽ ജലവിതരണം നടത്തുന്നതിൽ അതോറിറ്റി വിമുഖത കാണിക്കുന്നു. മാത്രമല്ല പദ്ധതിയുടെ സംഭരണ വിതരണശേഷി കണക്കിലെടുക്കാതെ പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതുമൂലം ടാപ്പുകളിൽ ആവശ്യത്തിന് വെള്ളം കിട്ടുന്നില്ല എന്ന പരാതി വ്യാപകമാണ്. പല പ്രദേശങ്ങളിലും രണ്ട് ദിവസത്തിലൊരിക്കൽ നാല് മണിക്കൂറേ വെള്ളം കിട്ടുന്നുള്ളു.

### കൊമ്പഴ ശുദ്ധജല വിതരണപദ്ധതി.

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന 1,2 വാർഡുകളിലെ 96 കുടുബങ്ങൾക്ക് ശുദ്ധജല വിതരണം നടത്തുന്ന പദ്ധതിയാണിത്. ശുദ്ധജല വകുപ്പിന്റെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള കുഴൽക്കിണറുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് 48 പൊതുടാപ്പുകൾ വഴി വിതരണം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 3-ാം വാർഡിൽ പൂവൻചിറയിലെ 45 കുടുംബങ്ങൾക്കും ഇതുപോലെ ജലവിതരണം നടത്തുന്നുണ്ട്. പള്ളിക്കണ്ടം ഹരിജൻകോളനിയിലും ശുദ്ധജലവിതരണത്തിനുള്ള സംവിധാനമുണ്ട്.

വനഗവേഷണ കേന്ദ്രത്തിലേക്കും ജീവനക്കാർക്കും വേണ്ടി കണ്ണാറ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരണം നടത്തി വിതരണം നടത്തിവരുന്നത് KFRI ആണ്. പീച്ചി ജലശുദ്ധീകരണ ശാലയിൽ അഴുക്കുകൾ നീക്കി അണുവിമുക്തമാക്കിയ വെള്ളം പൈപ്പുവഴി വിതരണം നടത്തുന്നതിനാൽ വെള്ളത്തിൻെറ ഗുണനിലവാരം ഉയർന്നതാണെന്ന് പറയാം. എന്നാൽ കുഴൽക്കിണറുകളിൽ നിന്ന് ലഭിക്കുന്ന വെള്ളത്തിൻേറയും കിണറുകളിലെ വെള്ളത്തിൻേറയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

മുപ്പതോളം കുടുംബങ്ങൾക്ക് വർഷം മുഴുവൻ കുടിവെള്ളം നൽകുന്ന ചൂളപ്പാറ ഉറവയും കാളക്കുന്നിലെ ഒരു വ്യക്തിയുടേതായ കാളക്കുന്ന് ഉറവയും ശുദ്ധജല സ്രോതസ്സുകളാണ്. പഞ്ചായത്തിൽ 14 പൊതു കുളങ്ങളുണ്ടെങ്കിലും കുടിവെള്ളശേഖരണത്തിനോ വിതരണത്തിനോ ഈ വെള്ളം ഉപയോഗിക്കുന്നില്ല. ഇവയെകൂടാതെ സ്വകാര്യ കുളങ്ങളും ഉണ്ട്.

ജലമലിനീകരണം പൊതുവെ കുറവാണ്. എന്നാൽ ആളുകൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശങ്ങളിൽ വൃത്തിയുള്ള കക്കൂസുകൾ ഉപയോഗിക്കാത്തത് ജലം മലിനമാകുന്നതിനും ഈച്ചകൾ വഴി രോഗങ്ങൾ പടരുന്നതിനും വഴി വെയ്ക്കുന്നുണ്ട്.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ പഞ്ചായത്തിലെ പല ഭാഗങ്ങളിലും കുടിനീർ ക്ഷാമം രൂക്ഷമാകാറുണ്ട്. അക്കാലത്ത് ലോറികളിൽ എത്തിക്കുന്ന വെള്ളത്തിനുവേണ്ടി കാത്തിരിക്കുന്ന ജനങ്ങളുടെ ദുരിതം പരിഹൃതമാകേണ്ടതാണ്. ഓരോ വാർഡിലും ശരാശരി ഇരുന്നൂറ് കുടുംബങ്ങൾ നാല് മാസത്തേക്ക് കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. തൃശൂർ ജില്ലാ കേന്ദ്രത്തിലേക്കും സമീപ പഞ്ചായത്തിലേക്കും ശുദ്ധജലമെത്തിക്കുന്ന പീച്ചി ജലസംഭരണി ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ 3610 കുടുംബങ്ങൾ കുടിജലക്ഷാമമനുഭവിക്കുന്നുണ്ടെന്നത് ഒരു വൈരുദ്ധ്യമായി തോന്നിയേക്കാം.

**ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

| വാർഡ് | പ്രദേശങ്ങൾ | കുടുംബങ്ങൾ |
|---|---|---|
| 1 | മഞ്ഞവാരി, അടുക്കളപ്പാറ, നീലിപ്പാറ, പൊട്ടിമട, പെരുംത്തുമ്പ | 260 |
| 2 | ഇരുമ്പുപാലം, തോന്നിക്കൽ കുന്നുംപുറം, ചാക്കോള തരിശ്, ഉറവുംപാടം, കനാൽമേൽ, വാണിയം പാറ, വടക്കുംപാറ ഗിരിജൻ കോളനി | 400 |
| 3 | പൂവൻചിറ വടക്കേ മൂല മുതൽ കാരക്കുഴി വരെ | 150 |
| 4 | കലവറക്കുന്ന്, കല്ലിടുക്ക് മുതൽ തേക്കിൻകാട് വരെ: അലയോട്, അട്ടിപ്പാറ | 250 |
| 5 | മേലേച്ചിറ, കന്നുകാലിച്ചാല്, മണക്കുന്ന്, വീരപ്പൻപാടം, കോരംകുളം മൂലംകോട് ഔഷധശാലയുടെ മുകൾ ഭാഗം. | 200 |
| 6 | കുരങ്ങൻപാറ, ചണോത്ത് കനാൽമേൽഭാഗം | 200 |
| 7 | വടക്കും പാടം കോളനി, ആൽപ്പാറ കനാൽപ്പുറം, പൊതുശ്മശാനം വരെ | 150 |
| 8 | താളിക്കോട്, വെള്ളച്ചിറ, കോമ്പാറ, വടക്കേകര, മാനംകോട്, ചെമ്പുത്ര കനാലുംപുറം, കണിയാംകുഴി | 220 |
| 9 | കൂട്ടാല, മുടിക്കോട്, കരിപ്പ, ഇമ്മട്ടിപറമ്പ്, എടപ്പലം കോളനി | 320 |
| 10 | വീണ്ടശ്ശേരി, കാളക്കുന്ന്, മാരായ്ക്കൽ, കൊല്ലമുക്ക് കനാൽ, ഇറിഗേഷൻ റോഡ് | 230 |
| 11 | ഇന്ദിര നഗർ, പയ്യനം കുന്ന്, ആശാരിക്കാട്, മുള്ളച്ചിൽ ഇറിഗേഷൻ വക സ്ഥലം, വെള്ളച്ചാൽ | 280 |
| 12 | ചോരക്കുന്ന്, പായക്കണ്ടം, തെക്കേ പായക്കണ്ടം | 200 |
| 13 | ചിനിക്കടവ്, കണ്ണാറക്കുന്ന്, പൊടിപ്പാറ, മയിലാട്ടുംപാറ, കട്ടച്ചിറക്കുന്ന്, കണ്ണാറക്കോളനി, പാനിക്കുന്ന് | 350 |
| 14 | പാലക്കുന്ന്, താമരവെള്ളച്ചാൽ, കുന്നത്തങ്ങാടി, തെക്കേകുളം, പള്ളിക്കുന്ന്, അമ്പലക്കുന്ന്, മനക്കപ്പാടം | 400 |

## പ്രശ്നങ്ങൾ

1. മേൽപട്ടികയിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. ചില പ്രദേശങ്ങളിൽ പാറകൾ ഉള്ളതിനാൽ കിണർ കുഴിക്കാനുള്ള ചിലവ് കൂടുതലാണ്.
3. പൊതുകുളങ്ങൾ ചണ്ടിനിറഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നു.
4. കൂട്ടാല, ആയോട്, മുടിക്കോട്ട്,കല്ലിടുക്ക്, ചാണോത്ത് എന്നിവിടങ്ങളിലെ പൊതുകിണറുകൾ നാശമായി കിടക്കുന്നു.
5. വരൾച്ചക്കാലത്ത് ഉയരം കൂടിയ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ വെള്ളം കിട്ടുന്നില്ല.
6. പലയിടങ്ങളിലും പൈപ്പുകൾ പൊട്ടി ജലനഷ്ടം ഉണ്ടാകാറുണ്ട്.
7. പഞ്ചായത്ത് പൊതുശ്മശാനത്തിനു സമീപം വെള്ളം കിട്ടുന്നില്ല.

## സാദ്ധ്യതകൾ

1. പൊതുകുളങ്ങളും കിണറുകളും ബഹുജനപങ്കാളിത്തത്തോടെ വൃത്തിയാക്കി ജലസംഭരണശേഷി വർദ്ധിപ്പിക്കണം.
2. സമീപത്തെ കിണറുകൾ മലിനീകരിക്കപ്പെടാത്ത വിധത്തിലാണ് കക്കൂസ് ടാങ്കുകൾ ഉണ്ടാക്കുന്നതെന്ന് ഉറപ്പുവരുത്തണം.
3. പഞ്ചായത്ത് പൊതുശ്മശാനത്തിനരികെ ഒരു ടാപ്പ് സ്ഥാപിക്കണം.
4. വാർഡുകൾ 6, 7, 10, 12, 13 ലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പീച്ചി- വിലങ്ങന്നൂർ പദ്ധതിയിൽ നിന്ന് പൈപ്പുകൾ നീട്ടി ടാപ്പുകൾ സ്ഥാപിച്ചാൽ മതിയാകുന്നതാണ്.
5. വാർഡുകൾ 1, 2, 4, 5 ലെ ഭൂഗർഭസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കാവുന്നതാണ്.പീച്ചി വിലങ്ങന്നൂർ പദ്ധതിയിൽ നിന്നും ഈ വാർഡുകളെ വേർപെടുത്തണം.
6. വാർഡുകൾ 8, 9 നു ചാത്തംകുളത്തെ ഉപയോഗപ്പെടുത്തി ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടിയാൽ ജലക്ഷാമം പരിഹരിക്കാൻ കഴിയും.
7. വാർഡു 3 ലെ പൂവൻഞ്ചിറയിൽ പണി തീർന്നു വരുന്ന പദ്ധതിയുമായി നിലവിലുള്ള പൈപ്പുകളെ ബന്ധിപ്പിച്ച് പീച്ചി- വിലങ്ങന്നൂർ പദ്ധതിയിൽ നിന്ന് വേർപെടുത്തണം.
8. വാർഡ് 11 ൽ പുതുതായി കുഴൽ കിണർ കുഴിച്ച് ജലസംഭരണി പണിത് വിതരണം നടത്തണം.
9. പാലക്കുന്നിന്റെ മുകളിൽ ടാങ്ക് പണിത് പീച്ചിയിൽ നിന്ന് ശുദ്ധീകരിച്ച വെള്ളം പമ്പ് ചെയ്ത് വിതരണം നടത്താൻ കഴിയും.
10. പുതിയ പൊതുകിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്താൽ മതിയാകും.

# ആരോഗ്യം

ആധുനിക ചികിത്സാസമ്പ്രദായങ്ങളും സ്ഥാപനങ്ങളും ആരംഭിക്കുന്നതിനു വളരെ മുമ്പു തന്നെ പാണഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾക്ക് നാട്ടുവൈദ്യൻമാരുടെ സേവനം ലഭ്യമായിരുന്നു. വിഷചികിത്സയിൽ പ്രഗത്ഭരായിരുന്നു ചെമ്പൂത്രയിലെ കൊച്ചുണ്ണികർത്താവ്, വഴക്കുംപാറയിലെ ഓന്നിവൈദ്യൻ എന്നിവർ. 'മുടിക്കോട് വേലൻ', 'കണ്ണാറവേലൻ' ഈപേരുകളിൽ അറിയപ്പെട്ടിരുന്ന വൈദ്യൻമാരുടേയും പട്ടിക്കാട് വൈദ്യശാല നടത്തിയിരുന്ന പപ്പൻ വൈദ്യൻേറയും സേവനം ജനങ്ങൾക്ക് അനുഗ്രഹമായിരുന്നുവെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അവരെക്കൂടാതെ പരമ്പരാഗത വൈദ്യശുശ്രൂഷ ഒരു പുണ്യമെന്ന നിലയിൽ നൽകിപ്പോന്നിരുന്ന പല പ്രാദേശിക വൈദ്യന്മാരുടേയും നാമധേയം സ്ഥലപരിമിതിമൂലം ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഒറ്റമൂലികൾ നൽകിയും മർമ്മ ചികിത്സകൾ നടത്തിയും പല വൈദ്യൻമാരും ജനങ്ങൾക്ക് രോഗവിമുക്തി കൊടുത്തിരുന്നു. നല്ലൊരു ശതമാനം ആളുകൾ രോഗശാന്തിക്കായി മന്ത്രവാദികളെ തേടി നടക്കുന്നതിലും ആശ്വാസം കണ്ടെത്തിയിരുന്നു.

ആരോഗ്യസ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ചവർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഗവ. ഡിസ്പെൻസറി പട്ടിക്കാട് | 7 | 1972 | 6 |
| 2 | ഗവ. ഡിസ്പെൻസറി പീച്ചി | 14 | 1978 | 5 |
| 3 | പി. എച്ച്. സി വാണിയമ്പാറ | 1 | 1988 | 12 |
| 4 | ആയുർവേദ ഡിസ്പെൻസറി, താണിപ്പാടം | 4 | 1971 | 3 |
| 5 | ഐ.പി.പി. സബ്സെൻറർ പട്ടിക്കാട് | 6 | 1976 | 1 |
| 6 | ഐ.പി.പി.സബ്സെൻറർ കൊമ്പഴ | 2 | 1985 | 1 |
| 7 | ഐ.പി.പി.സബ്സെൻറർ പൂവ്വൻചിറ | 3 | 1987 | 1 |
| 8 | ഐ.പി.പി. സബ്സെൻറർ കണ്ണാറ | 13 | 1986 | 1 |
| 9 | ഐ.പി.പി.സബ്സെൻറർ വെള്ളക്കാരിത്തടം | 10 | 1989 | 1 |

അലോപ്പതി ചികിത്സാ സൗകര്യം പഞ്ചായത്തിൽ പരിമിതമായെങ്കിലും ലഭ്യമായത് പീച്ചിയിൽ സർക്കാർ ഡിസ്പെൻസറി (PWD ജീവനക്കാർക്കുവേണ്ടി) തുടങ്ങിയതോടെയാണ്. എടപ്പലത്ത് ഭാഗികമായി പ്രവർത്തിച്ചിരുന്ന സ്ഥാപനത്തെ 1972 ൽ ഗവ. ഡിസ്പെൻസറിയായി ഉയർത്തി. പട്ടിക്കാട് ഒരു ആയുർവേദ ആശുപത്രിയും 1950 കൾ മുതൽ പ്രവർത്തിച്ചു വന്നിരുന്നു. പട്ടിക്കാട് നല്ലനിലയിൽ പ്രവർത്തിച്ചു വന്നിരുന്ന വിഷവൈദ്യശാല സ്ഥലമില്ലാത്തതിനാൽ മാടക്കത്ര പഞ്ചായത്തിലേക്ക് മാറിപ്പോയിട്ടുണ്ട്. പഞ്ചായത്തിലിപ്പോൾ സർക്കാർ ഉടമയിൽ അലോപ്പതി സ്ഥാപനങ്ങളായി രണ്ട് ഗവ. ഡിസ്പെൻസറികളും ഏഴ് ഐ.പി.പി. ഉപകേന്ദ്രങ്ങളും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവുമാണുള്ളത്. വെള്ളാനിക്കരയിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തന സീമയിൽ നമ്മുടെ കുറേ വാർഡുകൾ വരുന്നു. ഒരു ആയുർവേദ ആശുപത്രി ഇവിടെയുണ്ട്. കൂടാതെ 6 അലോപ്പതി ഡോക്ടർമാരും 6 ആയുർവേദ ഡോക്ടർമാരും 2

ഹോമിയോ ഡോക്ടർമാരും സ്വകാര്യ പ്രാക്ടീസ് നടത്തിവരുന്നു. 8 നാട്ടു വൈദ്യൻമാരുടേയും സേവനം എടുത്തുപറയാൻ കഴിയും. ചുവന്ന മണ്ണിൽ ആയുർവേദ ഔഷധങ്ങൾ ഉത്പാദിപ്പിക്കുന്ന വൈദ്യരത്നം ഔഷധശാല ഉണ്ടെന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

| ഇനം | സംസ്ഥാന ശരാശരി (ആയിരത്തിൽ) | പഞ്ചാ. ശരാശരി (ആയിരത്തിൽ ) |
|---|---|---|
| മരണനിരക്ക് | 5.9 | 2 |
| ശിശുമരണനിരക്ക് | 16 | 1.3 |
| മാതൃമരണനിരക്ക് | 1 | - |
| ജനനനിരക്ക് | 17 | 15 |

പഞ്ചായത്തിലെ മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക് എന്നിവ സംസ്ഥാനശരാശരിയേക്കാൾ താഴെയാണ്. 56% കുടുംബങ്ങളും ദാരിദ്രരേഖക്കു താഴെയായതിനാൽ പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ സാധാരണമാണ്. 45% കുടുംബങ്ങൾക്ക് നല്ല കക്കൂസുകൾ ഇല്ലാത്തതിനാൽ ചുറ്റുമതിൽ കെട്ടാത്ത കിണറുകളിലേക്ക് പരിസരത്തെ മാലിന്യങ്ങൾ ഒഴുകിയെത്തുന്നത് മാരകമായ പലരോഗങ്ങളും പിടിപെടുന്നതിനിടയാക്കുന്നു. (ഉദാ. മഞ്ഞപ്പിത്തം, ടൈഫോയ്ഡ്..) പരിസരം വൃത്തികേടായി കിടക്കുന്നതിനാൽ ഈച്ചകൾ പെരുകി ഈ രോഗങ്ങൾ പകരുന്നതിന് കാരണമാകുന്നു.

| പ്രായഘടന | എണ്ണം |
|---|---|
| 0-1 | 410 |
| 1-2 | 405 |
| 2-3 | 452 |
| 3-4 | 423 |
| 4-5 | 399 |

അഞ്ച് വയസ്സിൽ താഴെയുള്ള 3402 കുട്ടികളിൽ 3202 പേർ പൂർണ്ണമായും 115 പേർ ഭാഗികമായും പ്രതിരോധകുത്തിവയ്പിന് വിധേയരായവരാണ്. അംഗൻവാടികളൊന്നും തന്നെ ഇവിടെയില്ലെങ്കിലും എട്ട് മഹിളാസമാജങ്ങളോടനുബന്ധിച്ച് മൂന്ന് മാതൃശിശു സംരക്ഷണകേന്ദ്രങ്ങളും നാല് ബാലവാടികളും പ്രവർത്തിച്ചു വരുന്നുണ്ട്.

1000 ന് 17 പേർ വികലാംഗരാണെന്ന് പറയാം. വികലാംഗരുടെ ക്ഷേമത്തിനുവേണ്ടിയുള്ള വികലാംഗ അസോസിയേഷൻെറ പ്രവർത്തനങ്ങൾ ഇവിടെ സജീവമാണ്.

## രോഗാതുരത

ആരോഗ്യരക്ഷാസംവിധാനങ്ങൾ കൂടിവരുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന രോഗാതുരത ഒരു വിഷമപ്രശ്നമായി മാറുന്നുണ്ട്. ഒരു വർഷം 10 പേർക്കെങ്കിലും ക്ഷയരോഗം ബാധിക്കുന്നു. അമിതാധ്വാനം, പോഷകാഹാരക്കുറവ് എന്നിവയുള്ളവരിലും, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളുള്ളവരിലുമാണ് ഈ രോഗം കൂടുതലായും കണ്ടുവരുന്നത്. മെററൽ ക്രഷർ, ട്രെഡ് റബർ എന്നീ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരിലും ക്ഷയരോഗം അധികമായി കാണപ്പെടുന്നു. പ്രതിവർഷം കുഷ്ഠരോഗത്തിനടിമകളാവുന്നവർ 8 പേരാണ്. പലരും ചികിത്സ തേടുന്നില്ല. ചിലർ ലഭ്യമാകുന്ന ചികിത്സ രോഗം മാറുന്നതുവരെ തുടരുന്നുമില്ല. ഇക്കാരണങ്ങളാൽ കുഷ്ഠരോഗനിർമ്മാർജ്ജനം അസാധ്യമാകുന്നു. വർഷത്തിൽ 120 പേർക്കെങ്കിലും തിമിരം ബാധിക്കുന്നതായി കണക്കാക്കപ്പെടുന്നു. പീച്ചി അണക്കെട്ടിന് സമീപത്ത് താമസിക്കുന്നവരിൽ കൂടുതലായി കണ്ടുവരുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഒരു അസാധാരണ ആരോഗ്യപ്രശ്നമാണ്. ജലബാഷ്പത്തിൻെറ അളവ് കൂടിയ വായുവും പൊടിപടലങ്ങളുമാകാം ഇവയ്ക്ക് കാരണങ്ങൾ എന്ന് ആരോഗ്യപ്രവർത്തകർ പറയുന്നു. സാനിറ്ററി കക്കൂസുകൾ എല്ലാ വീടുകളിലും ഇല്ലാത്തതുകൊണ്ടുതന്നെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതുമൂലം ഉദരസംബന്ധമായ അസുഖം ബാധിച്ചവർ പഞ്ചായത്തിൽ കൂടുതലായി കാണപ്പെടുന്നു. വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ന്യുമോണിയ, അഞ്ചാംപനി, ചിക്കൻപോക്സ്, രക്തസമ്മർദ്ദം, പ്രമേഹം, ഹൃദയസംബന്ധമായ രോഗങ്ങൾ ഇവയാണ് പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്ന രോഗങ്ങൾ.

അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ ധാരാളം ഉള്ളതിനാലും അന്തർസംസ്ഥാനസർവ്വീസ് നടത്തുന്ന ലോറി ജീവനക്കാർ വഴിയും എയ്ഡ്സ്, എലിപ്പനി, ജപ്പാൻജ്വരം, ഡെൻഗ്യൂപനി എന്നിവ എത്തിച്ചേരുവാനുള്ള സാധ്യതകൾ കൂടുതലാണ്. പഞ്ചായത്തിൽ മൂന്ന് പേർ എയ്ഡ്സ് പിടിപെട്ട് മരണപ്പെട്ടിട്ടുണ്ട്. രണ്ടുപേർ ഈ രോഗം ബാധിച്ചവരായുണ്ട്.

മാലിന്യനിർമ്മാർജ്ജന സംവിധാനം കാര്യക്ഷമമല്ല. പൊതുസ്ഥലങ്ങളിലെ പാഴ്വസ്തുക്കൾ നീക്കം ചെയ്ത് പരിസരം വൃത്തിയാക്കാത്തത് പല രോഗങ്ങളും പടർന്നു പിടിക്കുന്നതിന് കാരണമാകുന്നുണ്ട്. പച്ചക്കറി കടകൾ, ഹോട്ടലുകൾ ഇവകളിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുവഴികൾ വൃത്തികേടാക്കുന്ന അവസ്ഥ പലയിടങ്ങളിലും ഉള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. കശാപ്പ് ശാലകൾ, മാംസ വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ പുഴയിൽ തള്ളുന്നത് ജലം മലിനമാകുന്നതിന് ഇടവരുത്തുന്നുണ്ട്.

## സന്നദ്ധസംഘടനകൾ

കേരള ശാസ്ത്രസാഹിത്യപരിക്ഷത്തിൻെറ പീച്ചി പട്ടിക്കാട് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ വാർഡുകളിലായി ആരോഗ്യരംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1 വിഷവൈദ്യശാല നിലവിലില്ല.
2. ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.
3. വാണിയംപാറ ഡിസ്പെൻസറിക്ക് കെട്ടിടമില്ല.
4. തെരുവുനായ്ക്കളെ ഇല്ലാതാക്കാൻ വേണ്ടതായ നടപടികൾ അപര്യാപ്തമാണ്.
5. അംഗൻവാടികൾ പഞ്ചായത്തിൽ ഇല്ല.
6. സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ വേണ്ടത്രയില്ല.
7. ആരോഗ്യ പ്രവർത്തകരുടെ സേവനം തൃപ്തികരമല്ല.
8. കുടിവെള്ളത്തിൻെറ ഗുണനിലവാരം പരിശോധിക്കാൻ സൗകര്യമില്ല.
9. ഈച്ച, കൊതുക് ഇവകളുടെ ശല്യമുണ്ട്.
10. അഴുക്കുചാലുകൾ വേണ്ടിടങ്ങളിലില്ല.
11. പൊതുസ്ഥലങ്ങൾ വൃത്തിയാക്കപ്പെടുന്നില്ല.
12. പീച്ചിയിലെ ഗവ. ഡിസ്പെൻസറി പൊതുജനങ്ങൾക്ക് ഉപകാരപ്രദമല്ല.

## സാദ്ധ്യതകൾ

1. കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാലയങ്ങളിൽ കായിക പരിശീലനം നിർബന്ധമാക്കണം. ജിംനേഷ്യം, കളരിപ്പയറ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, കായികക്ഷമതാ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. (ഉദാ: തെങ്ങ് കയറ്റം)
2. വിഷവൈദ്യശാല സ്ഥാപിക്കണം.
3. അത്യാവശ്യ മരുന്നുകൾ മുഴുവൻ സമയവും ആശുപത്രിയിൽ ഉണ്ടാകണം.
4. പഞ്ചായത്തിലെ ആരോഗ്യപരമായ കണക്കുകൾ ഡിസ്പെൻസറികളിൽ സൂക്ഷിക്കാൻ സംവിധാനമുണ്ടാക്കണം.
5. വാർഡ്തലത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ നടത്തണം.
6. ഓരോ വാർഡിലും അംഗൻ വാടികൾ ആരംഭിക്കണം.
7. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ വ്യാപിപ്പിക്കണം.
8. നിരാലംബരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കാൻ വൃദ്ധമന്ദിരം ഉണ്ടാക്കണം.
9. എയ്ഡ്സ്, ഡെൻഗ്യൂപനി തുടങ്ങിയ രോഗാണുക്കളെ കുറിച്ചും, മയക്കുമരുന്ന്, മദ്യപാനം, പുകവലി എന്നീ ദുശ്ശീലങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കാൻ സംവിധാനമുണ്ടാക്കണം.
10. ഈച്ച, കൊതുക് തുടങ്ങിയവയുടെ നിവാരണത്തിന് ജന പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തണം.
11. എലി നശീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കണം.
12. കിണറ്റിലെ വെള്ളം പരിശോധിക്കുന്നതിനും രോഗാണു വിമുക്തമാക്കുന്നതിനും സംവിധാനമുണ്ടാക്കണം.
13. കണ്ണാറ, വിലങ്ങന്നൂർ, ചുവന്നമണ്ണ്, മുടിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.
14. ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനകീയകമ്മിറ്റികൾ രൂപീകരിക്കണം.
15. ആയുർവേദാസ്പത്രി വിപുലപ്പെടുത്തി കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. അനുബന്ധമായി ഔഷധ തോട്ടമുണ്ടാക്കുകയും വേണം.
16. എടപ്പലം ഡിസ്പെൻസറിയെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തണം.
17. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ എല്ലാവാർഡുകളിലും നടത്തി ബ്ലഡ് ഡോണേഴ്സ് ഫോറം ഉണ്ടാക്കണം.
18. വളർത്തു നായ്ക്കൾക്ക് ലൈസൻസും കുത്തിവയ്പും നിർബന്ധമാക്കണം.
19. ആരോഗ്യ പ്രവർത്തകർ മാസത്തിലൊരിക്കൽ എല്ലാ വീടുകളിലും സഞ്ചരിച്ച് ഉപദേശനിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സന്നദ്ധസംഘടകളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.
20. പീച്ചിയിലെ PWD ജീവനക്കാർക്കുവേണ്ടിയുള്ള ഡിസ്പെൻസറി വിപുലപ്പെടുത്തി മറ്റുള്ളവർക്കും സേവനം ഉറപ്പുവരുത്തുന്നതിന് വേണ്ട തീരുമാനങ്ങളുണ്ടാകണം.

അദ്ധ്യായം 4(6)

# വിദ്യാഭ്യാസം

പഴയ കൊച്ചി രാജ്യത്തിൻെറ ഭാഗമായിരുന്ന പാണഞ്ചേരിയുടെ അധിക ഭാഗവും വനപ്രദേശങ്ങളായിരുന്നതിനാൽ വളരെ കുറച്ചു കുടുംബങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ആദ്യകാലങ്ങളിൽ സമീപ പ്രദേശങ്ങളിൽ നിന്നും പിന്നീട് ദൂരസ്ഥലങ്ങളിൽ നിന്നും കൃഷിക്കുവേണ്ടി കുടിയേറിപ്പാർത്ത ഭിന്നജാതി-മതസ്ഥരടങ്ങിയതാണ് ഇവിടുത്തെ ജനത. അവരിൽ ഭാഷയുടെ ലിഖിത രൂപം അറിയുന്നവർ പഴയ കാലത്ത് അപൂർവ്വമായിരുന്നുവെങ്കിലും വിവിധ മേഖലകളിൽ അറിവുള്ളവർ കുറവായിരുന്നില്ല. കൃഷി, ജലസേചനം, മൃഗപരിപാലനം എന്നിവക്കു പുറമെ വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം, പണിയായുധ നിർമ്മാണം, ഗാനാലാപനം, കലകൾ എന്നിവയിലും പരിജ്ഞാനമുള്ളവർ ഉണ്ടായിരുന്നു. കുടിപ്പള്ളിക്കൂടങ്ങൾ, ആശാൻ കളരികൾ, പിതൃജനങ്ങൾ എന്നിവയിലൂടെ വിദ്യ പകർന്നു കൊടുത്തിരുന്നു. ഇതിന് സഹായകമായത് അന്നത്തെ ഭൂവുടമാ സമ്പ്രദായത്തിൻെറ പ്രത്യേകതയാണ്. ഭൂമിയിൽ ഉടമസ്ഥാവകാശമില്ലെങ്കിലും ഉല്പന്നങ്ങളിൽ അവകാശമുള്ളവർ സമൂഹത്തിൻെറ വിവിധ ശ്രേണികളിൽ ഉണ്ടായിരുന്നു.

ഈ അനുകൂല സാഹചര്യത്തിലാണ് പാശ്ചാത്യ രീതിയിലുള്ള ആധുനിക വിദ്യാഭ്യാസം ആരംഭിക്കുന്നത്. ജനങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം നൽകേണ്ടത് സ്റ്റേറ്റിൻെറ കടമയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് കൊച്ചി രാജ്യ സർക്കാർ 1818 ൽ 33 വിദ്യാലയങ്ങൾ സ്ഥാപിച്ചു. ആധുനിക വിദ്യാഭ്യാസം പാണഞ്ചേരിയിൽ ആരംഭിക്കുന്നത് പട്ടിക്കാട് ഒരു 'മലയാളം സ്കൂൾ' സർക്കാർ 1908 ൽ സ്ഥാപിക്കുന്നതോടെയാണ്. പട്ടിക്കാട്ടെ കൽദായ പള്ളിവക കെട്ടിടത്തിലാണ് ഈ സർക്കാർ സ്കൂൾ ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. അന്നു മുതൽക്കുതന്നെ മേൽജാതിക്കാർ മാത്രമല്ല മറ്റു ജാതിക്കാരും സ്ക്കൂളിൽ ചേർന്നിരുന്നു. ശിശു ക്ലാസിൽ (Infant) ഏഴു വയസ്സുകാരെയാണ് ചേർത്തിരുന്നത്. ഈ വിദ്യാലയം സ്ഥാപിച്ചതിലൂടെ ഇവിടുത്തെ സ്ത്രീ പുരുഷന്മാരിൽ ഒരു വിഭാഗത്തിന് ആധുനിക പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം ഉണ്ടായി. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ചിലർ മണ്ണുത്തിയിൽ പോയി തുടർന്നു പഠിച്ചിരുന്നു. ഈ സ്ഥാപനം പാണഞ്ചേരിയുടെ പ്രാദേശിക വികസനത്തിന് അടിത്തറയിട്ടു. പട്ടിക്കാട് ഇന്നുള്ള സർക്കാർ വിദ്യാലയങ്ങളുടെ പൂർവ്വരൂപം ഈ സ്ഥാപനമാണ്.

കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിക്കുകയും പൊതു സ്ഥാപനങ്ങൾ രൂപപ്പെട്ട് പ്രവർത്തനം ശക്തിപ്പെടുകയും ചെയ്തതോടെ വിദ്യാഭ്യാസ മേഖല വികസിക്കുകയുണ്ടായി. അമ്പതുകളിൽ ചെമ്പൂത്തറ, മുടിക്കോട്, ചുവന്നമണ്ണ്, വാണിയമ്പാറ, കണ്ണാറ, പീച്ചി എന്നിവിടങ്ങളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. തുടർന്ന് 1964 ൽ പട്ടിക്കാട് സ്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തി. 1974ൽ പീച്ചി സ്കൂളും ഹൈസ്ക്കൂളാക്കി. ഇതോടെ പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടു. എന്നാൽ ഇപ്പോഴും ചില പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളിലെത്താൻ ഏറെ ദൂരം സഞ്ചരിക്കണം.

ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്ഥാപനങ്ങളൊന്നും പിന്നീട് ഉണ്ടായില്ല. എന്നാൽ സർക്കാർ അംഗീകാരമില്ലാത്ത 4 പ്രൈമറി വിദ്യാലയങ്ങൾ, 5 പാരലൽ കോളേജുകൾ എന്നിവ പിന്നീട് ഉണ്ടായി. സ്വകാര്യ ട്യൂഷൻ സമ്പ്രദായം വ്യാപകമാണ്. കൂടാതെ 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 2 തുന്നൽ പരിശീലന കേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആശാരിക്കാട്, പന്തലാംപാടം എന്നീ അതിർത്തി ഗ്രാമങ്ങളിലെ വിദ്യാലയങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

ശിശു വിദ്യാലയങ്ങൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ഉണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിലുള്ള ബാലവാടികൾ, അംഗീകൃത സ്കൂൾ P.T.A.കൾ നടത്തുന്ന നഴ്സറി ക്ലാസുകൾ, അംഗീകാരമില്ലാതെ വിവിധ ഏജൻസികൾ നടത്തുന്ന നഴ്സറി സ്കൂളുകൾ എന്നിവ ഈ രംഗത്തുണ്ട്. ശിശു വിദ്യാഭ്യാസത്തിന് അവശ്യം വേണ്ട ഭൗതിക സൗകര്യങ്ങൾ വേണ്ടത്ര ഒരിടത്തും ഇല്ല. ബോധന രീതി അശാസ്ത്രീയമാണ്. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും വേണ്ട സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. തൃശൂർ നഗരത്തിലും പരിസരങ്ങളിലും ഉള്ള കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പാലക്കാട് ജില്ലയിലെ ആലത്തൂർ, നെന്മാറ എന്നിവിടങ്ങളിലെ കോളേജുകൾ എന്നിവയിൽ ചേർന്നു പഠിക്കുന്ന ധാരാളം വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലുണ്ട്.

## അംഗീകൃത വിദ്യാലയങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | | ക്ലാസ്സുകൾ |
|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | പുരുഷൻ | സ്ത്രീ | ആകെ | |
| 1 | മഹാത്മ പ്രൈമറി സ്കൂൾ, മുടിക്കോട് | പ്രൈവറ്റ് | 211 | 203 | 414 | 1 | 12 | 13 | 1 മുതൽ 4 വരെ |
| 2 | ഇ.കെ.എം.യു.പി.എസ്. വാണിയമ്പാറ | ,, | 445 | 368 | 813 | 6 | 17 | 23 | 1 മുതൽ 7 വരെ |
| 3 | പി.എ.യു.പി.എസ്. ചെമ്പൂത്ര | ,, | 173 | 152 | 325 | 4 | 9 | 13 | 5 മുതൽ 7 വരെ |
| 4 | ട്രൈബൽ സ്കൂൾ പാണഞ്ചേരി | ഗവ. | 53 | 22 | 75 | 1 | 3 | 4 | 1 മുതൽ 4 വരെ |
| 5 | ഗവ. എച്ച്.എസ്. പീച്ചി | ,, | 637 | 525 | 1162 | 6 | 36 | 42 | 5 മുതൽ 10 വരെ |
| 6 | എ.യു.പി.എസ്. കണ്ണാറ | പ്രൈവറ്റ് | 285 | 225 | 510 | 4 | 15 | 19 | 1 മുതൽ 7 വരെ |
| 7 | എ.എൽ.പി.എസ്. ചുവന്നമണ്ണ് | ,, | 233 | 158 | 391 | 3 | 9 | 12 | 1 മുതൽ 5 വരെ |
| 8 | ജി.എൽ.പി.എസ്. പീച്ചി | ഗവ. | 122 | 136 | 258 | 2 | 6 | 8 | 1 മുതൽ 10 വരെ |
| 9 | ഗവ. എച്ച്. എസ്. പട്ടിക്കാട് | ,, | 763 | 576 | 1339 | 5 | 41 | 46 | 5 മുതൽ 10 വരെ |
| 10 | ഗവ. എൽ.പി.എസ്. പട്ടിക്കാട് | ഗവ. | 287 | 206 | 493 | 1 | 13 | 14 | 1 മുതൽ 4 വരെ |
| 11 | ഗവ. ട്രൈബൽസ്കൂൾ, പീച്ചി | ,, | 22 | 13 | 25 | 0 | 2 | 2 | 1 മുതൽ 2 വരെ |
| | ആകെ | | 3231 | 2584 | 5815 | 33 | 163 | 196 | |

## അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെണ്ണ് | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | ശ്രീനാരായണ എൽ.പി. സ്കൂൾ, വിലങ്ങന്നൂർ | 92 | 81 | 173 | 0 | 5 | 5 |
| 2 | സെ. ആൻറണീസ് കോൺവെൻറ് സ്കൂൾ | 110 | 90 | 200 | 0 | 7 | 7 |
| 3 | ക്ളാര ജോതി സ്കൂൾ, കണ്ണാറ | 1 | | 179 | 0 | 7 | 7 |
| 4 | മേഴ്സി കോൺവെൻറ് സ്കൂൾ പീച്ചി | 177 | 170 | 347 | 0 | 8 | 8 |
| | ആകെ | 379 | 341 | 899 | - | 27 | 27 |

അംഗീകൃത വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്. 5815 കുട്ടികൾ ഈ വിദ്യാലയങ്ങളിൽ ഈ വർഷം (1996-97) പഠിക്കുന്നുണ്ട്. അതേ സമയം അംഗീകാരമില്ലാത്ത ഈ പഞ്ചായത്തിലെ സ്വകാര്യ പ്രാഥമിക വിദ്യാലയങ്ങളിൽ ഏകദേശം 900 കുട്ടികൾ ഉണ്ട്. മാത്രമല്ല സ്കൂൾ പ്രായത്തിലുള്ള വളരെയേറെ കുട്ടികൾ തൃശൂർ നഗരത്തിലേയും സമീപ പഞ്ചായത്തുകളിലേയും സ്കൂളുകളിലേക്ക് പോകുന്നുണ്ട്. ഇവരുടെ എണ്ണം കൃത്യമായി പറയാൻ കഴിയില്ലെങ്കിലും ഏകദേശം ആയിരത്തോളം വരുമെന്നു കണക്കുകൂട്ടാം. സമീപത്തുള്ള അംഗീകൃത വിദ്യാലയങ്ങളിൽ ചേർക്കാതെ ദൂരസ്ഥലങ്ങളിലേക്കും, അംഗീകാരമില്ലാത്ത സ്കൂളുകളിലേക്കും കുട്ടികളെ അയയ്ക്കുന്ന ഈ പ്രതിഭാസം പാണഞ്ചേരിയുടെ മാത്രം പ്രത്യേകതയല്ലെങ്കിലും അതിനുള്ള കാരണങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

## കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ജി. എച്ച്. എസ്. പീച്ചി | 52% | 54% | 53% | 42% | 36% |
| ജി.എച്ച്.എസ്. പട്ടിക്കാട് | 32% | 35% | 34% | 32% | 30% |

ഇതിൻെറ പ്രധാന കാരണം പൊതുവിദ്യാലയങ്ങളുടെ താഴ്ന്ന നിലവാരമാണ്. വിദ്യാഭ്യാസം സാർവ്വത്രികമാക്കുവാൻ വേണ്ടി വിദ്യാലയങ്ങളുടെ എണ്ണവും സൗജന്യങ്ങളും വർദ്ധിപ്പിച്ചപ്പോൾ അറുപതുകളിലും എഴുപതുകളിലും കീഴാള-ദുർബല വിഭാഗങ്ങളിൽ നിന്ന് വൻതോതിൽ വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ എത്തി. ഇവരെ ഉൾക്കൊള്ളാനുള്ള ഭൗതിക സൗകര്യങ്ങൾ മിക്ക പൊതു വിദ്യാലയങ്ങൾക്കും ഇല്ലായിരുന്നു. മാത്രമല്ല, ഇവരുടെ സാമൂഹിക പശ്ചാത്തലമറിഞ്ഞുകൊണ്ട് ബോധന രീതിയിൽ വരുത്തേണ്ടിയിരുന്ന മാറ്റങ്ങളൊന്നും പൊതു വിദ്യാലയങ്ങളിൽ ഉണ്ടായില്ല. ഇത് നിലവാരത്തകർച്ചക്ക് കാരണമായി. നിലവാരത്തെക്കുറിച്ച് ശരിയായ പഠനം നടത്തിയിട്ടില്ലെങ്കിലും പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ S.S.L.C. വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. എങ്കിലും ഈ വിദ്യാലയങ്ങളിലെ ചില കുട്ടികൾക്ക് ഡിസ്റ്റിംഗ്ഷൻ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒ

ന്നാംപാദവാർഷികപരീക്ഷയിൽ 37.5 ശതമാനം കുട്ടികൾക്ക് 30 ശതമാനത്തിൽ കുറവുമാർക്കാണ് ലഭിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കുടുംബങ്ങളിലെ കുട്ടികളുടെ അംഗസംഖ്യ കുറഞ്ഞപ്പോൾ ചിലരുടെ മിച്ചം വയ്ക്കാനുള്ള കഴിവു വർദ്ധിച്ചു. അത് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് മാറ്റി വയ്ക്കാൻ അവർക്കു കഴിഞ്ഞു. ദുർബല ജനവിഭാഗങ്ങളുമായി ഇടപഴകാനുള്ള വൈമുഖ്യവും ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമവും സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറയാൻ കാരണങ്ങളാണ്.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | കളിസ്ഥലം |
|---|---|---|---|---|---|---|---|---|
| 1 | മഹാത്മ പ്രൈമറി സ്കൂൾ, മുടിക്കോട് | 414 | 13 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2 | ഇ.കെ.എം.യു.പി.എസ്. വാണിയമ്പാറ | 813 | 23 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | പി.എ.യു.പി.എസ്. ചെമ്പൂത്ര | 325 | 13 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4 | ട്രൈബൽ സ്കൂൾ പാണഞ്ചേരി | 75 | 4 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | ഗവ. എച്ച്.എസ്. പീച്ചി | 1162 | 42 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | എ.യു.പി.എസ്. കണ്ണാറ | 510 | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7 | എ.എൽ.പി.എസ്. ചുവന്നമണ്ണ് | 391 | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | ജി.എൽ.പി.എസ്. പീച്ചി | 258 | 8 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | ഗവ. എച്ച്. എസ്. പട്ടിക്കാട് | 1339 | 46 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | ഗവ. എൽ.പി.എസ്. പട്ടിക്കാട് | 493 | 14 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | ഗവ. ട്രൈബൽ, പീച്ചി | 35 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

അദ്ധ്യാപകരിൽ പുരുഷന്മാരുടെ എണ്ണം വളരെ കുറവാണ്. 196 അദ്ധ്യാപകരിൽ 33 പേർ മാത്രമാണ് പുരുഷ്മാർ. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പോലും സൗകര്യങ്ങളില്ലാത്ത വിദ്യാലയങ്ങളുണ്ട്. കെട്ടിടം, ഫർണീച്ചർ എന്നിവയുടെ കാര്യത്തിലും പരിമിതികളുണ്ട്.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക-രക്ഷാകർതൃ സമിതികളും മാതൃസംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. അടുത്ത കാലത്തായി അവ സജീവവുമാണ്. പട്ടിക്കാട്, പീച്ചി ഹൈസ്കൂളുകൾ സ്ഥാപിക്കുന്നതിലും അവയുടെ വികസനത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ P.T.A.കൾ സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 1995-96 വർഷത്തിൽ പട്ടിക്കാട് ഹൈസ്ക്കൂളിൽ P.T.A സംഭാവന പിരിച്ച് ഒരു ലക്ഷം രൂപക്കുള്ള ഫർണീച്ചർ ഉണ്ടാക്കി കൊടുത്തു. ഈ വർഷം പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ശ്രമത്തിലാണ്. പീച്ചി ഹൈസ്ക്കൂൾ P.T.A കഴിഞ്ഞ വർഷം ഏകദേശം 1 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. ഈ വർഷം ഒരു ലക്ഷം രൂപ സമാഹരിച്ചുകൊണ്ട് ഗ്രൗണ്ട് ശരിയാക്കുകയാണ്.

പട്ടിക്കാട്, പീച്ചി ഗവ. എൽ.പി. സ്കൂളുകളിലെ P.T.A. കൾ സ്കൂൾ പ്രവർത്തനത്തിലും വികസനത്തിലും സജീവ പങ്കു വഹിക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലേയും ഉച്ചഭക്ഷണ പരിപാടികൾക്ക് P.T.A കൾ നൽകുന്ന സഹായം എടുത്തു പറയേണ്ടതാണ്. മാതൃസംഘം എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. പട്ടിക്കാട് എൽ.പി. സ്കൂളിലെ മാതൃസംഘം പ്രവർത്തകർ, അദ്ധ്യാപകർ കുറവായിരിക്കുന്ന അവസരങ്ങളിൽ സ്കൂളിലെ പ്രവർത്തനം ശരിയായ വിധത്തിൽ നടത്താനായി സ്കൂളിൽ വന്ന് വേണ്ട സഹായം നൽകാറുണ്ട്. മൊത്തത്തിൽ പാണഞ്ചേരിയിലെ P.T.A. മാതൃസംഘത്തിൻെറ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെങ്കിലും അക്കാദമിക് കാര്യങ്ങളിൽ ഇടപെടത്തക്ക ഒരു ശക്തിയായി വളർന്നിട്ടില്ല.

സബ് ജില്ല, ജില്ലാ കായിക മത്സരങ്ങളിൽ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ പങ്കെടുക്കാറുണ്ട്. സബ്ജില്ലാ തലത്തിൽ നല്ല പ്രകടനം കാഴ്ചവെയ്ക്കുന്നുമുണ്ട്. നീന്തൽ മത്സരങ്ങളിൽ പീച്ചി, പട്ടിക്കാട് ഹൈസ്കൂളുകൾ ജില്ലാ നിലവാരത്തിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്. കലാമത്സരങ്ങളിൽ കാര്യമായ പങ്കാളിത്തം ഇല്ല.

പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസമേഖല സജീവമല്ല. വായനശാലകൾ ഉണ്ടെങ്കിലും പ്രവർത്തനം കുറവാണ്. 90-91ലെ സാക്ഷരതാ പ്രവർത്തനം വൻ വിജയമായിരുന്നു. സർവ്വെയിലൂടെ കണ്ടെത്തിയ 5-60 പ്രായ പരിധിയിൽപെട്ട നാലായിരത്തിലധികം നിരക്ഷരർക്കുവേണ്ടി എല്ലാ വാർഡുകളിലുമായി 325 ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് സാക്ഷരതാ സമിതിക്കു കഴിഞ്ഞു. 375 യുവതീ യുവാക്കൾ ഈ സാക്ഷരതാ ക്ലാസ്സുകളിൽ ഇൻസ്ട്രക്ടർമാരായി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നത് ഏവർക്കും അഭിമാനകരമാണ്.

എല്ലാ വിഭാഗം ജനങ്ങളുടേയും തീവ്രയജ്ഞത്തിൻെറ ഫലമായി സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ നമുക്കു കഴിഞ്ഞു. വളരെയേറെ ത്യാഗങ്ങൾ സഹിച്ചുകൊണ്ട് ജനങ്ങളെ സാക്ഷരരാക്കുന്നതിൽ നിസ്വാർത്ഥ സേവനം കാഴ്ചവെച്ച യുവതീയുവാക്കളുടെ സന്നദ്ധ പ്രവർത്തന മാതൃക ജനകീയാസൂത്രണ പദ്ധതിക്കും അനുകരണീയമാണ്. തുടർ പ്രവർത്തനം കാര്യക്ഷമമാകാത്തതിനാൽ സാക്ഷരതാ നിലവാരം പിടിച്ചു നിർത്താൻ കഴിഞ്ഞില്ല.

സേവന തല്പരരായ അനേകം അദ്ധ്യാപകരുടേയും ഉദാരമതികളായ പൊതുജനങ്ങളുടേയും മറ്റു നിരവധി മത-സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകരുടേയും ഒറ്റക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ പാണഞ്ചേരിയുടെ വിദ്യാഭ്യാസ വികസനത്തിന് സഹായിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പട്ടിക്കാട്, പീച്ചി ഹൈസ്കൂളുകളിൽ ആവശ്യത്തിന് കെട്ടിടങ്ങളില്ല.
2. വിലങ്ങന്നൂർ ട്രൈബൽ സ്കൂളിന് ചുമരുകളില്ല.
3. പട്ടിക്കാട് ഗവ. എൽ.പി.സ്കൂളിലെ മുറികൾ അടച്ചു പൂട്ടാവുന്നവയല്ല.
4. വിലങ്ങന്നൂർ ട്രൈബൽ സ്കൂൾ, ജി.എൽ.പി.എസ്. പീച്ചി, എം.പി.എസ്. മുടിക്കോട് എന്നിവയിൽ മൂത്രപ്പുരകൾ ഇല്ല.
5. വാണിയമ്പാറ സ്കൂൾ, വിലങ്ങന്നൂർ ട്രൈബൽ സ്കൂൾ എന്നിവയിൽ കക്കൂസ് ഇല്ല.
6. മുടിക്കോട്, വാണിയമ്പാറ, ചെമ്പൂത്ര, ചുവന്ന മണ്ണ്, പൂവ്വൻചിറ എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ കളിസ്ഥലത്തിൻെറ വിസ്തീർണം കുറവാണ്.
7. ചെമ്പൂത്ര, പൂവ്വൻചിറ, വിലങ്ങന്നൂർ സ്കൂളുകളിൽ വൈദ്യുതിയില്ല.
8. എല്ലാ വിദ്യാലയങ്ങളിലും ആവശ്യത്തിന് ഫർണീച്ചർ ഇല്ല.
9. ഉപരിപഠനത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും പറ്റിയ സ്ഥാപനങ്ങൾ പഞ്ചായത്തിലോ സമീപ സ്ഥലങ്ങളിലോ ഇല്ല.
10. തെക്കും പാടം, മാരായ്ക്കൽ, ചെമ്പൂത്ര, ചെന്നായ്പാറ, പായ്ക്കണ്ടം തുടങ്ങിയ സ്ഥലങ്ങളിലെ എൽ.പി. സ്കൂളിലെത്താൻ 2 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.
11. പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരികയാണെന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത നിലനില്ക്കുന്നു.
12. പുറമെയുള്ള സ്കൂളുകളിലേക്ക് ഈ പഞ്ചായത്തിൽ നിന്നും പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
13. ഹൈസ്കൂളുകളിലെ S.S.L.C. വിജയശതമാനം കുറയുന്നു.
14. പൊതു വിദ്യാലയങ്ങളിലെ 40 ശതമാനത്തോളം വിദ്യാർത്ഥികൾ അവശ്യനിലവാരത്തിൽ താഴെയാണ്.
15. വഴുക്കുംപാറ, കരടിക്കുണ്ട്, കൊമ്പഴ, ഇരുമ്പുപാലം, തെക്കുംപാടം, ആക്കോട്, കൊല്ലംമുക്ക്, കൂട്ടാല എന്നീ പ്രദേശങ്ങളിൽ ബാലവാടികൾ ഇല്ല.
16. വാണിയംപാറയിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.
17. ചുവന്നമണ്ണിലെ വിദ്യാർത്ഥികൾക്കും അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.
18. പഞ്ചായത്തിൻെറ കീഴിലുള്ള സർക്കാർ എൽ.പി. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.
19. കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ തിരികെ കൊണ്ടുവന്ന് പരിശീലിപ്പിക്കുന്നതിനുള്ള ശ്രമമില്ല.
20. സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.
21. P.T.A.ക്ക് വേണ്ടത്ര അധികാരങ്ങളില്ല.
22. ആശാരിക്കാട് ഭാഗത്തെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ട്.
23. സർക്കാർ വിദ്യാലയങ്ങളിലെ താല്കാലിക ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നില്ല.
24. സ്കൂൾ ലൈബ്രറികൾ ശരിയായി പ്രയോജനപ്പെടുത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1 പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു 'വിദ്യാഭ്യാസ വികസന സമിതി' പഞ്ചായത്തു തലത്തിൽ അടിയന്തിരമായി രൂപീകരിക്കണം. അതിൻെറ ഘടന, പ്രവർത്തന മേഖല തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്തു സമിതി തീരുമാനിക്കണം.

2 ഫെബ്രുവരി മാസത്തിൽ പഞ്ചായത്തു തല വിദ്യാഭ്യാസ വികസന സമിതി വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ അടുത്ത വിദ്യാഭ്യാസ വർഷത്തിൽ പഞ്ചായത്തു തലത്തിൽ നടപ്പാക്കേണ്ട പരിപാടിക്ക് രൂപം നൽകുകയും വേണം.

3 പഞ്ചായത്തിനകത്തു നിന്നും ലഭിക്കുന്ന വിഭവങ്ങൾ സമാഹരിച്ച് ആസൂത്രിതമായി ഉപയോഗിച്ച് വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

4 പഞ്ചായത്തുതല വികസന സമിതിയുടെ ഒരു പ്രതിനിധി സംഘം മാസത്തിൽ ഒരിക്കലെങ്കിലും വിദ്യാലയങ്ങൾ സന്ദർശിക്കുകയും വിദ്യാലയപ്രവർത്തനങ്ങളെക്കുറിച്ച് അദ്ധ്യാപകരുമായി ചർച്ച ചെയ്യുകയും വേണം.

5 ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ശിശു വിദ്യാലയങ്ങൾ സ്ഥാപിക്കണം.

6 അദ്ധ്യാപകരുടെ അധ്യാപന ശേഷി വർദ്ധിപ്പിക്കാനായി 'സേവന കാല പരിശീലന' പരിപാടി ആസുത്രണം ചെയ്ത് നടപ്പാക്കണം.

7 വിദ്യാഭ്യാസ രംഗത്ത് സന്നദ്ധ സേവനത്തിന് തയ്യാറുള്ളവരുടെ ഒരു സംഘടന പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് പരിശീലനം നടത്താം. വിവിധ വിദ്യാലയങ്ങളിലെ അക്കാദമിക് പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം ഉപയോഗപ്പെടത്താം.

8 പഞ്ചായത്തടിസ്ഥാനത്തിൽ കല, കായിക, ശാസ്ത്രീയ മേളകളും അവധിക്കാല ബാലോത്സവങ്ങളും സംഘടിപ്പിക്കണം.

9 മാർച്ച് മാസത്തിൽ സ്കൂൾ തല വിദ്യാഭ്യാസ വികസന സമിതികൾ രൂപീകരിക്കണം. വാർഡുമെമ്പർ, P.T.A. പ്രസിഡൻറ്, മാതൃ സംഘം പ്രസിഡൻറ്, പ്രധാനാദ്ധ്യാപകൻ, സീനിയർ അസിസ്റ്റൻറ്, സ്റ്റാഫ് സെക്രട്ടറി, സ്കൂളുകളിലെ ക്ലബ്ബുകൾ, ലൈബ്രറി എന്നിവയുടെ ചാർജ്ജുള്ള അദ്ധ്യാപകരും, ഹൈസ്കൂളാണെങ്കിൽ സ്കൂൾ ലീഡറും ഈ സമിതിയിൽ ഉണ്ടാവണം. കൂടാതെ വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള സാമൂഹ്യ പ്രവർത്തകരെയും ഉൾപ്പെടുത്താം.

10 സ്കൂൾ തല വിദ്യാഭ്യാസ വികസന സമിതി അടുത്ത വർഷം സ്കൂളിൽ നടപ്പാക്കേണ്ട പരിപാടികൾ ആസൂത്രണം ചെയ്യണം.

11 ജൂൺ ആദ്യവാരത്തിൽ തന്നെ P.T.A., മാതൃസംഘം, ക്ലാസ്സ് P.T.Aഎന്നിവ രൂപീകരിക്കണം. മാസത്തിലൊരിക്കലെങ്കിലും ഇവ യോഗം ചേർന്ന് വിദ്യാലയ പ്രവർത്തനങ്ങളും കുട്ടികളുടെ പഠന നിലവാരവും ചർച്ച ചെയ്യണം.

12 സ്കൂൾ അന്തരീക്ഷം വർഷം മുഴുവൻ സജീവവും സന്തോഷകരവുമാക്കാനുള്ള വിവിധ പരിപാടികൾ നടപ്പാക്കണം. പ്രതിവാര സാഹിത്യ സമാജം, കൈയ്യെഴുത്തു മാസിക, ദിനാചരണങ്ങൾ, പ്രതിദിന വാർത്താ ശേഖരണവും പ്രദർശിപ്പിക്കലും, പരിസര ശുചീകരണം, ഗ്രാമതല നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുചേരൽ, പൂന്തോട്ട നിർമ്മാണം, കാർഷിക പ്രവർത്തനങ്ങൾ, സ്കൂൾ തലത്തിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, പ്രഭാഷണ പരമ്പരകൾ, സെമിനാറുകൾ, വാർഷികാഘോഷം തുടങ്ങിയവ സ്കൂളിൽ സംഘടിപ്പിക്കണം.

13 മാർച്ചിൽ തന്നെ പഠനത്തിൽ പിന്നോക്കം നില്ക്കുന്നവരെ കണ്ടെത്തി, അവധിക്കാലത്ത് അവർക്കുവേണ്ടി പഠന- പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണം. അദ്ധ്യാപകർക്കു പുറമെ സന്നദ്ധ പ്രവർത്തകരുടെ സേവനവും ഉപയോഗപ്പെടുത്തണം.

## സംസ്ഥാന തലത്തിൽ ശ്രദ്ധിക്കേണ്ടവ

1 പാണഞ്ചേരിയിലെ രണ്ടു ഹൈസ്കൂളുകളിൽ ഒന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായും, മറ്റേത് +2 കോഴ്സുള്ള ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തണം. പ്രവേശനത്തിൽ ഈ പഞ്ചായത്തിലെ കുട്ടികൾക്ക് മുൻഗണന നല്കണം.

2 കുട്ടനെല്ലൂർ ഗവ. കോളേജിൽ സയൻസ് വിഷയങ്ങൾ കൂടി പഠിപ്പിക്കാൻ സംവിധാനം വേണം.

3 P.T.A. അക്കാദമിക് കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന വിധത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള സംഘടനയാക്കണം. (1958 ലെ കേരള എഡ്യുക്കേഷണൽ ആക്ട് ആൻറ് റൂൾസ്ലെ 17-ാം വകുപ്പ് നിർദ്ദേശിക്കുന്ന 'പ്രാദേശിക എഡുക്കേഷൻ അഥവാ സ്റ്റാറ്റ്യൂട്ടറി' എന്ന ആശയം ഈ രൂപത്തിൽ നടപ്പാക്കണം)

4 പാഠ്യ -പാഠ്യേതര കാര്യങ്ങളിൽ പഞ്ചായത്ത് ഭരമസമിതി നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ ആവശ്യമായ ചട്ടങ്ങൾ ഉണ്ടാകണം.

5 പ്രാഥമിക വിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ കൂടുതൽ തുക നീക്കി വെയ്ക്കണം.

6 പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കണം.

7 സർക്കാർ പ്രൈമറി സ്കൂളിൽ വികലാംഗരായവരെ പാർട്ടൈം മിനിയലായി നിയമിക്കുന്ന ഇന്നത്തെ രീതി മാറ്റണം. അവരെ ഓഫീസുകളിൽ നിയമിക്കണം. സ്കൂളിൽ അത്യാവശ്യം ജോലിചെയ്യാൻ കഴിയുന്നവരെ ഫുൾടൈം മിനിയലായി നിയമിക്കണം.

8 അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം രണ്ടാം ക്ലാസിലെങ്കിലും 1:30 എന്നാക്കണം. ഈ മാറ്റം വരുത്തുന്നതു മൂലം ഉണ്ടാകുന്ന അധിക തസ്തികകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കാൻ ചട്ടങ്ങളുണ്ടാക്കണം. T.T.C കോഴ്സ് കഴിയുന്നവർ 1 വർഷം അപ്പറൻറീസ് ആയി ജോലി ചെയ്യണമെന്ന് ചട്ടമുണ്ടാക്കിയാൽ അ

വരെയും ഈ അധികം വരുന്ന ഡിവിഷനുകളിൽ നിയമിക്കാം. (അധിക സാമ്പത്തിക ബാധ്യത വരാതെ ഇതു നടപ്പാക്കാം)

9 ഒന്നാം ക്ലാസിലേക്കുള്ള പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം

10 ഓരോ ഹൈസ്കൂളിൻേറയും (ഹയർ സെക്കണ്ടറി സ്കൂൾ) ഫീഡർ സ്കൂളുകൾ ഏതെല്ലാമാണെന്ന് നിശ്ചയിക്കുകയും, ഫീഡർ സ്കൂളുകളിലെ കുട്ടികൾക്ക് അവിടെ പ്രവേശനം നൽകുകയും വേണം.

11 ഒരു ക്ലാസിൽ നിയമപരമായി ഇരുത്താവുന്നതിലധികം കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്നത് നിരോധിക്കണം.

12 കുട്ടികളുടെ പ്രവേശനം ഏപ്രിൽ 30ന് മുമ്പ് പൂർത്തിയാക്കുകയും അതിൻെറ അടിസ്ഥാനത്തിൽ മെയ് മാസത്തിൽ സ്റ്റാഫ് ഫിക്സേഷൻ, പ്രമോഷൻ എന്നിവ പൂർത്തിയാക്കുയും വേണം. സ്കൂൾ തുറന്ന് പ്രവർത്തനമാരംഭിച്ചതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി അന്തിമമായി ഫിക്സേഷൻ ഉത്തരവ് പുറപ്പെടുവിക്കണം.

13 പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത അവസ്ഥ ഉണ്ടാകരുത്. ലീവെടുക്കുന്ന അധ്യാപകർക്ക് പകരം അദ്ധ്യാപകരെ നിയമിക്കണം. അദ്ധ്യാപകർ ഇല്ലാത്തതു മൂലം പാഠങ്ങൾ പഠിപ്പിക്കാതിരിക്കുകയോ, വേണ്ടത്ര സമയമെടുക്കാതെ പാഠങ്ങൾ ഒന്നിച്ച് എടുക്കുകയോ ചെയ്യുന്ന രീതി പരക്കെയുണ്ട്. അദ്ധ്യാപകർക്കുള്ള സേവന പരിശീലനം, എന്യൂമറേഷൻ ജോലി എന്നിവ അവധിക്കാലത്തു നടത്തണം.

14 ക്ലാസ് കയറ്റം നൽകുന്ന ഇന്നത്തെ രീതി പരിഷ്കരിക്കണം. ആർജിക്കേണ്ട കഴിവുകളിൽ ഒരു നല്ല ശതമാനം തേടിയവർക്കു മാത്രമേ ക്ലാസ് കയറ്റം നൽകാവൂ. തോൽക്കുന്നവരുടെ എണ്ണം 10 % ൽ കൂടുതലാണെങ്കിൽ കൂടുതൽ വരുന്ന കുട്ടികളെ സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കേണ്ടതാണ്.

15 മൂല്യ നിർണ്ണയ രീതി പരിഷ്കരിക്കണം.

16 പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിനുമുമ്പ് സ്കൂളിലെത്തിക്കണം.

17 ഓരോ വിദ്യാലയത്തിലേയും വിദ്യാർത്ഥികൾ വിവിധ മേഖലകളിൽ നേടേണ്ട കഴിവുകളിൽ പ്രതീക്ഷിത നിലവാരത്തിൽ എത്തിയിട്ടുണ്ടോ എന്ന് വിലയിരുത്താൻ ഉപജില്ലാടിസ്ഥാനത്തിൽ ഒരു സംവിധാനം ഉണ്ടാക്കണം.

18 ഉന്നതമായ അക്കാദമിക് നിലവാരവും അഭിരുചിയും ഉള്ളവരെയായിരിക്കണം അദ്ധ്യാപക പരിശീലനത്തിന് തെരഞ്ഞെടുക്കേണ്ടത്. പരിശീലനത്തെ തുടർന്ന് ഒരു വർഷം ഒരു വിദ്യാലയത്തിൽ അപ്പറൻറീസായി സേവന മനുഷ്ഠിക്കണമെന്നത് നർബന്ധമാക്കണം.

*" നിങ്ങൾ ഒരു വർഷത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ ധാന്യം നടുക*
*നിങ്ങൾ പത്തുവർഷത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ മരം നടുക*
*നിങ്ങൾ നൂറു വർഷത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ മനുഷ്യനെ നടുക."*

-ചൈനീസ് പഴമൊഴി

# സാമൂഹ്യക്ഷേമം, പാർപ്പിടം

## പാർപ്പിടം

കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും അത്യാവശ്യ സൗകര്യങ്ങളോടുകൂടിയവയോ ഉറപ്പുള്ളവയോ അല്ല. 'കുടിലുകൾ' എന്ന നിലയിൽ കണക്കാക്കാവുന്ന വീടുകളാണ് അധികവും.

വീടുകളുടെ തരംതിരിച്ച പട്ടിക

| വാർഡ് നമ്പർ | വീടുകളുടെ അവസ്ഥ | | | |
|---|---|---|---|---|
| | ഓടുമേഞ്ഞത് | ടെറസ് | കുടിൽ | ആകെ |
| 1 | 190 | 63 | 474 | 727 |
| 2 | 19 | 78 | 262 | 359 |
| 3 | 218 | 95 | 345 | 658 |
| 4 | 147 | 91 | 281 | 519 |
| 5 | 204 | 90 | 447 | 741 |
| 6 | 278 | 75 | 280 | 633 |
| 7 | 249 | 308 | 243 | 800 |
| 8 | 302 | 154 | 281 | 737 |
| 9 | 97 | 126 | 381 | 604 |
| 10 | 321 | 227 | 203 | 751 |
| 11 | 47 | 167 | 371 | 585 |
| 12 | 172 | 114 | 244 | 530 |
| 13 | 356 | 169 | 565 | 1110 |
| 14 | 409 | 232 | 281 | 922 |
| ആകെ | 3009 | 1989 | 4658 | 9656 |

അനേകം കുടുംബങ്ങൾ റോഡ്, കനാൽ, പൈപ്പ്ലൈൻ പുറമ്പോക്കുകളിലും വനത്തിലും ആണ് താമസിക്കുന്നത്. അവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ല.

രാജീവ് ദശലക്ഷം ഭവന പദ്ധതി അനുസരിച്ച് 47ഉം ബ്ലോക്കിൽ നിന്ന് വിവിധ പദ്ധതികളിലായി 182ഉം പഞ്ചായത്തു മുഖേന 54ഉം വീടുകൾ പാവപ്പെട്ടവർക്ക് നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ വനം വകുപ്പ്, പട്ടികജാതി വികസന ഓഫീസ് തുടങ്ങിയവയും ദരിദ്രജനവിഭാഗങ്ങൾക്കായി വീട് നൽകിയിട്ടുണ്ട്. ഇപ്രകാരം സൗജന്യമായി നൽകിയിട്ടുള്ള വീടുകളെ സംരക്ഷിക്കുന്നതിൽ ഗുണഭോക്താക്കൾ വേണ്ടത്ര ശ്രദ്ധിച്ചു കാണുന്നില്ല. ചിലരെങ്കിലും ഉടമസ്ഥാവകാശം കൈമാറിയിട്ടുണ്ടെന്നും പറയപ്പെടുന്നു.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന കോളനികളുണ്ട്. ഇവയിലെ അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

പൊതു കോളനികൾക്കു പുറമെ പട്ടികജാതി/പട്ടിക വർഗ്ഗ കോളനികൾ വേറെയുമുണ്ട്. കേരള എഞ്ചിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള വാട്ടർ അതോറിട്ടി, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു വേണ്ടിയുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അതാതു സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ദുർബല ജനവിഭാഗങ്ങളുടെ പൊതു കോളനികൾ

| ക്രമനമ്പ്ര | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | റോഡ് സൗകര്യം | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|
| 1. | വിലങ്ങന്നൂർ (4സെൻറ്) | 20 | ഇല്ല | ഇല്ല | ഇല്ല |
| 2. | തെക്കുംപാടം (4സെൻറ്) | 20 | മൺറോഡ് | ഇല്ല | ഇല്ല |
| 3. | തെക്കുംപാടം (ലക്ഷംവീട്) | 20 | ,, | ഉണ്ട് | അപര്യാപ്തം |
| 4. | താണിപ്പാടം (ലക്ഷംവീട്) | 20 | ,, | ,, | ,, |
| 5. | വടക്കും പാടം (ലക്ഷംവീട്) | 20 | ,, | ,, | ,, |
| 6. | ചെമ്പൂത്ര (ലക്ഷംവീട്) | 20 | ,, | ,, | ,, |
| 7. | കൂട്ടാല (ലക്ഷംവീട്) | 20 | ,, | ,, | ,, |

IRDP സർവ്വേ അനുസരിച്ച് 1257 കുടുംബങ്ങൾക്ക് വീടുകൾ വേണം. എന്നാൽ വീടുകൾ ആവശ്യമുള്ള കുടുംബങ്ങൾ ഇതിനേക്കാൾ കൂടുതലാണെന്നാണ് ഗ്രാമസഭാ ചർച്ചകൾ വ്യക്തമാക്കുന്നത്.

സമീപ കാലത്ത് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട്. പുതിയ നിർമ്മിതികളിൽ കേരളിയ വാസ്തു ശില്പശൈലി മിക്കവാറും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. കോൺക്രീറ്റിൻെറ ഉപയോഗം വർദ്ധിച്ചിരിക്കുന്നു. നിർമ്മാണത്തിൽ അനാവശ്യമായ ചെലവുകൾക്കുള്ള പ്രവണതയും കണ്ടുവരുന്നുണ്ട്.

ചെലവുകുറഞ്ഞ നിർമ്മാണ ശൈലി ഈ പഞ്ചായത്തിൽ പ്രചാരം നേടിയിട്ടില്ല. കോൺക്രീറ്റ് കട്ടിള, ജനൽ എന്നിവയുടെ നിർമ്മാണ വില്പന യൂണിറ്റ് പട്ടിക്കാട് ഉണ്ട്. സിമൻറ് ഉപയോഗിച്ചുള്ള ഹോളോ ബ്രിക്സ് നിർമ്മാണവും ചെറിയ തോതിൽ ആരംഭിച്ചിട്ടുണ്ട്. കരിങ്കല്ല് ഒഴികെ മറ്റു നിർമ്മാണ സാമഗ്രികൾ എല്ലാം പുറമെ നിന്നു വരണം. ജൈവവേലികളുടെ സ്ഥാനത്ത് മതിലുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു.

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വർദ്ധിച്ചതോടുകൂടി വിവിധ മേഖലകളിൽ ജോലി ചെയ്തിരുന്നവർ കെട്ടിട നിർമ്മാണ തൊഴിലുകളിലേക്ക് മാറിയിട്ടുണ്ട്. എന്നിട്ടും സീസണിൽ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ പരിശീലനം ആവശ്യമുണ്ട്. വീടു നിർമ്മാണ രംഗത്ത് കരാർ സമ്പ്രദായം വ്യാപകമായിട്ടില്ല.

**കൂലിനിരക്ക്**

| ക്രമനമ്പർ | തൊഴിൽ | 1985 | 1990 | 1995 |
|---|---|---|---|---|
| 1. | മേസൻ | 50 രു | 75 രു | 150 രു |
| 2. | ആശാരി | 55 രു | 80 രു | 140 രു |
| 3. | വാർക്കപ്പണി | 45 രു | 70 രു | 140 രു |
| 4. | സഹായി (പുരുഷൻ) | 30 രു | 50 രു | 110 രു |
| 5. | സഹായി (സ്ത്രീ) | 25 രു | 35 രു | 70 രു |

## പ്രശ്നങ്ങൾ

പുറമ്പോക്കുകളിൽ ധാരാളം താമസക്കാർ ഉണ്ട്

അത്യാവശ്യ സൗകര്യങ്ങളില്ലാത്ത മോശപ്പെട്ട വീടുകൾ ധാരാളമുണ്ട്.

ഭൂമിയുടെ വില വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില കൂടുന്നു

ഭവന നിർമ്മാണ സഹകരണ സംഘങ്ങളില്ല

ഭവന നിർമ്മാണ വായ്പകൾ നൽകുന്ന ഏജൻസികൾ ഇവിടെ പ്രവർത്തിക്കുന്നില്ല

പട്ടയമില്ലാത്തതിനാൽ വായ്പ ലഭിക്കാൻ പ്രയാസമുണ്ട്

സീസണിൽ നിർമ്മാണ തൊഴിലാളികളെ ലഭിക്കാൻ പ്രയാസമുണ്ട്

ദുർബല ജനവിഭാഗങ്ങൾക്കുള്ള കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ അപര്യാപ്തമാണ്.

ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന വിദഗ്ധർ ഇല്ല

കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ കുറവാണ്.

കേരളീയ വാസ്തു ശില്പ ശൈലിയും ജൈവവേലിയും ഉപേക്ഷിക്കപ്പെടുന്നു.

## സാദ്ധ്യതകൾ

വിവിധ ഏജൻസികൾ ദുർബലജനവിഭാഗങ്ങൾക്കായി നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഗ്രാമ പഞ്ചായത്ത് മുഖേന പ്രാവർത്തികമാക്കണം

ദുർബല ജനവിഭാഗങ്ങളെ കോളനികളിലായി താമസിപ്പിക്കുന്ന രീതിയിൽ മാറ്റം വരുത്തണം

ഭൂരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്യണം.

നിർമ്മിതി കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ ചെലവുകുറഞ്ഞ നിർമ്മാണ രീതികളിൽ പഞ്ചായത്തിലെ തൊഴിലാളികൾക്ക് പരിശീലനം നൽകണം.

ചെലവുകുറഞ്ഞ നിർമ്മാണരീതികൾ അവലംബിക്കുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് പ്രഖ്യാപിക്കണം.

ജൈവവേലി പ്രോൽസാഹിപ്പിക്കുന്നതിനും മതിലുനിർമ്മാണം നിരുൽസാഹപ്പെടുത്തുന്നതിനും നികുതി നയത്തിൽ മാറ്റം വരുത്തണം

സൗജന്യമായി നൽകുന്ന വീടുകളുടെ കൈമാറ്റം തടയണം. അത്തരം വീടുകൾ വാങ്ങുന്നവർക്കെതിരേയും നടപടി ഉണ്ടാക്കണം.

# സാമൂഹ്യക്ഷേമം

പഞ്ചായത്തിലുള്ള 9678 കുടുംബങ്ങളിൽ 5445 എണ്ണവും (56.3%) ദാരിദ്ര്യരേഖക്കു താഴെയാണ്. ജനസംഖ്യയുടെ നല്ലൊരു ശതമാനം കർഷക തൊഴിലാളികളാണ്. സ്ഥിരമായ വരുമാനമുണ്ടാകാവുന്ന തൊഴിലവസരങ്ങൾ കുറവാണ്. ഇവരുടെ ഉന്നമനത്തിനായി നിരവധി സാമൂഹിക സാമ്പത്തിക പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ടെങ്കിലും അവയുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല. മാത്രമല്ല ഈ വിഭാഗത്തിൽപ്പെട്ടവർ ക്ഷേമ പദ്ധതികളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരുമല്ല.

## ക്ഷേമപദ്ധതികൾ

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് തുല്യ പങ്കാളിത്തമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് IRDP. 11000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഗ്രാമീണ കുടുംബങ്ങളെയാണ് ഇതിലുൾപ്പെടുത്തുന്നത്. 8-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 700 കുടുംബങ്ങൾക്കാണ് വായ്പാസഹായം അനുവദിച്ചിട്ടുള്ളത്. പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്കും മറ്റും നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും, ഇതിന്റെ പ്രയോജനം അർഹതപ്പെട്ട എല്ലാവരിലും എത്തുന്നില്ല. ഇവ കാര്യക്ഷമമാക്കാൻ ഈ വിഭാഗത്തിൽപെട്ട ജനങ്ങൾ തല്പരരല്ല എന്ന സ്ഥിതി നിലനില്ക്കുന്നു. ഇതിന്റെ ആനുകൂല്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്വയം പര്യാപ്തത നേടുന്നതിനുള്ള അവബോധം ഇവരിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്.

**IRDP സർവ്വേ റിപ്പോർട്ട്**

| വാർഡ് | IRDP സപ്പ്ലെ പ്രകാരം ദാരിദ്രരേഖക്ക് താഴെ കുടുംബം | എസ് സി | എസ്.്റ്റി | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | എസ് സി | എസ്.്റ്റി | വീട് ആവശ്യമുള്ളകുടുംബങ്ങൾ | ഇതുവരെ അനുവദിച്ച വീടുകൾ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവർ | ഇത്വരെ അനു വദിച്ചത് |
|---|---|---|---|---|---|---|---|---|---|---|
| 1 | 411 | 43 | 44 | 15 | 5 | 8 | 110 | 25 | 226 | 10 |
| 2 | 319 | 13 | 3 | 17 | 4 | - | 90 | 8 | 275 | 2 |
| 3 | 396 | 17 | 12 | 32 | 10 | 10 | 25 | 23 | 219 | 27 |
| 4 | 314 | 28 | - | 17 | 11 | - | 85 | 25 | 173 | 3 |
| 5 | 475 | 56 | - | 10 | 5 | - | 130 | 16 | 261 | 1 |
| 6 | 362 | 37 | - | 13 | 6 | - | 98 | 10 | 200 | 4 |
| 7 | 346 | 18 | - | 19 | 7 | - | 92 | 15 | 189 | 6 |
| 8 | 324 | 14 | - | 78 | 10 | - | 65 | 7 | 200 | 5 |
| 9 | 341 | 69 | - | 140 | 60 | - | 60 | 16 | 200 | 1 |
| 10 | 532 | 10 | 2 | 40 | 9 | - | 105 | - | 350 | 4 |
| 11 | 554 | 18 | 30 | 86 | 35 | - | 112 | 1 | 375 | 16 |
| 12 | 476 | 45 | - | 57 | 30 | - | 95 | 6 | 300 | 3 |
| 13 | 572 | 51 | - | 117 | 40 | - | 45 | 12 | 340 | 5 |
| 14 | - | - | 39 | 45 | 2 | - | 5 | 3 | 15 | 9 |

വനിതകളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചക്കുവേണ്ടി വായ്പയും സഹായധനവും നല്കി കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഒരു പരിപാടിയാണ് DWCRA ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ 2 യൂണിറ്റുകളിലായി 20 സ്ത്രീകൾ ജോലി ചെയ്തുവരുന്നു. കൂടുതൽ യൂണിറ്റുകൾ ആരംഭിച്ച് ഏറ്റെടുത്തു നടത്തിക്കൊണ്ടു പോകുന്നതിനുള്ള വനിത ഗ്രൂപ്പുകളുടെ അഭാവം ഈ പദ്ധതിക്ക് ഒരു തടസ്സമായിനിൽക്കുകയാണ്.

| വാർഡ് | ആരംഭിച്ച വർഷം | സംരഭത്തിന്റെ ഇനം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| iii | 1996-97 | T.V. booster, ഇലക്ട്രിക്ക് ചോക്ക് നിർമ്മാണം | 10 | സ്വയംവിപണികണ്ടെത്താനുള്ള ബുദ്ധിമുട്ട്. മറ്റുകമ്പനികളുമായി മത്സരിക്കാനുള്ള പ്രാപ്തികുറവ് |
| xi | 1996 97 | ഡയറി യൂണിറ്റ് | 10 | സംരക്ഷണ ചിലവ് കൂടുതലും വരുമാനം കുറവും |

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട-കുടിൽ വ്യവസായ-സർവ്വീസ് മേഖലയിൽ സ്വയം തൊഴിൽ പരിശീലനം നൽകി അവർക്ക് പൂർണ്ണ പ്രയോജനം ലഭ്യമാക്കുക എന്നതാണ് TRYCEM പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി യുവതി യുവാക്കൾക്ക് അവർക്ക് താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം ന

ൽകിവരുന്നു. പരിശീലന കാലത്ത് ഓരോ പരിശീലനാർത്ഥിക്കും സ്റ്റൈപ്പൻറ് നൽകുന്നുണ്ട് ഗുണഭോക്താക്കളിൽ 50% പട്ടിക ജാതി / പട്ടികവർഗ്ഗക്കാരും,40% വനിതകളും, 5% വികാലാംഗരും ആയിരിക്കും. ഇതിൻെറ ഭാഗമായി പഞ്ചായത്തിൽ 92-93 വർഷം മുതൽ 40 പേർക്ക് പരിശീലനം നൽകിയതിൽ 16 പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഇത് ഉപകരിക്കുകയുണ്ടായി.

| വാർഡ് നമ്പർ | പരിശീലനം- വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ ലഭിച്ചവരുടെഎണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെഎണ്ണം |
|---|---|---|---|---|
| II | പ്രിൻറിംഗ്- കമ്പോസിംഗ് | 2 | 2 | 2 |
| III | ഓട്ടോഡ്രൈവിംഗ് | 6 | 6 | - |
| VII | ലാവിസറി | 3 | 3 | -- |
| VIII | ലാവിസറി | 12 | 3 | 9 |
| iX | വയറിംഗ്, ഇലക്ട്രോണിക്സ് ബ്യൂട്ടീഷൻ | 10 | 1 | 9 |
| xII | കെസ്സെൻറർ, റേഡിയോ റിപ്പയറിംഗ് | 2 | - | 2 |
| xIII | ടൂവീലർ മെക്കാനിക് ബൈൻഡിങ്ങ് | 4 | 1 | 3 |
| xIV | ടൂവീലർ | 1 | - | 1 |
| | ആകെ | 40 | 16 | 24 |

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ് വിതരണം. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി മൺപാത്ര നിർമ്മാണം, ചെരുപ്പുനിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിൻെറ സഹായം ലഭിക്കുന്നത്. ഈ പദ്ധതി അനുസരിച്ച് 22 പേർക്ക് 8-ാം പദ്ധതിയിൽ നവീന യന്ത്രോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിന് നൽകിവരുന്ന സഹായം പൂർണ്ണമായും തിരിച്ച് അടക്കേണ്ടതില്ല.

## ശുചിത്വ സൗകര്യം

ഗ്രാമങ്ങളിൽ ശുചിത്വ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി നടത്തുന്ന പദ്ധതിയാണ് CRSR. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ് ഇതിൻെറ ഗുണഭോക്താക്കൾ. ബ്ളോക്കിൽ നിന്നും 91-92 വർഷം മുതൽ 116 കക്കൂസുകൾ ഇതിൻെറ ഭാഗമായി ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഇതു കൂടാതെ JRYസ്ക്കീമനുസരിച്ച് നിരവധി കക്കൂസുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

| നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസിൻെറ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 226 | 10 | 9 | 216 |
| 2 | 175 | 2 | 2 | 173 |
| 3 | 219 | 27 | 24 | 192 |
| 4 | 173 | 3 | 3 | 170 |
| 5 | 261 | 1 | 1 | 260 |
| 6 | 200 | 4 | 4 | 196 |
| 7 | 189 | 6 | 6 | 183 |
| 8 | 200 | 5 | 5 | 195 |
| 9 | 200 | 1 | 1 | 199 |
| 10 | 350 | 4 | 4 | 346 |
| 11 | 375 | 16 | 15 | 359 |
| 12 | 300 | 3 | 1 | 297 |
| 13 | 340 | 5 | 15 | 335 |
| 14 | 15 | 9 | 6 | 6 |

## ക്ഷേമപ്രവർത്തനം

സാമൂഹ്യക്ഷേമവകുപ്പ് മാതൃ-ശിശു സംരക്ഷണപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഒന്നും തന്നെ ഇതുവരെ തുടങ്ങിയിട്ടില്ല. ഒല്ലൂക്കര ബ്ലോക്കിൻെറ കീഴിൽ 8 മഹിളാസമാജങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതോടനുബന്ധിച്ച് 3CPWP സെൻററുകളും, 4 ഫീഡിംഗ് സെൻററുകളും പ്രവർത്തിക്കുന്നു. ഇതു വഴി വിതരണം ചെയ്യേണ്ട പോഷകഹാരങ്ങൾ ചില സമയങ്ങളിൽ മാത്രമേ വിതരണം ചെയ്യാറുള്ളൂ.

## പെൻഷൻ

സാമൂഹ്യ രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സഹായങ്ങളിലൊന്നാണ് പെൻഷനുകൾ. അർഹമായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നില്ലെന്നും, സമയാസമയങ്ങളിൽ പണം ഗുണഭോക്താക്കളിൽ എത്തുന്നില്ലെന്നും, ലഭിക്കുന്ന സഹായം വളരെ കുറവാണെന്നും വ്യാപകമായ പരാതി നിലനില്ക്കുന്നു. അർഹതയുള്ളവർക്ക് ഇവ ലഭിക്കുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## വികലാംഗർ

| ഇനം | ലഭിക്കുന്നവരുടെ എണ്ണം | പ്രതിമാസം (രൂപ) |
|---|---|---|
| വികലാംഗപെൻഷൻ | 200 | 100 |
| വാർദ്ധക്യകാല പെൻഷൻ | 52 | 100 |
| വിധവാ പെൻഷൻ | 81 | 100 |

പഞ്ചായത്തിൽ ഏകദേശം 650 ഓളം വികലാംഗരാണ് ഉള്ളത്. ഇവരിൽ പൊതുവെ വിദ്യാഭ്യാസം കുറവാണ്. 40%പേരും പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്തവരാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം 22പേർക്കും, കൃത്രിമ ഉപകരണങ്ങൾ 3പേർക്കും, വികലാംഗ പെൻഷൻ പഞ്ചായത്തിൽ 200 പേർക്കും ലഭിക്കുന്നുണ്ട്. ബസ്സുകളിലെ യാത്രാ സൗജന്യം 300 പേർക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ വഴി രണ്ടു ത്രീവീലറുകളും, മൂന്ന് വീടുകൾ നിർമ്മിച്ചു കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്.

## തൊഴിലില്ലായ്മ വേതനം

| വർഷം | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|
| എണ്ണം | 360 | 337 | 313 | 271 | 246 |

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതീ യുവാക്കൾ പഞ്ചായത്തിൽ നിരവധിയുണ്ടെങ്കിലും 1995 ലെ കണക്കനുസരിച്ച് 246 പേർ മാത്രമേ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരായുള്ളു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളെ താരതമ്യ പഠനം നടത്തുകയാണെങ്കിൽ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരുടെ എണ്ണം കുറഞ്ഞ് വരികയാണ്.

## പ്രശ്നങ്ങൾ

IRDP ലോണുകൾ വിതരണം ചെയ്യുന്നതിന് ബാങ്കുകൾ കാണിക്കുന്ന വിമുഖത. ദാരിദ്ര്യ രേഖയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം 11000 രൂപ അപര്യാപ്തമാണ്. DWCRAപദ്ധതികൾ ഏറ്റെടുക്കാനുള്ള വനിതാ ഗ്രൂപ്പുകളുടെ അഭാവം

ട്രൈസം പദ്ധതിയിൽ പരിശീലനം നേടിയവർ ഒരു തൊഴിലിലും ഏർപ്പെടുന്നില്ല.

ടൂൾകിറ്റ് പദ്ധതിക്ക് അനുവദിക്കുന്ന പണം അപര്യാപ്തമാണ്.

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. മാത്രമല്ല അനർഹരായ പലരും പെൻഷൻ വാങ്ങുന്നുമുണ്ട്.

സ്വയം തൊഴിൽ കണ്ടെത്തുന്ന വികലാംഗർക്ക് ഈട് നൽകാൻ പറ്റാത്തതുകൊണ്ട് ധനസഹായം നിഷേധിക്കുന്നു.

## സാദ്ധ്യതകൾ

DWCRA യുടേയും മറ്റും സഹായത്തിന് 'കേരംസ്' (കേരള റൂറൽ & മാർക്കറ്റിങ്ങ് സൊസൈറ്റി ) എല്ലാ ജില്ലകളിലും ആരംഭിക്കണം.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കണം. ദാരിദ്ര്യ രേഖയുടെ അളവുകോൽ 11000 രൂപയിൽ നിന്നും 18000 രൂപയായി ഉയർത്തണം.

ട്രൈസം പരിശീലനം ലഭിച്ചവർക്ക് ആ തൊഴിലിൽ ഭദ്രത ഉറപ്പ് വരുത്തണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ ട്രൈസം സെൻററുകൾ ആരംഭിക്കണം.

സാനിറ്ററി കക്കൂസുകൾ നിർമ്മിക്കുന്നതിൽ സന്നദ്ധ സംഘടനകളുടേയും, ബഹുജനങ്ങളുടേയും സഹകരണം ഉറപ്പ് വരുത്തണം.

പെൻഷന് അർഹതയുള്ളവരെയും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടേയും ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം ഗ്രാമസഭകൾക്ക് ലഭിക്കണം.

അദ്ധ്യായം 4(8)

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പാണഞ്ചേരി പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം എണ്ണത്തിൽ ഏകദേശം 11% ഉണ്ടെങ്കിലും ജീവിതനിലവാരത്തിൽ വളരെ പിന്നോക്കം നിൽക്കുന്നു. പട്ടികവർഗ്ഗക്കാരുടെ സ്ഥിതി പട്ടികജാതിക്കാരുടേതിലും ദയനീയമാണ്. പട്ടികജാതിക്കാർ 565 കുടുംബങ്ങളിലായി 3405 പേരും പട്ടികവർഗ്ഗക്കാർ 220 വീടുകളിലായി 760 പേരുമാണ്.

**പട്ടികജാതി പട്ടിക വർഗ്ഗ കോളനികളുടെ വിവരം**

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | ആനവാരി എസ്.റ്റി | 2 | 6 |
| 2 | ,, | അടുക്കളപ്പാറ എസ്. റ്റി | 3 | 14 |
| 3 | ,, | പെരുംതുമ്പ എസ്.റ്റി | 6 | 24 |
| 4 | ,, | പൊട്ടിമട എസ്.റ്റി | 12 | 46 |
| 5 | ,, | ഒളകര എസ്.റ്റി | 32 | 116 |
| 6 | ,, | മണിയംകിണർ എസ്.റ്റി | 40 | 150 |
| 7 | 2 | കൊമ്പഴ എസ്.റ്റി | 4 | 13 |
| 8 | ,, | കരടിക്കുണ്ട് എസ്.റ്റി | 4 | 22 |
| 9 | 3 | പൂവ്വൻചിറ എസ്.റ്റി | 38 | 155 |
| 10 | 2 | വഴക്കുംമ്പാറ എസ്.സി | 9 | 40 |
| 11 | 4 | മുട്ടാല എസ്.സി | 11 | 41 |
| 12 | 5 | കല്ലിടുക്ക് എസ്.സി | 13 | 59 |
| 13 | ,, | മുളംകോട് എസ്.സി | 18 | 64 |
| 14 | ,, | മേലേച്ചിറ എസ്.സി | 21 | 86 |
| 15 | ,, | തെക്കുംപാടം എസ്.സി | 12 | 56 |
| 16 | 6 | ചാണോത്ത് എസ്.സി | 17 | 67 |
| 17 | ,, | കൊരങ്ങുംപാറ എസ്.സി | 10 | 60 |
| 18 | 7 | വടക്കുംപാടം എസ്.സി | 14 | 55 |
| 19 | ,, | മങ്ങാട്ട് കോളനി എസ്.സി | 13 | 80 |
| 20 | 1 | ആനവാരി എസ്.സി | 12 | 33 |
| 21 | 8 | ചെമ്പൂത്തറ എസ്.സി | 2 | 16 |
| 22 | ,, | പാണഞ്ചേരി എസ്.സി | 8 | 35 |
| 23 | ,, | താളിക്കോട് എസ്.സി | 7 | 34 |
| 24 | 9 | എടപ്പലം എസ്.സി | 42 | 202 |
| 25 | ,, | ഉമ്മിട്ടിപ്പറമ്പ് എസ്.സി | 15 | 64 |
| 26 | ,, | കരിപ്പക്കുന്ന് എസ്.സി | 8 | 36 |
| 27 | 9 | കുട്ടാല എസ്.സി | 49 | 239 |
| 28 | ,, | മുടിക്കോട് എസ്. സി | 5 | 27 |
| 29 | 10 | കണ്ണാറ എസ്.സി | 48 | 201 |
| 30 | 12 | പായക്കണ്ടം എസ്.റ്റി | 6 | 26 |
| 31 | 11 | പയ്യനം എസ്.റ്റി | 23 | 101 |
| 32 | 13 | ചീനിക്കടവ് എസ്. റ്റി | 13 | 62 |
| 33 | 8 | കണിയംകുഴി എസ്. സി | 13 | 45 |
| 34 | 14 | താമരവെള്ളച്ചാൽ എസ്.റ്റി | 49 | 207 |
| 35 | 14 | വെലങ്ങന്നൂർ എസ്.റ്റി | 11 | 36 |
| 36 | 5 | ചീനിക്കടവ് എസ്.റ്റി | 6 | 24 |
| 37 | 14 | മനയ്ക്കപ്പാടം എസ്.സി | 10 | 405 |
| | | ആകെ | 606 | 2587 |

കാലാകാലങ്ങളായി അനുഭവിച്ചുപോന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് പട്ടികജാതിക്കാർ ഏറെക്കുറെ മോചിതരായെങ്കിലും പട്ടികവർഗ്ഗക്കാരുടെ നിലയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. സമൂഹത്തിലെ ഇതര ജനവിഭാഗങ്ങളുടെ ചടങ്ങുകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പലപ്പോഴും ഉണ്ടാകാറില്ല എന്നു തന്നെ പറയാം. പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടാവാറുണ്ടുതാനും. ഈ വിഭാഗത്തിൻെറ ഉന്നമനത്തിനു വേണ്ടി സർക്കാർ വക പദ്ധതികൾ ധാരാളമുണ്ടെങ്കിലും ഫലപ്രദമായി നടപ്പാകാറില്ല എന്നു കരുതേണ്ടിയിരിക്കുന്നു.

## പാർപ്പിടം

ഈ ദുർബല ജനവിഭാഗത്തിന് പാർപ്പിട സൗകര്യവും തുലോം പരിമിതമാണ്. ചിലകോളനികളിൽ സർക്കാർ തലത്തിൽ വീടുകൾ നിർമ്മിക്കാൻ സഹായം നൽകിയിട്ടുണ്ട്. വേറിട്ടു താമസിക്കുന്ന ചിലർക്കും ഈ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. വീടുവെക്കാൻ അനുവദിക്കുന്ന സംഖ്യ ഇന്നത്തെ ചുറ്റുപാടിൽ തികയാതെ വരുന്നതായും പരാധിയുണ്ട്. പട്ടികവർഗ്ഗക്കാരിൽ ഏറെപ്പേരും കുടിലുകളിലാണ് താമസം. മിക്ക കുടുംബങ്ങൾക്കും കക്കൂസ് സൗകര്യങ്ങളില്ല. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്ഥലവും വീടുവെക്കാനുള്ള ധന സഹായവും നൽകി സഹായിക്കേണ്ടത് അത്യാവശ്യമാണ്. വൈദ്യുതി, ശ്മശാനസൗകര്യം തുടങ്ങിയവങ്ങളും ഏർപ്പെടുത്തികൊടുക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു.

**കോളനിയിലെ വീടുകളുടെ സ്ഥിതി**

| ക്രമ നമ്പർ | കോളനികളുടെ പേര് | വീടിൻെറ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമുള്ളവർ | വീട് റിപ്പയർ ചെയ്യേണ്ടത് |
|---|---|---|---|---|---|---|---|
| | | കോൺഗ്രീറ്റ് | ഓട് | ഓല | | | |
| 1 | ആനവാരി എസ്.റ്റി | | | 2 | 2 | 2 | |
| 2 | അടുക്കളപ്പാറ എസ്. റ്റി | | 1 | 2 | 2 | 3 | 1 |
| 3 | പെരുംതുമ്പ എസ്.റ്റി | | 4 | 2 | 2 | 6 | 4 |
| 4 | പൊട്ടിമട എസ്.റ്റി | | 8 | 4 | 4 | 2 | 7 |
| 5 | ഒളകര എസ്.റ്റി | | 16 | 16 | 16 | 32 | 15 |
| 6 | മണിയംകിണർ എസ്.റ്റി | | 26 | 14 | 14 | 40 | 26 |
| 7 | കൊമ്പഴ എസ്.റ്റി | | 3 | 1 | 1 | 4 | 3 |
| 8 | കരടിക്കുണ്ട് എസ്.റ്റി | | | 4 | 4 | 4 | |
| 9 | പുവ്വൻചിറ എസ്.റ്റി | | 25 | 13 | 13 | 14 | 25 |
| 10 | വഴക്കുംമ്പാറ എസ്.സി | | | 9 | 9 | 9 | |
| 11 | മൂട്ടാല എസ്.സി | | 10 | 2 | 1 | 13 | 10 |
| 12 | കല്ലിടുക്ക് എസ്.സി | 2 | 5 | 6 | 6 | 10 | 5 |
| 13 | മുലംകോട് എസ്.സി | | 4 | 14 | 14 | 18 | 4 |
| 14 | മേലേച്ചിറ എസ്.സി | | 8 | 12 | 12 | 20 | 8 |
| 15 | തെക്കുംപാടം എസ്.സി | | 12 | | | 12 | 10 |
| 16 | ചാണോത്ത് എസ്.സി | | 9 | 8 | 8 | 15 | 9 |
| 17 | കൊരങ്ങുംപാറ എസ്.സി | | 6 | 4 | 4 | 10 | 6 |
| 18 | വടക്കുംപാടം എസ്.സി | | 20 | 7 | 7 | 25 | 20 |
| 19 | ആനവാരി എസ്.സി | | 4 | 8 | 8 | 12 | 4 |
| 20 | ചെമ്പുത്തറ എസ്.സി | | 2 | | | 2 | 2 |
| 21 | പാണഞ്ചേരി എസ്.സി | 1 | 2 | 5 | 5 | 7 | 2 |
| 22 | താളിക്കോട്ട് എസ്.സി | | | 7 | 7 | 7 | |
| 23 | എടപ്പലം എസ്.സി | | 27 | 15 | 15 | 40 | 25 |
| 24 | ഇമ്മിട്ടിപറമ്പ് എസ്.സി | | 12 | 3 | 3 | 12 | 12 |
| 25 | കരുപ്പക്കുന്ന് എസ്.സി | | 5 | 3 | 3 | 8 | 5 |
| 26 | കൂട്ടാല എസ്.സി | | 38 | 11 | 11 | 40 | 35 |
| 27 | മൂടിക്കോട് എസ്. സി | | 3 | 2 | 2 | 5 | 3 |
| 28 | കണ്ണാറ എസ്.സി | | 21 | 27 | 27 | 40 | 18 |
| 29 | പായക്കണ്ടം എസ്.റ്റി | | 6 | | | 4 | 5 |
| 30 | പയ്യനം എസ്.റ്റി | | 21 | 1 | 1 | 20 | 15 |
| 31 | ചീനിക്കടവ് എസ്. റ്റി | | 8 | 5 | 5 | 11 | 8 |
| 32 | കണിയംകുഴി എസ്. സി | | | 13 | 13 | 13 | |
| 33 | താമരവെള്ളച്ചാൽ എസ്.സി | | 0 | 49 | | | |
| 34 | വെലങ്ങന്നൂർ എസ്.റ്റി | | 3 | 8 | 8 | 11 | 3 |
| 35 | ചീനിക്കടവ് എസ്.റ്റി | | 2 | 4 | 4 | 6 | 2 |
| 36 | മങ്ങാട്ടുകോളനി | 4 | 6 | 1 | 1 | 5 | - |
| 37 | മനയ്ക്കപ്പാടം | | 10 | | | 10 | - |

## വിദ്യാഭ്യാസം

പട്ടികജാതി പട്ടികവർഗ്ഗക്കാർ മറ്റു വിഭാഗങ്ങളേ അപേക്ഷിച്ച് വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നിലാണ്. പട്ടികവർഗ്ഗക്കാരുടെ സ്ഥിതിയാണ് ഏറെ ശോചനീയം. പട്ടിക ജാതിക്കാരിൽ പകുതിയും സാക്ഷരരാണെങ്കിൽ പട്ടികവർഗ്ഗക്കാരിൽ ഭൂരിപക്ഷവും നിരക്ഷരരായി തുടരുന്നു. സാമൂഹിക സാഹചര്യങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളുമാണ് പ്രധാനകാരണം. പഞ്ചായത്തിൽ പട്ടിക വർഗ്ഗക്കാർക്കുവേണ്ടി രണ്ട് ലോവർ പ്രൈമറി സ്കൂളുകളും അവർക്ക് താമസിച്ചുപഠിക്കാൻ രണ്ട് ഹോസ്റ്റലുകളും ഉണ്ടെങ്കിലും രക്ഷിതാക്കൾ കുട്ടികളെ ഇവിടെ ചേർത്ത് പഠിപ്പിക്കുന്നതിൽ എന്തുകൊണ്ടൊ വിമുഖരാണ്. ഈ രണ്ടു വിഭാഗങ്ങളിലും കൂടി 370 ആൺകുട്ടികളും 340 പെൺകുട്ടികളും ഇപ്പോൾ സ്കൂൾ തലത്തിൽ പഠിക്കുന്നു. ഇവർ എസ്. എസ്.എൽ.സി. പരീക്ഷയിൽ തോറ്റുപോയാൽ രണ്ടാമതൊരു ശ്രമം നടത്താറില്ല. പ്രിഡിഗ്രിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവർ ഈ വിഭാഗങ്ങളിൽ അപൂർവ്വമാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇവരുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## തൊഴിൽ

പട്ടികജാതിക്കാർ കൂടുതലും കാർഷിക മേഖലയിൽ തൊഴിൽ കണ്ടെത്തുമ്പോൾ പട്ടികവർഗ്ഗക്കാർ വനത്തെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. മെഴുക്, തേൻ, ഇഞ്ച, ചീനിക്കായ, പച്ചമരുന്നുകൾ മുതലായവ ശേഖരിച്ച് വിപണനം നടത്തുകയാണ് ഇവർ ചെയ്യുന്നത്. കർഷകർ നാണ്യ വിളകളിലേക്ക് തിരിഞ്ഞതിനാലും നെൽപ്പാടങ്ങൾ കുറഞ്ഞതിനാലും കൃഷിയെ ആശ്രയിച്ചുള്ള തൊഴിൽ അവസരങ്ങൾ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇനിയും കുറയാനാണ് സാദ്ധ്യതയും. വന വിസ്തൃതിയുടെ സങ്കോചവും അസംസ്കൃത വസ്തുക്കളുടെ (മുള, ഈറ്റ, etc) ദൗർലഭ്യവും ഇവയെ അടിസ്ഥാനമാക്കി പരമ്പരാഗത കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരുന്നവരേയും ദോഷകരമായി ബാധിച്ചു. ഇവർക്ക് സർക്കാർ നേരിട്ട് അസംസ്കൃത വസ്തുക്കൾ മിതമായ നിരക്കിൽ എത്തിച്ചു കൊടുക്കുകയും യുവജനങ്ങൾക്ക് പുത്തൻ കൈതൊഴിലുകൾ പഠിപ്പിച്ചു കൊടുക്കുകയും ചെയ്ത് സത്വര പരിഹാരം കാണേണ്ടതാണ്.

## കുടിവെള്ളം

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെല്ലാം തന്നെ കുടിവെള്ള ക്ഷാമം വേനൽക്കാലത്ത് രൂക്ഷമാണ്. പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ പരിധിയിൽ പെടുന്ന എല്ലാ കോളനികളിലും ടേപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്താൽ പ്രശ്നം കുറേയൊക്കെ പരിഹൃതമാകും.'രാജീവ് ഡ്രിങ്കിംഗ് സ്കീം' കോളനികളിൽ ഫലപ്രദമായി നടപ്പിലാക്കിയാൽ ബാക്കിയുള്ള ക്ഷാമം കൂടി പരിഹരിക്കാൻ കഴിഞ്ഞേക്കാം.

## ആരോഗ്യം

മറ്റു പല കാര്യങ്ങളിലുമെന്നപോലെ ആരോഗ്യ സ്ഥിതിയിലും പട്ടിക വർഗ്ഗക്കാരുടെ അവസ്ഥ വളരെ മോശമാണ്. ചില പട്ടികവർഗ്ഗ കോളനികളിൽ കുഷ്ഠരോഗവും ക്ഷയരോഗവും ഉള്ളതായി പറയപ്പെടുന്നു. പട്ടിക വർഗ്ഗക്കാരുടെ ഇടയിൽ ഇന്നും നിലനിൽക്കുന്ന ഒരു ദുരാചാരമാണ് ശൈശവ വിവാഹം. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യം മോശമാവാൻ ഇതും കാരണമാകുമെന്നും കരുതുന്നു. ബോധവത്ക്കരണം അത്യാവശ്യമായ ഒരു വിഭാഗമാണിവർ. പഞ്ചായത്തിൽ നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും മൂന്നുമാസത്തിലൊരിക്കലെങ്കിലും മെഡിക്കൽ ക്യാമ്പുകളും സെമിനാറുകളും മറ്റും നടത്തേണ്ടതുമാണ്. വാണിയം പാറയിലെ ഹെൽത്ത് സെൻറർ വികസിപ്പിക്കുകയാണെങ്കിൽ ഒന്നു മുതൽ അഞ്ച് വരെ വാർഡുകളിലെ കോളനി വാസികൾക്കും ഉപകാരപ്രദമായിരിക്കും.

## ഗതാഗതം

പഞ്ചായത്തിലെ അപൂർവ്വം ചില കോളനികളിലേക്കുമാത്രമെ സഞ്ചാരയോഗ്യമായ റോഡുകൾ ഉള്ളൂ. കോളനികളുടെ പൊതുവായ പുരോഗതിക്ക് ഗതാഗത സൗകര്യം അനിവാര്യമാണ്. മറ്റു ജനവാസകേന്ദ്രങ്ങളിൽ നിന്ന് വേറിട്ട് കാടിൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഒളകര കോളനി, താമരവെള്ളച്ചാൽ കോളനി എന്നിവിടങ്ങളിലേക്ക് റോഡ് സൗകര്യങ്ങൾ ഉണ്ടാകേണ്ടത് ഏറ്റവും അത്യാവശ്യമാണ്. നിലവിലുള്ള റോഡുകൾ തന്നെ സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണ്.

പട്ടികജാതി കോർപ്പറേഷനും പട്ടികവർഗ്ഗക്ഷേമ വകുപ്പും ഇതര സാമൂഹ്യ ക്ഷേമവകുപ്പുകളും നടത്തിവരുന്ന വികസന പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഇതിൻെറ നടപടി ക്രമങ്ങളിലും മാനദണ്ഡങ്ങളിലും കാര്യമായ മാറ്റം വരുത്തേണ്ടതാവശ്യമാണ്. അർഹതപ്പെട്ടവർക്ക് സഹായം നിഷേധിക്കപ്പെടാത്തവിധത്തിൽ നിബന്ധനകൾ ലളിതമാക്കണം. ഇത്തരം പദ്ധതികൾ ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ കൂടുതൽ ഫലപ്രദമാകും.

## കോളനികളിലെ ജീവിതനിലവാരം

| ക്രമ നമ്പർ | കോളനികളുടെ പേര് | പൊതുകക്കൂസ് | ഗതാഗതയോഗ്യമായത് | വൈദ്യുതീകരണം. | ടാപ്പ് |
|---|---|---|---|---|---|
| 1 | ആനവാരി എസ്.റ്റി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | അടുക്കളപ്പാറ എസ്. റ്റി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | പെരുംതുമ്പ എസ്.റ്റി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | പൊട്ടിമട എസ്.റ്റി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 5 | ഒളകര എസ്.റ്റി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | മണിയംകിണർ എസ്.റ്റി | ഇല്ല | | ഇല്ല | ഇല്ല |
| 7 | കൊമ്പഴ എസ്.റ്റി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 8 | കരടിക്കുണ്ട് എസ്.റ്റി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 9 | പൂവ്വൻചിറ എസ്.റ്റി | | ഉണ്ട് | ഉണ്ട് | ഇല്ല |
| 10 | വഴക്കുംമ്പാറ എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | മുട്ടാല എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 12 | കല്ലിടുക്ക് എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 13 | മൂലംകോട് എസ്.സി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 14 | മേലേച്ചിറ എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 15 | തെക്കുംപാടം എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 16 | ചാണോത്ത് എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 17 | കൊരങ്ങുംപാറ എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 18 | വടക്കുംപാടം എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 19 | ചെമ്പൂത്ര | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 20 | പാണഞ്ചേരി എസ്.സി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 21 | താളിക്കോട്ട് എസ്.സി | ഇല്ല | ഇല്ല | | ഇല്ല |
| 22 | എടപ്പാലം എസ്.സി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 23 | ഇമ്മിട്ടിപ്പറമ്പ് എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 24 | കരുപ്പക്കുന്ന് എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 25 | കൂട്ടാല എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 26 | മുടിക്കോട് എസ്. സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 27 | കണ്ണാറ എസ്.സി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 28 | പായക്കണ്ടം എസ്.റ്റി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 29 | പയ്യനം എസ്.റ്റി | ഇല്ല | ഉണ്ട് | ഉണ്ട് | |
| 30 | ചീനിക്കടവ് എസ്. റ്റി | ഇല്ല | ഉണ്ട് | ഇല്ല | |
| 31 | കണിയംകുഴി എസ്. സി | ഇല്ല | | ഇല്ല | |
| 32 | താമരവെള്ളച്ചാൽ എസ്.റ്റി | ഇല്ല | | ഇല്ല | |
| 33 | വെലങ്ങന്നൂർ എസ്.റ്റി | ഇല്ല | | ഉണ്ട് | |
| 34 | മനയ്ക്കപ്പാടം | ഇല്ല | | ഇല്ല | |
| 35 | ചീനിക്കടവ് എസ്.റ്റി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 36 | ആനവരി എസ്.സി. | ഇല്ല | | ഇല്ല | ഇല്ല |
| 37 | മാങ്ങാട്ടു കോളനി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |

## പ്രശ്നങ്ങൾ

1. സംസ്ഥാനത്ത് 95% സാക്ഷരത അവകാശപ്പെടുന്നുണ്ടെങ്കിലും കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു.
3. എല്ലാവർക്കും സ്വന്തമായി ഭൂമിയില്ല, വീടുവെക്കാൻ ലഭിക്കുന്ന ധന സഹായം അപര്യാപ്തമാണ്.
4. കുടിവെള്ളവും വൈദ്യുതിയും മിക്ക സ്ഥലത്തും എത്തിയിട്ടില്ല.
5. എല്ലാ കോളനികൾക്കും പൊതുശ്മശാനം ഇല്ല.
6. ആരോഗ്യ നില വളരെ മോശമാണ്.
7. സർക്കാർ ക്ഷേമ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
8. പട്ടികജാതി-പട്ടികവർഗ്ഗക്കാർ 'കടക്കെണി' യിൽ പെട്ടുപോകുന്നു.
9. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ചെലവുകൾക്ക് അനുവദിക്കുന്ന തുക വളരെ പരിമിതമാണ്.

## സാദ്ധ്യതകൾ

1. എല്ലാ കോളനികളിലേക്കും സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കണം.
2. കോളനികൾ എല്ലാം വൈദ്യുതീകരിക്കണം. വൈദ്യുതി എത്തിക്കാൻ സാദ്ധ്യമല്ല എങ്കിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കണം.
3. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുക.
4. കൊട്ട, പനമ്പ് മുതലായവയുടെ നിർമ്മാണ വിപണനം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
5. നവീനകൈത്തൊഴിൽ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.
6. പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റികൾ നിലവിലുള്ളവ മെച്ചപ്പെടുത്തുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക. സൊസൈറ്റികൾ വഴി തേൻ, പച്ചമരുന്ന് മുതലായ വന വിഭവങ്ങൾ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുക. കഴിയുന്നതും മൂല്യ വർദ്ധന വരുത്തി ഉപോല്പന്നങ്ങളാക്കി വിപണനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുക.
7. വ്യവസായ പരിശീലനം ലഭിച്ചവർക്ക് ലളിതമായ രീതിയിൽ വായ്പാസൗകര്യം ചെയ്തുകൊടുക്കുകയും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
8. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന ധന സഹായം വർദ്ധിപ്പിക്കുക.
9. ഇന്ന് നിലവിലുള്ള ലക്ഷം വീടുകൾ ഒറ്റപ്പെട്ട വീടുകളാക്കി രൂപാന്തരപ്പെടുത്തുക.
10. കോളനികളിൽ നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണി നടത്തിക്കൊടുക്കുക.
11. ബാലവാടികളും, നേഴ്സറികളും നിലവിലില്ലാത്ത അർഹതപ്പെട്ട കോളനികളിൽ കൂടി നടപ്പിലാക്കുക.
12. നിലവിലുള്ള 'ട്രൈബൽ'ഹോസ്റ്റൽ മെച്ചപ്പെടുത്തുകയും ഒരു പട്ടികജാതി ഹോസ്റ്റൽ കൂടി അനുവദിക്കുകയും ചെയ്യുക.
13. വ്യവസായ ശാലകളും മഹിളാ സംഘടനകളും കോളനിയിൽ സ്ഥാപിക്കണം. ടെലിഫോൺ സൗകര്യം ഏർപ്പെടുത്തണം.
14. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പഠിത്തം നിർത്തിയ കുട്ടികളെ കണ്ടെത്തി അവർക്ക് പഠിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണ്ണം.
15. എല്ലാ കോളനികളിലും ടെലിവിഷൻ സെറ്റ് സ്ഥാപിക്കണം.
16. തീർത്തും ഒറ്റപ്പെട്ടുകിടക്കുന്ന ഒളകര, താമരവെള്ളച്ചാൽ കോളനികളിലേക്ക് റോഡ് നിർമ്മിക്കണം.
17. പൂവൻചിറ പട്ടിക വർഗ്ഗക്കോളനിയിലുള്ള ഉപയോഗശൂന്യമായ 'ചെക്ക് ഡാം' കേട്പാട് തീർത്ത് ഉപയോഗയോഗ്യമാക്കണം.
18. കോളനികളിലുള്ള കുഴൽ കിണറുകളിലെ മോട്ടോർ പമ്പുസെറ്റുകൾക്ക് വൈദ്യുതി നൽകി കുടിവെള്ളക്ഷാമം പരിഹരിക്കുക.

അദ്ധ്യായം 4(9)

# സ്ത്രീ പദവി

1991 ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ 37,116 വരുന്ന ജനസംഖ്യയിൽ 18833 പേർ സ്ത്രീകളാണ്. ജനസംഖ്യയിൽ സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതൽ. പഞ്ചായത്തിലുള്ള 14 വാർഡുകളിൽ 5 വനിതാവാർഡുകളും, ഒരു ബ്ലോക്ക് വനിതാവാർഡും ഉൾപ്പെടുന്നു. വിവിധ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉണ്ടെങ്കിലും കാലോചിതമായ ഒരു മുന്നേറ്റത്തിലേക്ക് പഞ്ചായത്തിലെ ഭൂരിപക്ഷം വനിതകളും വന്നിട്ടില്ല എന്നുള്ളതാണ് സ്ഥിതി. പഴയ കാലത്ത് പഞ്ചായത്തിന്റെ വിവിധമേഖലകളിൽ പേരെടുത്ത് പറയത്തക്കവിധത്തിൽ വനിതകൾ പ്രവർത്തിച്ചിരുന്നില്ല എന്നു കാണാം. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന പ്രക്ഷോഭ പ്രവർത്തനങ്ങളിലും, കർഷകസംഘം, കർഷക തൊഴിലാളി സംഘടന, മഹിളാ സംഘം തുടങ്ങിയവയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളിലും നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായി സ്ത്രീകൾ പങ്കെടുത്തിരുന്നു. അത്തരം പ്രവർത്തകരുടെ കൂട്ടത്തിൽ അനിയത്തിയമ്മ, സുഭദ്ര മാധവൻ തുടങ്ങിയ വനിതകളുടെ പേരുകൾ സ്മരണീയമാണ്. പാണഞ്ചേരി പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെമ്പർ (നോമിനേറ്റഡ്) സുഭദ്രാമാധവൻ ആണ്.

സാമ്പത്തികമായി മുന്നോക്കം നിന്നിരുന്ന കുടുംബങ്ങളിലെ സ്ത്രീകൾക്കുമാത്രമാണ് പഴയകാലത്ത് പരിമിതമായെങ്കിലും വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളു. സമൂഹത്തിൽ നിലനിന്നിരുന്ന നിരവധി അന്ധവിശ്വാസങ്ങളും പിന്നോക്ക സാമ്പത്തിക സ്ഥിതിയും ഭൂരിപക്ഷം വരുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് തടസ്സമായിരുന്നു. ആൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ ശ്രദ്ധിച്ചിരുന്നതുപോലെ പെൺകുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിച്ചിരുന്നില്ല. എന്നാലിന്ന് വിദ്യാഭ്യാസകാര്യത്തിൽ ഇത്തരം അവസ്ഥ ഒരു പരിധിവരെ മാറ്റുവാനും സാർവ്വത്രിക വിദ്യാഭ്യാസം ആൺ-പെൺ വ്യത്യാസമില്ലാതെ കൊടുക്കുവാനും കഴിയുന്നുണ്ട്. അതിൻ ഫലമായി നമ്മുടെ പഞ്ചായത്തിലും ഒരു പരിധിവരെ വിദ്യാഭ്യാസകാര്യത്തിൽ പെൺകുട്ടികൾ ആൺകുട്ടികൾക്കൊപ്പമാണ്. എന്നാൽ പെൺകുട്ടികളുടെ പഠനം SSLC യിലോ PDCയിലോ ഒതുങ്ങുന്നതായി കാണുന്നു. ഉന്നത വിദ്യാഭ്യാസമേഖലകളിൽ (സാങ്കേതിക-പ്രൊഫഷണൽ) നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ എണ്ണം പരിമിതമാണ്. തൊഴിൽ മേഖലകളിൽ സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് വളരെ പിന്നിലാണ്.

**തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷാനുപാതം**

| ക്രമനമ്പർ | തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1. | കർഷകതൊഴിലാളി | 2154 | 3060 |
| 2. | കർഷകൻ | 343 | 1960 |
| 3. | മൃഗ സംരക്ഷണം, മത്സ്യബന്ധനം, തോട്ടങ്ങൾ | 190 | 557 |
| 4. | കരിങ്കൽ മേഖല | 50 | 101 |
| 5 | ഉൽപ്പാദനം,സംസ്കരണം, വിതരണം, റിപ്പയറിങ്ങ് | 51 | 96 |
| 6. | കെട്ടിട നിർമ്മാണം | 75 | 331 |
| 7. | വ്യാപാരം, വ്യവസായം | 125 | 843 |
| 8. | മറ്റു മേഖലകൾ | 616 | 881 |
| 9. | വ്യത്യസ്ത മേഖലകളിൽ സ്ഥിരം തൊഴിലിൽ ഏർപ്പെടാത്തവർ | 576 | 267 |

കാർഷിക പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അധികം സ്ത്രീകൾ തൊഴിൽ എടുക്കുന്നതും ഈ മേഖലയിലാണെന്നുകാണാം. കാർഷിക കാർഷികേതര ആവശ്യങ്ങൾക്കായി നെൽപ്പാടങ്ങൾ നികത്തപ്പെടുന്നതുമൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടം മറ്റു തൊഴിലുകളിലേക്ക് തിരിയുന്നതിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നു. കാർഷിക മേഖലയിലെ താരതമ്യേന കുറഞ്ഞ കൂലി മൂലം കെട്ടിട നിർമ്മാണം, ഇഷ്ടിക വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് സ്ത്രീകൾ മാറാൻ കാരണമാകുന്നു. നിർമ്മാണ മേഖലകളിലേക്ക് തിരിയുന്ന സ്ത്രീകളെ ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ ഉല്പാദന മേഖലകളിലേക്ക് തിരിച്ചു വിടേണ്ടിയിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലേക്ക് സ്ത്രീകൾ കടന്നു വരുന്നത് ആശാവഹമാണ്. എങ്കിലും നേതൃസ്ഥാനം ഏറ്റെടുക്കുന്നതിൽ അവർ ഇന്നും വിമുഖരാണ്.

വനിതകളുടെ നേതൃത്വത്തിൽ (DWCRA) ചുവന്നമണ്ണ്, പയ്യനം എന്നീ പ്രദേശങ്ങളിൽ രണ്ടു സ്റ്റെബിലൈസർ നിർമ്മാണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അഞ്ചു മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശിശു സംരക്ഷണം, നേഴ്സറി വിദ്യാഭ്യാസം എന്നിവയാണ് ഇവയുടെ പ്രവർത്തന മേഖല. ഒരു വനിതാ സഹകരണ സംഘം വാണിയമ്പാറ പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനരഹിതമാണ്. ഹരിജൻ സഹകരണസംഘത്തിന്റെ

നേതൃത്വത്തിൽ എടപ്പലത്ത് പ്രവർത്തിക്കുന്ന തയ്യൽ പരിശീലന കേന്ദ്രം വനിതകൾക്ക് മാത്രമായുള്ളതാണ്. ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പീച്ചിയിലെ ഒരു തൊഴിൽ സ്ഥാപനത്തിൽ സ്ത്രീകൾ നേതൃത്വപരമായ പങ്കു വഹിക്കുന്നു. നൂൽ നിർമ്മാണശാല, തുണിനെയ്ത്ത്, തീപ്പെട്ടി നിർമ്മാണം എന്നീ മേഖലകളിൽ നിരവധി സ്ത്രീകൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. പട്ടികജാതി / പട്ടിവർഗ്ഗ സഹകരണ സംഘം, ക്ഷീര വ്യവസായ സഹകരണസംഘം, സർവ്വീസ് സഹകരണ സംഘം എന്നിവയുടെ നേതൃസ്ഥാനങ്ങളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ മഹിളാസംഘടനകളിലൂടെ നിരവധി സ്ത്രീകൾ നേതൃത്വപദവിയിലേക്കുയർന്നിട്ടുണ്ട്. പഞ്ചായത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. സാംസ്കാരിക സാമൂഹിക മേഖലകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകൾ സമീപകാലത്ത് സജീവമായി പങ്കെടുക്കുന്നുണ്ട്.

ആരോഗ്യ പരിപാലന രംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിൽ നില്ക്കുന്നത് സ്ത്രീകളാണ്. സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ സ്ത്രീപീഢനം മൂലം ആത്മഹത്യ ചെയ്ത ഒറ്റപ്പെട്ട സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ പ്രവർത്തന സജ്ജരായി വരുന്നില്ല.
2. തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണന നേരിടുന്നു.
3. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് കുറഞ്ഞ ചിലവിൽ സൗകര്യങ്ങളില്ല.
4. തൊഴിൽ രംഗത്തെ പുത്തൻ സാധ്യതകളെക്കുറിച്ച് സ്ത്രീകൾക്കിടയിൽ വേണ്ടത്ര അറിവില്ല.
5. സാമ്പത്തിക ബുദ്ധിമുട്ട് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമാണ്. അതേ സമയം സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് അവർ അജ്ഞരുമാണ്.
6. കുടുംബങ്ങളിൽ സ്ത്രീകൾ ചെയ്യുന്ന ജോലികളെ ഒരു തൊഴിൽ എന്ന നിലയിൽ അംഗീകരിക്കാൻ സ്ത്രീയും സമൂഹവും തയ്യാറാകുന്നില്ല എന്ന സ്ഥിതി നമ്മുടെ പഞ്ചായത്തിലും നിലനില്ക്കുന്നുണ്ട്.

## സാദ്ധ്യതകൾ

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ മുൻകയ്യെടുക്കണം. ടൈലറിങ്ങ്, റെഡിമെയ്ഡ്, ചെറുകിട വ്യവസായം, തുണിനെയ്ത്ത്, അച്ചാർ, മെഴുകുതിരി, പ്ലാസ്റ്റിക് ഉപകരണ നിർമ്മാണം, കൊട്ടനെയ്ത്ത് തുടങ്ങിയവ സ്ത്രീകളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കണം.
2. വിഭവ സാധ്യതക്കനുസൃതമായി തൊഴിൽ പരിശീലനം പഞ്ചായത്തിൻെറ നേതൃത്വത്തിൽ കൊടുക്കണം. ഉദാഹരണമായി സോപ്പ്, അച്ചാർ തുടങ്ങിയ എല്ലാതരത്തിലുള്ള സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങളും, ഡ്രൈവിങ്ങ് പരിശീലന കേന്ദ്രവും സ്ഥാപിക്കണം.
3. വേതന തുല്യത നിയമം മൂലം ഉറപ്പു വരുത്തണം. പുതിയ തൊഴിലവസരങ്ങളെക്കുറിച്ചുള്ള അറിവ്, സാമ്പത്തിക സഹായം എന്നിവ പഞ്ചായത്തുകളിൽ ലഭ്യമാക്കണം.
4. 500 വനിതകൾക്ക് ഒരു മഹിളാ സമാജം എന്ന നിലയിൽ രൂപീകരിച്ച് വനിത-ശിശുസംരക്ഷണം ഉറപ്പുവരുത്തുവാനും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ ചർച്ച ചെയ്യുവാനും പരിഹാരം കാണുവാനും പഞ്ചായത്ത് തല സമിതി വഴി ശ്രദ്ധിക്കണം. ഒരു വാർഡിൽ ഒരു സമാജമെങ്കിലും പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം. ഇതിൽ നിന്ന് നേതൃത്വത്തിലേക്ക് ഉയർന്നു വരുന്നവരെ ഉൾപ്പെടുത്തി പഞ്ചായത്തിൻെറ കീഴിൽ വനിതാ സംരക്ഷണ സമിതി രൂപീകരിക്കണം.
5. സ്ത്രീകൾക്കെതിരെയുള്ള സാംസ്കാരിക കടന്നാക്രമണത്തെ ഫലപ്രദമായി നേരിടുവാൻ പഞ്ചായത്ത് ശ്രദ്ധിക്കണം. അശ്ലീല പോസ്റ്ററുകൾ, പ്രദർശനങ്ങൾ എന്നിവ പഞ്ചായത്ത് നിയമപരമായി തടയണം.
6. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചരണം പഞ്ചായത്ത് മുഖേന നടപ്പാക്കണം.

അദ്ധ്യായം 4 (10)

# സംസ്കാരം

മനുഷ്യൻ സുന്ദരനാണെന്ന് മാക്സിം ഗോർക്കി പറഞ്ഞു. പക്ഷേ, മനുഷ്യൻ സുന്ദരനും ശ്രേഷ്ഠനുമാണ്. സംസ്കാരമാണ് മറ്റു ജീവജാലങ്ങളിൽ നിന്നൊക്കെ മനുഷ്യനെ വ്യതിരിക്തനാക്കുന്ന മുഖ്യഘടകം. അതാകട്ടെ പരശ്ശതം നൂറ്റാണ്ടുകൾകൊണ്ട് രൂപപ്പെട്ടുവന്നതുമാണ്. പ്രാചീന ശിലായുഗത്തിൽ നിന്ന് ഏകനായി തുടങ്ങി, പിന്നെ ഇണയെ കൂട്ടി, പ്രയാണത്തിനിടയിൽ ആൾക്കൂട്ടമായി, അതും കഴിഞ്ഞു സമൂഹമായി അവൻ വളരുകയായിരുന്നല്ലോ. ഈ കാലഘട്ടം മുഴുവൻ അവൻ ബാഹ്യവും ആന്തരികവുമായി വളരുകയും, തൻെറയും തനിക്കു ചുറ്റുമുള്ള സമൂഹത്തിൻെറയും ചോദനകളെ സംസ്കരിച്ചെടുക്കുകയും ചെയ്യുകയായിരുന്നു. അങ്ങനെ ആധുനിക മനുഷ്യൻ സംസ്കരിച്ചെടുത്ത ഒരു പിടി ചോദനകളുടെ ആകെതുകയായി മാറി. അപ്പോൾ സംസ്കാരമെന്നു പറയുന്നത് സമൂഹത്തിൻെറ ചൈതന്യമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകുന്നു. സമൂഹത്തിൻെറ ആത്മാവ് എന്ന് പറയുന്നത്, സംസ്കാരമാണെന്ന ഉൾക്കാഴ്ചയും നമുക്കുണ്ടായി വരുന്നു.

സംസ്കാരത്തിൻെറ രൂപീകരണത്തിനു സഹായിച്ച പല ഘടകങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് പ്രാചീനകലകൾ തന്നെയാണ്. ഈ കലാരൂപങ്ങൾ രൂപപ്പെട്ടത് മനുഷ്യൻെറ സാമൂഹിക സാമ്പത്തിക ബന്ധങ്ങളുടെ പശ്ചാത്തലത്തിലുമാണ്. ഇക്കാരണത്താൽ തന്നെ കലാരൂപങ്ങൾ നിരന്തരം ഉണ്ടാകുന്ന സാമൂഹിക മാറ്റങ്ങൾക്കു വിധേയമായി കൊണ്ടിരിക്കുന്നു. ചിലപ്പോൾ അത് ഒരു ജനതയുടെ പ്രതിരോധത്തെ, മറ്റു ചിലപ്പോൾ വിമോചനത്തെ, അതുമല്ലെങ്കിൽ പ്രതീക്ഷകളെ മാറി മാറി പ്രതിഫലിപ്പിക്കുക തന്നെ ചെയ്യും.

## നമ്മുടെ സംസ്കാരത്തിൻെറ ദൃശ്യഭാവങ്ങൾ

പാണഞ്ചേരിയുടെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ ചരിത്രം ഈ പ്രദേശത്തിൻെറ സാംസ്കാരിക മണ്ഡലത്തിലും വ്യക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാർഷികവൃത്തിയുമായി കൂടുതൽ ബന്ധപ്പെട്ടിരുന്ന ജനതയുടെ പാരമ്പര്യകലകളുടെ മിത്തുകൾ ഉറങ്ങിക്കിടക്കുന്നത് സമൃദ്ധി നിറഞ്ഞ കൊയ്ത്തുകാല സ്മൃതികളിലാണ്. കാർഷികോത്സവങ്ങൾക്ക് കൊഴുപ്പേകിയിരുന്ന അനുഷ്ഠാന കലകളും മറ്റും അവരുടെ സംതൃപ്തിയെ വിളിച്ചറിയിക്കുന്നു. ചെമ്പൂത്ര ഭഗവതിക്കാവ് ക്ഷേത്രങ്ങളിലെ മകരച്ചൊവ്വ മഹോത്സവം ഒരുദാഹരണമായെടുക്കാം. പൂരമഹോത്സവത്തിന് 27 ദേശങ്ങളിൽ നിന്ന് ഇവിടേക്ക് എഴുന്നള്ളിപ്പുകളും പറയെടുപ്പും ഉണ്ട്. കേരളീയ സമൂഹത്തിൻെറ തനതു കലകളായ പറയൻതുള്ളൽ, വടിയാള് വേല, പൂതൻകളി, നന്തുണിപ്പാട്ട്, ചെട്ടിവാദ്യം, കഥകളി എന്നിങ്ങനെയുള്ള ഒട്ടേറെ അനുഷ്ഠാനകലകൾ ചെമ്പൂത്ര പൂരത്തിനോടനുബന്ധിച്ച് അരങ്ങേറിയിരുന്നു.

## പ്രാക്തന കലാരൂപങ്ങൾ

ഒട്ടെല്ലാ പ്രാചീനകലാരൂപങ്ങളും മൺമറഞ്ഞുപോകുകയോ അല്ലെങ്കിൽ ആധുനികവത്ക്കരത്തിനു വിധേയമാവുകയോ ചെയ്തുകൊണ്ടിരിക്കുകയാണിന്ന്. മുറ്റത്തു കത്തിച്ചുവച്ച ചിമ്മിനി വിളക്കിൻെറ നുറുങ്ങുവെട്ടത്തിൽ, സ്ത്രീകൾ വട്ടത്തിൽ നിന്ന് കൈകൊട്ടിപാടി താളത്തിൽ ചുവടുവച്ച് ആടിയിരുന്ന തിരുവാതിരക്കളി, കർക്കിടകപുലരികളിൽ വയലേലകൾക്കപ്പുറത്ത് നിന്നുയർന്ന തുയിലുണർത്തു പാട്ടിൻെറ മന്ദ്രധ്വനികൾ, ചിങ്ങമാസപ്പുലരികളിലെ കുറത്തിയാട്ടത്തിൻെറ കിരാതതാളം, അരമുണ്ട് മുറുക്കിയെടുത്ത്, വട്ടത്തിൽ ചുവടുകൾ മാറ്റിച്ചവിട്ടി കോലുകളേറ്റുമുട്ടുന്ന കോൽക്കളിയുടെ ചടുലത - എല്ലാം നമുക്കിന്ന് അന്യമായി തീരുകയാണ്. പരിചമുട്ടുകളിയുടെയും, പറയൻതുള്ളലിൻെറയും ആദി താളം, നന്തുണിപ്പാട്ടിൻെറ ഈണം ഇവയെല്ലാം നമുക്കിന്ന് ഒരോർമ്മ മാത്രമായി മാറി. കാളകളിയും പൂതംകളിയും, മാർഗ്ഗംകളിയുമെല്ലാം നാമാവശേഷമായി തീരാൻ നാളുകളേറെ ശേഷിക്കുന്നില്ല. വായമൂടിക്കെട്ടിയ മൺകുടത്തിൻെറ പ്രാകൃത ധ്വനിമന്ത്രത്തിൻെറ പിൻസഹായത്തോടെ, മുണ്ട് മാറത്തു കേറ്റിയുടുത്ത്, മുടിയഴിച്ചിട്ട്, താളത്തിൽ നൃത്തം ചവിട്ടി പാടി ആടുന്ന പോലികളി ആദിവാസി ഊരുകളിൽ നിന്നും മൺമറയാൻ പോവുകയാണ്.

ചെമ്പൂത്ര വലിയ വീട്ടിൽ തങ്കമ്മ, മുടിക്കോടുള്ള കാളി, ചെമ്പൂത്രയിലെ കുമാരൻ, മുരളി, ജയൻ, ആൽപ്പാറയിലെ വേലായുധൻ, വിലങ്ങന്നൂരിലെ ചെല്ലപ്പൻ, കുഞ്ഞുമോൻ, കണ്ണാറയിലെ അരയാളൻ, കൃഷ്ണൻകുട്ടി, കൊലയാനക്കുഴിയിലുള്ള കുഞ്ഞിത്താണ തുടങ്ങി ഏതാനും പേരുടെയെങ്കിലും കൈകളിൽ ഈ പാരമ്പര്യകലകളുടെ രഹസ്യമന്ത്രങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ടെന്നത് നേരിയ പ്രത്യാശക്കു വകനൽകുന്നു. ഉൽപ്പാദന ബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ തനതു കലകളേയും സംസ്ക്കാരത്തേയും എത്തരത്തിൽ ബാധിക്കുമെന്നതിൻെറ ഉത്തമ ദൃഷ്ടാന്തങ്ങളാണ് ഫ്യൂഡലിസ്റ്റ് സാമൂഹ്യ വ്യവസ്ഥിതിയിൽ തിളങ്ങി നിന്നിരുന്ന പ്രാചീനകലകൾക്ക് നേരിട്ടിരിക്കുന്ന ദുർഗതി.

## പുതിയ സമൂഹം, മാറുന്ന താളം

കലാരംഗത്തുണ്ടാകുന്ന മാറ്റങ്ങൾ സാമൂഹിക മാറ്റങ്ങളുടെ കണ്ണാടിയാണെന്ന് പറയാം. ഭൂപരിഷ്ക്കാര നിയമങ്ങളും തൽഫലമായി ജന്മി കുടിയാൻ ബന്ധങ്ങളിലുണ്ടായ പൊളിച്ചെഴുത്തും ഇവിടെ സാമൂഹികമാറ്റങ്ങൾക്കു കാരണമായി. പുതിയ ഉൽപ്പാദന സാമഗ്രികളും ഉൽപ്പാദന ബന്ധങ്ങളും നിലവിൽ വന്നു. കലാസ്വാദന രംഗത്ത് പുതിയ അഭിരുചികൾ ഉണ്ടാകാൻ അതുകാരണമായി. അതിൻെറ പ്രതിഫലനങ്ങൾ കലാരംഗത്ത് പ്രകടമായി. പാരമ്പര്യകലകൾ കൊണ്ടു നടക്കുന്നത് ഉപജീവനത്തിന് സഹായിക്കില്ലെന്ന നില സംജാതമായി. പാരമ്പര്യകലകൾ അന്തസ്സിൻെറ ഒരു പ്രശ്നമായി കലാകാരൻമാർക്ക് തോന്നിതുടങ്ങിയെന്നുകൂടിപറയാം. ഇതിൻെറയൊക്കെ ഫലമായി പ്രാചീനകലകൾ കൊണ്ടുനടന്നിരുന്നവർ മറ്റുതൊഴിൽ മേഖലകളിലേക്കോ, കലയുടെ പുതിയ സങ്കേതങ്ങളിലേക്കോ ചുവടു മാറ്റിചവിട്ടാൻ നിർബന്ധിതരായി. ക്ളാസ്സിക്ക് നൃത്തങ്ങൾ, ശാസ്ത്രീയസംഗീതം, ആധുനിക വാദ്യോപകരണങ്ങൾ, നാടക കല ഇവയിലേതെങ്കിലുമൊക്കെ അവർക്ക് അത്താണികളായി മാറി. എന്നാൽ ഈ മേഖലയിൽ കലാകാരൻമാർക്കു വേണ്ടതായ പ്രോൽസാഹനം കൊടുക്കാൻ അവശ്യം വേണ്ടതായ സംവിധാനം നമുക്കില്ലാതേയും വന്നു. ഇത് കലാരംഗത്തെ കൂമ്പടപ്പിനു കാരണമായി ഭവിച്ചു.

## സംസ്ക്കാരത്തിൻെറ വ്യത്യസ്ത മുഖങ്ങൾ

| | |
|---|---|
| ക്രിസ്ത്യൻ പള്ളികൾ | 22 |
| അമ്പലങ്ങൾ | 14 |
| മുസ്ളീം പള്ളികൾ | 3 |
| S.N.D.P യോഗ കേന്ദ്രങ്ങൾ | 2 |
| പെന്തക്കോസ്തു പ്രാർത്ഥനാമന്ദിരങ്ങൾ | 25 |

സാംസ്ക്കാരികരംഗത്ത് മതങ്ങളുടെ പങ്ക് നിർണ്ണായകമാണ്. സാമൂഹികമായ കൂട്ടായ്മയ്ക്കും, സർവ്വോപരി മതസൗഹാർദ്ദത്തിനും അതു വഴി തെളിയിക്കുന്നു. വ്യത്യസ്ത മതങ്ങളും, അവയുടെ ഒട്ടുമിക്കവാറും അവാന്തരവിഭാഗങ്ങളും അധിവസിക്കുന്ന പാണഞ്ചേരി പഞ്ചായത്ത് മതസൗഹാർദ്ദത്തിൻെറ കാര്യത്തിൽ മുൻപന്തിയിലാണ്. ഇവിടുത്തെ പ്രധാന പെരുന്നാളുകൾക്കും ഉത്സവങ്ങൾക്കും എല്ലാ മതവവിഭാഗക്കാരുടേയും കൂട്ടായ്മയും പങ്കാളിത്തവും ഉണ്ടെന്ന കര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഈ ആരാധനാലയങ്ങളെല്ലാം സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയാണെന്ന യാഥാർത്ഥ്യം നാം അറിയാതെ പോകുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടിയുളള കലാകായിക മത്സരങ്ങൾ ചിട്ടപ്പടിയായി നടത്തിവന്നത് ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള യൂത്ത് വിങ്ങുകളും മഹിളാ സമാജങ്ങളും ആണ്. ഉത്സവങ്ങളോടും പെരുന്നാളുകളോടും അനുബന്ധിച്ചാണ് സാംസ്കാരികപ്രവർത്തനങ്ങളും നടന്നുവരുന്നത്.

പ്രധാന ഉത്സവങ്ങൾ

| | |
|---|---|
| ചെമ്പൂത്ര ഭഗവതി ക്ഷേത്രം | മകരച്ചൊവ്വ |
| പട്ടിക്കാട് കൽദായപള്ളി | പിണ്ടിപെരുന്നാൾ (മകരം) |
| പട്ടിക്കാട് ഫൊറോന പള്ളി | അമ്പു തിരുനാൾ(മകരം) |
| കരിപ്പക്കുന്ന് മാർബസേലിയോസ് പള്ളി | വലിയപെരുന്നാൾ(കന്നി) |
| മുടിക്കോട് മുസ്ലീം പള്ളി | ചന്ദനക്കുടം (മകരം) |
| മുടിക്കോട് ശിവക്ഷേത്രം | ശിവരാത്രി(കുംഭം) |

## ഗ്രന്ഥശാലകൾ

അക്ഷരം അഗ്നിയാണ്. അത് ജ്വലിക്കുമ്പോൾ അന്ധകാരം വഴിമാറുന്നു. നാട്ടിൽ ഒരു വായനശാല സ്ഥാപിക്കുമ്പോൾ ഒരു വലിയ വിപ്ലവത്തിന് തിരി കൊളുത്തുകയാണ് ചെയ്യുന്നത്. കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനം സാമൂഹ്യമാറ്റങ്ങളുടെ പിന്നിൽ എത്രവലിയ പ്രേരക ശക്തിയായി പ്രവർത്തിച്ചിരുന്നു എന്ന് നാമിപ്പോൾ തിരിച്ചറിയുന്നു. തൃശൂർ ജില്ലയുടെ കാർഷിക ഭൂപടത്തിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന പാണഞ്ചേരിയിൽ ആദ്യത്തെ ഗ്രന്ഥശാലയുടെ ശംഖുധ്വനി മുഴങ്ങിയത് 1939 ലാണ്. കടവത്ത് ശ്രീ കൃഷ്ണൻകുട്ടിനായർ മുൻകൈയെടുത്ത് സ്ഥാപിച്ച പട്ടിക്കാട് ഗ്രാമീണ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സാംസ്കാരിക കേന്ദ്രമെന്ന് പറയാം. രണ്ട് ദശകം മുമ്പ് വരെയെങ്കിലും സാംസ്കാരിക നവോത്ഥാനത്തിന് ഒരു പ്രേരകശക്തിയായി ഈ ഗ്രന്ഥാലയം പ്രവർത്തിച്ചിരുന്നു. കയ്യെഴുത്തു മാസികകൾ, പുസ്തകചർച്ചകൾ, നാടകാവതരണങ്ങൾ തുടങ്ങി കലാരംഗത്തെ ക്രിയാത്മകപ്രവർത്തനങ്ങൾ കൂടാതെ, കായികരംഗത്തും ഈ സ്ഥാപനം ഗണ്യമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

വാണിയംപാറ ഗ്രാമീണ വായനശാലയും, വിലങ്ങന്നൂർ കൈരളി ഗ്രന്ഥശാലയും, വഴക്കുംപാറ ഗ്രാമീണ വായനശാലയും സ്വാതന്ത്ര്യ പൂർവ്വകാലഘട്ടത്തിലെ സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് പറയാതെ നിവൃത്തിയില്ല. എന്നാൽ ഈ ഗ്രന്ഥശാലകളൊന്നും തന്നെ മാറിയ സാമൂഹിക അവസ്ഥകൾക്ക് അനുസൃതമായ രീതിയിൽ ഉയർന്ന് പ്രവർത്തിക്കുന്നില്ല. പുരോഗതി എന്നത് ഒരനസ്യൂതമായ പ്രക്രിയയാണ്. അതാകട്ടെ വായനയും സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു കാലത്ത് സമൂഹത്തിൻെറ വെള്ളിവെളിച്ചങ്ങളായി ജ്വലിച്ചു നിന്നിരുന്ന ഗ്രന്ഥശാലകൾ ഇന്ന് ചരിത്ര സ്മാരകങ്ങളായി മാറുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

### ഗ്രന്ഥശാലകൾ

| പേര് | സ്ഥാ. വർഷം | ശരാശരി അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | ശരാശരി ദിവസ വിതരണം | പത്രമാസികകൾ | ടി.വി. റേഡിയോ ഉണ്ടോ | അഫിലിയേഷൻ ഉണ്ടോ | സ്വന്തം കെട്ടിടം ഉണ്ടോ |
|---|---|---|---|---|---|---|---|---|
| ഗ്രാമീണ വായനശാല പട്ടിക്കാട് | 1939 | 50 | 3000 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| പഞ്ചായത്ത് വായനശാല പട്ടിക്കാട് | 1987 | 445 | 2851 | 15 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| ഗ്രാമീണ വായനശാല വാണിയമ്പാറ | 1964 | 50 | 885 | 5 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| ഗ്രാമീണ വായനശാല വഴക്കുംപാറ | 1972 | 40 | 500 | 5 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| കൈരളി ലൈബ്രറി & ആർട്സ് ക്ലബ് വിലങ്ങന്നൂർ | 1964 | 125 | 950 | 5 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| വിന്നേഴ്സ് ലൈബ്രറി വീണ്ടശ്ശേരി | 1988 | 52 | 105 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

## കലാകായിക സമിതികൾ

മാനസികവും ശാരീരികവുമായി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിന് കലാ-കായിക സമിതികൾക്കുള്ള പങ്ക് എടുത്തുപറയേണ്ടതില്ലല്ലോ. അഫിലിയേഷൻ ഉള്ളതും ഇല്ലാത്തതുമായി പത്തോളം കലാകായികസമിതികൾ ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. കലാകായിക മത്സരങ്ങൾ, നീന്തൽപരിശീലനം, പന്തുകളി മത്സരങ്ങൾ, വടംവലി മത്സരം തുടങ്ങിയ മേഖലകളിലൊക്കെ ഈ സമിതികൾ ഒരു ചാലകശക്തിയായി പ്രവർത്തിച്ചുവരുന്നു. കൂടാതെ രക്തപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക, രക്തദാനം ചെയ്യുക, പാവപ്പെട്ടവർക്ക് വീട് വെച്ച് കൊടുക്കുക, ബസ് സ്റ്റേഷൻ നിർമ്മിക്കുക തുടങ്ങിയ സാമൂഹിക ക്ഷേമത്തിനുതകുന്ന പലപരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ ഈ സമിതികൾ മുൻപന്തിയിലുണ്ട്.

### കലാകായിക സമിതികൾ

| പേര് | സ്ഥ. വർഷം | അംഗങ്ങളുടെ എണ്ണം | അഫിലിയേഷൻ | സ്വന്തം കെട്ടിടം | റേഡിയോ ററീവി | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| വിന്നേഴ്സ് ആർട്ട്സ്& സ്പോർട്ട്സ് ക്ലബ് വീണ്ടശ്ശേരി | 1970 | 32 | ഉണ്ട് | ഇല്ല | ഇല്ല | ഇൻേറണൽ ഗെയിംസ് മത്സരങ്ങൾ കലാസാഹിത്യമത്സരങ്ങൾ |
| നേതാജി ആർട്ട്സ്& സ്പോർട്ട്സ് ക്ലബ്, മയിലാട്ടും പാറ | 1986 | 45 | ഇല്ല | ഉണ്ട് | ഇല്ല | സ്പോർട്ട്സ്&ഗെയിംസ് |
| രചന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,ചീച്ചി | 1972 | 40 | ഇല്ല | ഉണ്ട് | ഇല്ല | സ്പോർട്ട്സ്, നീന്തൽ ഫുട്ട്ബോൾ മത്സരം |
| യംഗ് സ്റ്റാർ ക്ലബ്, ആല്പാറ | 1995 | 30 | ഇല്ല | ഉണ്ട് | റ്റീ.വി.വി.സി.പി. | ആർട്ട്സ്& സ്പോർട്ട്സ് |
| റിക്രിയേഷൻ ക്ലബ് കുട്ടാല | 1989 | 50 | ഇല്ല | ഉണ്ട് | ഇല്ല | സ്പോർട്ട്സ്& ഗെയിംസ് |
| ഉദയ ഗ്രാമീണ പൗരസമിതി ക്ലബ് വാരത്തും കാട് | 1978 | 36 | ഇല്ല | ഉണ്ട് | ഇല്ല | കലാകായിക വിനോദങ്ങൾ |
| ഓർമ്മ സോഷ്യൽ ക്ലബ് താണിപ്പാടം | 1980 | 30 | ഇല്ല | ഇല്ല | ഇല്ല | രക്തദാനം, പാവങ്ങൾക്ക് വീട്,ബസ്സ്സ്റോപ്പ് നിർമ്മണം |
| കലിയ സോഷ്യൽ ക്ലബ് താണിപ്പാടം | 1980 | 30 | ഇല്ല | ഇല്ല | ഇല്ല | പാവങ്ങൾക്ക് വീട്, വിനോദയാത്ര |
| യുവസമിതി, മുടിക്കോട് | 1981 | 61 | ഉണ്ട് | ഉണ്ട് | ഇല്ല | കലാ കായിക സാമൂഹിക സാംസ്കാരിക മേഖലകളുടെ ഉന്നമനം |

കലാകായിക സമിതികൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങൾക്ക് ഒരു ഐക്യരൂപമില്ലാത്തതിനാൽ ഈ രംഗത്ത് ഒരിടമുറിയാതെയുള്ള മുന്നേറ്റം സാധ്യമാകുന്നില്ല എന്ന വാസ്തവം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരിക നിലവാരത്തിൻെറ ഒരു സൂചിക ഇവിടെ വായിക്കപ്പെടുന്ന ആനുകാലിപ്രസിദ്ധീകരണങ്ങളുടെ എണ്ണമാണ്. നാൽപ്പതിനായിരത്തോളം ജനങ്ങൾക്കു വേണ്ടി രണ്ടായിരം പത്രങ്ങൾ ഇവിടെ വരുത്തുന്നുണ്ട്. ആഴ്ച്ചപ്പതിപ്പുകളും, മാസികകളുമായി മൂവായിരത്തിൽ താഴെ എണ്ണം വായിക്കപ്പെടുന്നുണ്ട്. വായനാരംഗത്തെ യഥാർത്ഥ ചിത്രം ലഭിക്കുവാൻ പട്ടിക ഉപകരിക്കും.

| പത്രങ്ങൾ | എണ്ണം | വാരിക & മാസിക | എണ്ണം | ബാലമാസിക | എണ്ണം |
|---|---|---|---|---|---|
| മലയാള മനോരമ | 775 | മനോരമ | 1000 | ബാലരമ | 65 |
| മാതൃഭൂമി | 524 | മംഗളം | 900 | പൂമ്പാറ്റ | 50 |
| ദേശാഭിമാനി | 177 | ചിന്ത | 51 | കുട്ടികളുടെ ദീപിക | 26 |
| കേരള കൗമുദി | 25 | കേരള ശബ്ദം | 25 | തത്തമ്മ | 15 |
| എക്സ്പ്രസ് | 26 | കലാകൗമുദി | 15 | യുറീക്ക | 110 |
| ദീപിക | 31 | ദീപിക | 20 | ശാസ്ത്രകേരളം | 30 |
| മംഗളം | 6 | മനോരാജ്യം | 8 | ബാലമംഗളം | 20 |
| ഹിന്ദു | 22 | നാന | 40 | | |
| ഇന്ത്യൻ എക്സ്പ്രസ് | 28 | ചിത്രഭൂമി | 21 | | |
| | | സിനിമ | 15 | | |
| | | യുവധാര | 22 | | |
| | | ശാസ്ത്രഗതി | 10 | | |

## സാംസ്കാരിക രംഗത്തെ പ്രതിസന്ധികൾ

1. ഗ്രന്ഥശാലകൾ പ്രയോജനപ്രദമാകുന്നില്ല. ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരുന്നു. ലൈബ്രേറിയൻമാരായി പ്രവർത്തിക്കുവാൻ തയ്യാറായി ആരും തന്നെ മുന്നോട്ടു വരുന്നില്ല. പത്രമാസികകൾ വരുത്തുവാനുള്ള ധനാഗമന മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ ഗ്രന്ഥശാലകൾക്ക് പ്രയാസമായിരിക്കുന്നു. വൈദ്യുതി ചാർജ്ജ് അടക്കുവാൻ പ്രയാസമാണ്. ആവശ്യാനുസൃതം പുസ്തകങ്ങൾ വാങ്ങുവാനുള്ള പണം ഗ്രാൻറിനത്തിൽ ലഭിക്കുന്നില്ല.
2. നിലവിലുള്ള ഗ്രന്ഥശാലകൾ മൊത്തം ജനങ്ങളുടെ ആവശ്യത്തിന് പര്യാപതമാകുന്നില്ല. വായനശാലയുടെ പ്രയോജനം സിദ്ധിക്കാത്ത എട്ട് വാർഡുകൾ പഞ്ചായത്തിൽ ഉണ്ട്.
3. കലാകായിക സമിതികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമല്ല, ഓരോ പ്രവർത്തനങ്ങളും സാംസ്കാരിക രംഗത്തെ ഒറ്റപ്പെട്ട പ്രവർത്തനങ്ങളായി മാറുന്നു. ഈ രംഗത്തെ പ്രവർത്തനങ്ങൾ ഇടമുറിയാതെ മുന്നോട്ട് കൊണ്ടുപോകാൻ സമിതികൾക്കു പണമില്ലാത്ത അവസ്ഥയുണ്ട്.സ്ത്രീകൾക്കും കുട്ടുകൾക്കും വേണ്ടിയുള്ള കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നില്ല. ആവശ്യമായ സ്റ്റേജുകളുടേയും ഗ്രൗണ്ടുകളുടേയും അഭാവമുണ്ട്. കലാകായിക സമിതികളെ ഏകോപിപ്പിച്ച് തുടർച്ചയായ പ്രവർത്തനം ഉണ്ടാക്കിയെടുക്കുന്നതിനുള്ള കേന്ദ്രീയ നേതൃത്വത്തിൻെറ അഭാവം നിലനില്ക്കുന്നു. ഇക്കാലത്തെ ഏറ്റവും പുതിയ വാർത്താവിനിമയ സംവിധാനമായ ടെലിവിഷൻ വാങ്ങിച്ചുവയ്ക്കാൻ ക്ലബുകൾക്ക് സാധിക്കുന്നില്ല.സമൂഹത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം കൊടുക്കുവാനും വളർത്തികൊണ്ടുവരുവാനും ഇന്നുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല.
4. നമ്മുടെ സംസ്കാരത്തിൻെറ ഭാഗമായ പാരമ്പര്യ കലകൾ അന്യം നിന്നു പോയ്കൊണ്ടിരിക്കുന്നു.

## പ്രതിവിധികളെന്ത്?

1. ഗ്രന്ഥശാലകളെ പ്രവർത്തനക്ഷമമാക്കുകയെന്നതാണ് പ്രഥമവും പ്രധാനവുമായി ചെയ്യേണ്ട കാര്യം. വാർഡ് തോറും ഗ്രന്ഥശാലകളും അതിനോടനുബന്ധിച്ച് കലാകായികസമിതികളും രൂപീകരിക്കണം. കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം കൊടുക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ തയ്യാറാക്കണം. ഗ്രന്ഥശാലകൾക്കുള്ള വൈദ്യുതി ഫ്രീ ആക്കണം. ലൈബ്രേറിയൻമാർക്ക് അലവൻസ് കൂട്ടി കൊടുക്കണം. എല്ലാ ഗ്രന്ഥശാലയിലും പത്രമാസികകളും, ടി.വി.,റേഡിയോ തുടങ്ങിയവയും ലഭ്യമാക്കണം. ഇതിനൊക്കെ അവശ്യം വേണ്ടതായ ഗ്രാൻറ് പഞ്ചായത്തിൽ നിന്നനുവദിക്കണം. ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ

അവ ഉണ്ടാക്കുന്നതിന് പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തണം. പഞ്ചായത്ത് വകയോ ബ്ലോക്ക് വകയോ ആയ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടെങ്കിൽ അതുപയോഗപ്പെടുത്തണം.

2. ഒരോഗ്രന്ഥശാലയിൽ നിന്നും തെരഞ്ഞെടുക്കുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രകമ്മിറ്റി നിലവിൽ വരണം. ഈ സമിതിക്ക് വാർഡ് തലത്തിൽ രൂപീകരിക്കപ്പെടുന്ന ഗ്രന്ഥശാലകളുടേയോ, ക്ലബുകളുടെയോ മേൽ നിയന്ത്രണം ഉണ്ടായിരിക്കണം. പഞ്ചായത്ത് തല ഗ്രാമീണോത്സവത്തിൻെറ ചുമതല ഈ സമിതിയെ ഏൽപ്പിക്കണം. വാർഡ് തല സമിതികളിൽ നിന്ന് വിജയികളായി വരുന്നവരെ മാത്രമെ പഞ്ചായത്ത് മേളയിൽ പങ്കെടുപ്പിക്കാവൂ.

3. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു കൾച്ചറൽ സെൻറർ സ്ഥാപിക്കണം. ഇവിടെ സംഗീതം, നൃത്തം, വാദ്യസംഗീതം എന്നിവ പഠിപ്പിക്കുവാൻ സൗകര്യം ഉണ്ടാക്കണം. പാരമ്പര്യ കല പഠിപ്പിക്കുവാൻ സംവിധാനമുണ്ടാക്കണം. ഈ കലകൾ പഠിക്കുവാൻ തയ്യാറായി വരുന്നവർക്ക് സാമ്പത്തിക സഹായം ചെയ്യണം. വായനാശീലം വളർത്തിയെടുക്കുന്നതിന് 'ഡോർ റ്റു ഡോർ' പുസ്തക വിതരണ സമ്പ്രദായം നടപ്പിലാക്കുകയും അതിന് പ്രദേശം തിരിച്ച് ഓരോ ആളെ നിയമിക്കുകയും വേണം. ആധുനിക സ്റ്റേജ് സൗകര്യങ്ങളോടുകൂടിയ ഒരു ഓഡിറ്റോറിയം ഉണ്ടാകണം. അത് ക്ലബുകൾക്ക് വാടകയില്ലാതെ ലഭ്യമാക്കണം. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണം. ഒരു പൊതു കളിസ്ഥലം അനിവാര്യമാണ്.

4. കൾച്ചറൽ സെൻററിൻെറ ആഭിമുഖ്യത്തിൽ സിംപോസിയങ്ങളും സംഘടിപ്പിക്കണം.

5. പഞ്ചായത്ത് ഗ്രന്ഥശാല റഫറൻസ് ലൈബ്രറി ആക്കി ഉയർത്തണം. ഇത്തരം സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയാൽ മാത്രമെ സാംസ്കാരിക രംഗത്ത് ഇനിയൊരു മുന്നേറ്റം ഉണ്ടാക്കിയെടുക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

അദ്ധ്യായം 4 (11)

# സഹകരണം

പാണഞ്ചേരി ഗ്രാമ പഞ്ചായത്തിന് രൂപം കൊടുക്കുന്ന കാലഘട്ടത്തിൽ വിസ്തൃതിയിൽ വലുതായിരുന്നെങ്കിലും ജനവാസം വളരെ കുറവായിരുന്നു. പായനെയ്ത്ത്, കുട്ട,കൂട, വല്ലം എന്നിവ ഉണ്ടാക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഈ പ്രദേശങ്ങളിലെ വനങ്ങളിൽ സുലഭമായിരുന്നു. ഇവ ഉല്പന്നങ്ങളാക്കി മാറ്റി വില്പന നടത്തുവാൻ കഴിയാതെ, പുറമെയുള്ളവർക്ക് ഇവയുടെ നിർമ്മാണത്തിനായി കൊടുക്കുകയായിരുന്നു പതിവ്. അതുകൊണ്ട് തന്നെ ഈ തൊഴിലിൽ നിന്നും ഉപജീവനത്തിനുള്ള പണം ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഭരണകർത്താക്കളും കൃഷിക്കാരും ചേർന്ന് കൈതൊഴിലുകാരെ പരിപോഷിപ്പിക്കുന്നതിനായി 1946ൽ ചെമ്പൂത്ര ക്ഷേത്ര മൈതാനിയോടു ചേർന്നുള്ള ഷെഡ്ഡിൽ പാണഞ്ചേരി പരസ്പര സഹായ സഹകരണ സംഘം ക്ലിപ്തം 541 എന്ന ആദ്യത്തെ സഹകരണ സ്ഥാപനത്തിന് രൂപം കൊടുത്തത്. ഈ സംഘത്തിൻെറ പ്രഥമ പ്രസിഡണ്ട് ശ്രീ O.T വറീത് ആയിരുന്നു. ഈ സംഘമാണ് പിന്നീട് പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്കായി വളർന്നത്. രണ്ടാം ലോക മഹായുദ്ധകാലത്തുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം മൂലം ദുരിതമനുഭവിച്ചിരുന്ന ജനങ്ങളെ സഹായിക്കുന്നതിനായി ഈ സംഘം 9 റേഷൻ കടകളും 2 കൺസ്യൂമർ സ്റ്റോറുകളും നടത്തിയിരുന്നു.

കേരളത്തിൻെറ തെക്കൻ ഭാഗങ്ങളിൽ നിന്നുള്ളവരുടെ കുടിയേറ്റവും, പീച്ചി ഡാമിൻെറ കമ്മീഷൻ ചെയ്യലും, സംഘം വഴി വിത്ത്, വളം, കീടനാശിനി, കാർഷികഉപകരണങ്ങൾ എന്നിവ കുറഞ്ഞ വിലക്ക് ലഭ്യമാക്കിയതും പഞ്ചായത്തിൻെറ കാർഷിക മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചക്ക് സഹായിച്ചു.

ശ്രീ. ടി.കെ. രാഘവൻ പ്രസിഡൻറ് ആയിരുന്ന കാലത്ത് മലയോര കർഷകർക്ക് പട്ടയമില്ലാത്ത കൈവശ ഭൂമിക്കു പോലും വായ്പ അനുവദിച്ചുകൊണ്ട് ബാങ്കിനെ കൂടുതൽ കർഷകരിലേക്ക് അടുപ്പിച്ചു. സർവ്വശ്രീ. ടി. കൃഷ്ണൻകുട്ടി നായർ, കെ.എ. കൃഷ്ണൻ, ഐ.പി. പൗലോസ്, പി. ശ്രീധരമേനോൻ, എൻ.വി. തോമസ്, സി.എം. ദാമോദരൻ എന്നിവർ സംഘത്തിൻെറ മുൻ പ്രസിഡൻറുമാരായി സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്. 1994ൽ വിലങ്ങന്നൂർ സർവ്വീസ് സഹകരണ സംഘം ആർ. 935 എന്ന പേരിൽ ശ്രീ. എം.കെ. ശിവരാമൻ പ്രസിഡൻറായി മറ്റൊരു സ്ഥാപനവും ആരംഭിച്ചിട്ടുണ്ട്.

1962ൽ വിലങ്ങന്നൂരിൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 11 ക്ഷീരോല്പാദക സംഘങ്ങൾ രൂപീകരിക്കപ്പെടുകയും ചെയ്തു. തൃശൂർ ജില്ലാ മിൽക്ക് സപ്ലൈ യൂണിയൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടെ, കന്നുകാലി വളർത്തലിന് ആവശ്യമായ പ്രചോദനം ലഭിച്ച കർഷകർ ആദായകരമായ ഈ തൊഴിലിലേക്ക് ആകർഷിക്കപ്പെട്ടതിനെ തുടർന്നാണ് ഈ സംഘങ്ങളുടെ രൂപീകരണം സാദ്ധ്യമായത്.

പാണഞ്ചേരി സർവ്വീസ് സഹകരണബാങ്ക് ഐ.ആർ.ഡി.പി., ഡി.ആർ.ഡി.എ. സ്കീമുകൾ അനുസരിച്ച് 400 കറവമാടുകൾക്കുള്ള വായ്പ നല്കി ഈ തൊഴിലിനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 1983 മുതൽ കെ.എഫ്.ആർ.ഐ. ജീവനക്കാരുടെ സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നുണ്ട്. ക്രെഡിറ്റ് സംഘങ്ങളിലായി 10476 അംഗങ്ങളും ക്ഷീരോല്പാദക സംഘങ്ങളിലായി 3500 ലേറെ അംഗങ്ങളും നിലവിലുണ്ട്. ഇവയെക്കൂടാതെ 8 നോൺ ക്രെഡിറ്റ് സഹകരണ സംഘങ്ങളും രൂപീകൃതമായിട്ടുണ്ട്. ഇവയിലെല്ലാമായി 65%ത്തോളം ജനങ്ങൾ ബന്ധപ്പെട്ടുവരുന്നു.

വിവിധ സഹകരണ സംഘങ്ങളും അവയുടെ പ്രവർത്തനവും താഴെ പട്ടികകളിൽ വിവരിച്ചിരിക്കുന്നു.

ക്രെഡിറ്റ് സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി വില | വായ്പ കാർഷികം (ലക്ഷത്തിൽ) | വായ്പ കാർഷികേതരം (ലക്ഷത്തിൽ) | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 541-ാം നമ്പർ പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 1946 | 8095 | 10 | 92.26 | 60.88 | 15 |
| 2 | 935 നമ്പ്ര് വിലങ്ങന്നൂർ സർവ്വീസ് സഹകരണ സംഘം | 1994 | 2218 | 20 | 43.97 | 7.15 | 1 |
| 3 | കെ.എഫ്.ആർ.ഐ. എംപ്ലോയിസ് സഹകരണ സംഘം | 1983 | 163 | 10 | | 25.53 | - |

## ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ബ്രാഞ്ച് | വളം ഡെപ്പോ | സിമന്റ് ഡെപ്പോ | കൺസ്യൂമർ സ്റ്റോർ | കാർഷിക വായപ | കാർഷികേതര വായ്പ | സ്വർണ്ണ പണ്ടം പണയം | മാസ ചിട്ടികൾ | കശുവണ്ടി കൊപ്ര സംഭരണം |
|---|---|---|---|---|---|---|---|---|---|---|
| 1 | 541-ാം നമ്പർ പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 1 | 4 | 4 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ചില സമയങ്ങളിൽ |
| 2 | 935-ാം നമ്പർ വിലങ്ങൻ സർവ്വീസ് സഹകരണ സംഘം | - | 1 | - | - | ഉണ്ട് | ഉണ്ട് | ഇല്ല- | ഇല്ല- | ഇല്ല- |
| 3 | കെ.എഫ്.ആർ.ഐ. എപ്ലോയസ് സഹകരണ സംഘം | - | - | - | - | ഇല്ല- | ഉണ്ട് | ഇല്ല- | ഇല്ല | ഇല്ല-- |

## ക്ഷീരോല്പാദക സഹ. സംഘങ്ങളുടെ പ്രവർത്തന പുരോഗതി

| നമ്പർ | പേര് | ആരംഭം | അംഗങ്ങൾ | ഉല്പാദക സംഘം | പാൽ അളവ് | ലോക്കൽ വില്പന | മിൽമക്ക് കൊടുക്കുന്നത് | കമ്മീഷൻ | ജീവനക്കാർ | ശമ്പളം |
|---|---|---|---|---|---|---|---|---|---|---|
| 1 | വിലങ്ങന്നൂർ ക്ഷീരോല്പാദകസഹകരണസംഘം | 1962 | 615 | 115 | 16114 | 4062 | 12052 | 10000 | 3 | 4934 |
| 2 | വാണിയമ്പാറ ക്ഷീരോല്പാദകസകരണസംഘം | 1965 | 575 | 164 | 45941 | 27288 | 18653 | 31272 | 4 | 3500 |
| 3 | ആല്പാറ ക്ഷീരോല്പാദകസഹകരണസംഘം | 1965 | 627 | 50 | 4041 | 1610 | 2431 | 5711 | 2 | 1500 |
| 4 | ചുവന്നമണ്ണ് ക്ഷീരോല്പാദക സഹകരണസംഘം | 1965 | 227 | 92 | 9735 | 1952 | 7783 | 8000 | 2 | 3514 |
| 5 | വഴുക്കുംപാറ ക്ഷീരോല്പാദക സഹകരണസംഘം | 1965 | 370 | 60 | 7500 | 2250 | 5250 | 5250 | 3 | 2500 |
| 6 | പാണഞ്ചേരി ക്ഷീരോല്പാദക സഹകരണസംഘം | 1972 | 481 | 125 | 17517 | 6104 | 11842 | 13946 | 3 | 4760 |
| 7 | മലമുക്ക് ക്ഷീരോല്പാദകസഹകരണസംഘം | 1983 | 235 | 85 | 8763 | 1486 | 6970 | 3500 | 3 | 2700 |
| 8 | താണിപ്പാറക്ഷീരോല്പാദകസഹകരണ സംഘം | 1991 | 286 | 56 | 7738 | 2129 | 5685 | 10720 | 2 | 2795 |
| 9 | മാരായ്ക്കൽ ക്ഷീരോല്പാദകസഹകരണസംഘം | | | | | | | | | |
| 10 | പൂവ്വൻചിറ | 1991 | 234 | 65 | 82840 | 3896 | 88021 | 38313 | 2 | 19711.5 |
| 11 | പട്ടിക്കാട് | 1991 | 305 | 58 | 8882 | 1503 | 7379 | 8771 | 2 | 1701 |
| 12 | ചാലാമ്പാടം | 1987 | 194 | 29 | 38333 | | | | 1 | 600 |

## നോൺ ക്രെഡിറ്റ് സഹകരണ സംഘങ്ങളും പ്രവർത്തനവും

| നമ്പർ | പേര് | ആരംഭം | അംഗങ്ങൾ | ഓഹരിവില | പ്രവർത്തനം | സംഘത്തിൽ പ്രവർത്തനം നടക്കുന്നുണ്ടോ |
|---|---|---|---|---|---|---|
| 1 | പണഞ്ചേരി പട്ടികജാതി പട്ടികവർഗ സഹകരണ സംഘം എടപ്പലം ആർ. കെ. 738 | 1984 | 151 | 10 | ടെയ്‌ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | ഉണ്ട് |
| 2 | പട്ടികജാതി പട്ടികവർഗ റെക്സിൻ & പ്ലാസ്റ്റിക് സഹകരണ സംഘം ചെമ്പൂത്ര | 1990 | 26 | 10 | റെക്സിനും പ്ലാസ്റ്ററും ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുക | ഇല്ല |
| 3 | സെറികൾച്ചറൽ സഹകരണസംഘം പട്ടിക്കാട് | 1989 | 22 | 100 | മൾബറി കൃഷിയും പട്ടുനൂൽ വളർത്തലും | ഇല്ല |
| 4 | ഒല്ലൂക്കര ബ്ലോക്ക് മെക്കനൈസ്ഡ് ഡിഫൈബറിംഗ് വർക്കേഴ്സ് സഹകരണ സംഘം ആർ. 937 | 1994 | 57 | 1000 | ചകിരി നാര് | ഇല്ല |
| 5 | പട്ടികജാതിപട്ടിക വർഗ ഫിഷറീസ് സഹകരണസംഘം | 1985 | 103 | 10 | മത്സ്യബന്ധനം | ഉണ്ട് |
| 6 | പാണഞ്ചേരി സ്കൂൾ സഹകരണസംഘം | 1976 | 121 | 5 | പാഠപുസ്തക വിതരണം | ഉണ്ട് |
| 7 | പാണഞ്ചേരി വില്ലേജ് പ്രൈമറി സ്കൂൾ സഹകരണ സംഘം | 1976 | 132 | 5 | പാഠപുസ്തക വിതരണം | ഉണ്ട് |
| 8 | പീച്ചി ഗവ. ഹൈസ്കൂൾ സഹകരണസംഘം, പീച്ചി | 1976 | 40 | 50 | പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും വിതരണം | ഉണ്ട് |

# പ്രശ്നങ്ങൾ

### ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

1. സർക്കാർ ഏല്പിക്കുന്ന ജോലികൾ നടത്തുമ്പോൾ (ഓണച്ചന്ത, മാവേലി സ്റ്റോർ) ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഗവൺമെൻറിൽ നിന്നും നികത്തപ്പെടുന്നില്ല.
2. കാർഷിക കടാശ്വാസം അനുവദിച്ച് വിതരണം ചെയ്യാൻ നിർദ്ദേശിക്കുന്ന സംഖ്യ സംഘം കൊടുത്താലും സർക്കാരിൽ നിന്നും സംഘത്തിന് മുഴുവൻ ലഭിക്കുന്നില്ല.
3. സംഭരിക്കുന്ന സാധനങ്ങളുടെ വില യഥാസമയത്ത് ഗവൺമെൻറിൽ നിന്നും ലഭിക്കുന്നില്ല.
4. കൺസ്യൂമർ സ്റ്റോറുകൾക്ക് സ്വകാര്യ സ്ഥാപനങ്ങളോട് മത്സരിക്കാൻ കഴിയുന്നില്ല.
5. സ്വകാര്യ സ്ഥാപനങ്ങൾ സെക്യൂരിറ്റിയും രജിസ്ട്രേഷനും ഇല്ലാതെ മറ്റു സംസ്ഥാനങ്ങളിലെ ചിട്ടിയുടെ ബ്രാഞ്ച് എന്ന പേരിൽ വൻതുകയ്ക്കുള്ള കുറികൾ ആരംഭിക്കുന്നത് സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.
6. കർഷകർക്കും അല്ലാത്തവർക്കും അർഹതയനുസരിച്ച് വായ്പ കാലതാമസം കൂടാതെ വിതരണം ചെയ്യുവാനുള്ള ഫണ്ട് കേന്ദ്രബാങ്കിൽ നിന്നും യഥാസമയം ലഭിക്കുന്നില്ല.
7. സർവ്വീസ് സഹകരണ ബാങ്കുകൾ കൊടുക്കുന്ന വായ്പകൾ, ജില്ലാ സഹകരണബാങ്ക് വ്യക്തികൾക്ക് നേരിട്ട് കൊടുക്കുന്നത് സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.
8. ഐ.ആർ.ഡി.പി. സ്കീമിൽ അർഹതയുള്ളവരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം വായ്പ നല്കുന്ന സംഘങ്ങൾക്ക് ലഭിക്കുന്നില്ല.
9. ഐ.ആർ.ഡി.പി. വായ്പകൾ ദുരുപയോഗം ചെയ്യുന്നതുകൊണ്ട് തിരിച്ചടക്കപ്പെടുന്നില്ല.
10. പട്ടയ ഭൂമിയില്ലാത്തവർക്ക് വായ്പ ലഭിക്കുന്നില്ല.

### ക്ഷീര സഹകരണ സംഘങ്ങൾ

1. ഗുണമേന്മയുള്ള പശുക്കളുടെ കുറവ്.
2. ക്ഷീരോല്പാദകർക്ക് സങ്കരയിനം പശുക്കളെ വിതരണം ചെയ്യുവാനുള്ള സംവിധാനം ഇല്ല.
3. കറവമാട് പരിപാലനപരിചയമുള്ളവർക്ക് കൂടുതൽ അറിവ് കൊടുക്കാനുള്ള സംവിധാനത്തിന്റെ അഭാവം.
4. പാലിന് ന്യായമായ വില ലഭിക്കുന്നില്ല.
5. കാലിത്തീറ്റക്ക് വില കൂടുതലാണ്.

**നോൺ ക്രെഡിറ്റ് സംഘങ്ങൾ**

1. നോൺ ക്രെഡിറ്റ് മേഖലയിൽ ഉണ്ടായിട്ടുള്ള സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് അംഗങ്ങൾക്കും ഭരണ കർത്താക്കൾക്കും താല്പര്യമില്ല.
2. കൂടുതൽ അംഗങ്ങളെ ചേർക്കാത്തതിനാൽ ഈ രംഗത്തെ പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ ജനങ്ങൾക്ക് അവസരം ലഭിക്കുന്നില്ല.
3. ഭരണം നിലനിർത്താൻ വേണ്ടി മാത്രം സംഘം രൂപീകരിക്കപ്പെടുന്ന അവസ്ഥയാണുള്ളത് .
4. സർക്കാർ ആനുകൂല്യം ലഭിക്കുവാൻവേണ്ടി സ്കീമുകൾ അപേക്ഷിച്ച് വാങ്ങുകയും പ്രവർത്തനപഥത്തിൽ എത്തിക്കുവാൻ കഴിയാതിരിക്കുകയും ചെയ്യുക.
5. പട്ടികജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളിൽ മാനേജ്മെൻറിൻെറ അറിവില്ലായ്മയും, കഴിവുള്ള ഉദ്യോഗസ്ഥന്മാരുടെ അഭാവവും.
6. ഈ പ്രദേശത്തിന് യോജിച്ച ഉല്പാദനപരമായ പ്രവർത്തനമല്ല സംഘങ്ങൾ ഏറ്റെടുക്കുന്നത്.

## സാദ്ധ്യതകൾ

**ക്രെഡിറ്റ് സംഘങ്ങൾ**

1. സംഘം നടത്തുന്ന കൺസ്യൂമർ സ്റ്റോറുകളെ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കണം.
2. സഹകരണ സ്ഥാപനങ്ങളെ ചിട്ടി ആക്ടിൽ നിന്നും ഒഴിവാക്കണം.
3. സഹകരണ സംഘങ്ങളിലെ കൺകറൻറ് ഓഡിറ്റ് സമ്പ്രദായം എടുത്ത് കളഞ്ഞ് സി.എ. ക്കാരെക്കൊണ്ട് ഓഡിറ്റ് നടത്തുവാൻ സംവിധാനം ഉണ്ടാക്കണം.
4. സംഘങ്ങളിലെ മെമ്പർമാർ വായ്പയെടുത്താൽ മറ്റു കാര്യങ്ങളിൽ സഹകരിക്കാത്തത് നിയമം മൂലം തടയണം.
5. പട്ടയം കിട്ടാത്ത ഭൂമിക്ക് കൈവശ സർട്ടിഫിക്കറ്റ് കൊടുക്കണം. അതിന് ഗ്രാമപഞ്ചായത്തിന് അധികാരം നല്കണം.
6. ക്രെഡിറ്റ് സംഘങ്ങൾ വഴി വായ്പ അനുവദിക്കുന്നതിനുള്ള പരിധി എടുത്ത് കളഞ്ഞ് തിരിച്ചടവ് ശേഷിയും അർഹതയുമുള്ളവർക്ക് വായ്പ ലഭിക്കാൻ അവസരം ഉണ്ടാക്കണം.
7. ചെറുകിട വ്യവസായ യൂണിറ്റിന് മതിപ്പ് വില അനുസരിച്ച് വായ്പ ലഭ്യമാക്കണം.
8. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കണം.
9. സഹകരണ വായ്പാ രംഗത്ത് ഓഹരി അനുപാതം എടുത്തു കളയണം.
10. സഹകരണ സംഘങ്ങളിൽ നിന്നും നല്കുന്ന വായ്പകളുടെ പലിശ ത്രൈമാസ ഗഡുക്കളായി അടക്കാൻ നിയമം കൊണ്ടുവരണം.
11. 5-ാം വാർഡിൽ വളം ഡെപ്പോ അനുവദിക്കണം.

**ക്ഷീര സഹകരണ സംഘങ്ങൾ**

1. ഗുണമേന്മയുള്ള പശുക്കളെ വിതരണം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
2. ക്ഷീര വ്യവസായ സംഘങ്ങൾ വഴി കറവമാടു വളർത്തലിൽ കർഷകർക്ക് പരിശീലനം കൊടുക്കണം.
3. ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്ത എല്ലാ വാർഡുകളിലും സാദ്ധ്യത പരിശോധിച്ച് പുതിയ സംഘങ്ങൾ തുടങ്ങണം.

**നോൺ ക്രെഡിറ്റ് സംഘങ്ങൾ**

1. സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൻെറ ആവശ്യകത ഉറപ്പ് വരുത്തണം.
2. സംഘങ്ങൾ ആരംഭിക്കുന്ന ആദ്യത്തെ 5 വർഷം സർക്കാർ നിരീക്ഷണം ഉണ്ടായിരിക്കണം.
3. ഈ സംഘങ്ങളിൽ അംഗങ്ങളാകുന്നതും ഭരണകർത്താക്കളാകുന്നതും മറ്റു സംഘങ്ങളിൽ പ്രവർത്തിക്കുന്നവരാകരുത്.
4. മൂന്ന് കൊല്ലം പ്രവർത്തനരഹിതമായ സംഘങ്ങളുടെ അഫിലിയേഷൻ പുനഃപരിശോധിക്കണം.

## പൊതു നിർദ്ദേശങ്ങൾ

1. പട്ടിക്കാട് പരിസരത്ത് ഒരു സഹകരണ ആസ്പത്രി തുടങ്ങുവാൻ വേണ്ട സംവിധാനം ഉണ്ടാക്കണം
2. ഇന്ത്യൻ കോഫി ഹൗസ് മാതൃകയിൽ ഒരു സംഘം രൂപീകരിച്ച് ഹോട്ടൽ തുടങ്ങി, ന്യായമായ വിലക്ക് ഭക്ഷണ പദാർത്ഥങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം - ഇതിൽ തൊഴിൽ സാദ്ധ്യതകളും ഉണ്ട്.
3. സഹകരണ അടിസ്ഥാനത്തിൽ ചിക്കൻ സെൻറർ (കോഴിവളർത്തൽ കേന്ദ്രം) തുടങ്ങണം.
4. വനിതാ സഹകണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങൾക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം.

അദ്ധ്യായം 4 (12)

# വിഭവസമാഹരണം

142 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പാണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ വലിയ പഞ്ചായത്തുകളിലൊന്നാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കൂടുതൽ ധനം കണ്ടെത്തേണ്ടതായിവരുമല്ലോ. സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ പാണഞ്ചേരിയുടെ തനതുവരുമാനത്തിൽ മുഖ്യ ഇനങ്ങൾ തൊഴിൽ, കെട്ടിട-വിനോദ-നികുതികളാണ്. 95-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൻെറ ആകെ വരുമാനം 2959355 രൂപയാണ്. 90-91 ൽ ഇത് 1085382 രൂപയായിരുന്നു. ഇതിൽ 172.65% ത്തിൻെറ വർദ്ധനവുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നികുതിയിനത്തിലുണ്ടായ വ്യത്യാസം താഴെ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൻെറ തനതു വരുമാനം

| ഇനം | 90-91 | 95-96 | വർദ്ധനവ് | വർദ്ധനവിൻെറ ശതമാനം |
|---|---|---|---|---|
| കെട്ടിടനികുതി | 2,01,000 | 383,747 | 182747 | 90.92 |
| ലൈബ്രറി സെസ്സ് | - | 19850 | | NA |
| തൊഴിൽനികുതി | 152,720 | 3,27,150 | 174,430 | 11.42 |
| വിനോദനികുതി | 24290 | 58471 | 34181 | 140.72 |
| അഡീ.വിനോദനികുതി | 14620 | 35408 | 20788 | 142.19 |
| പ്രദർശനനികുതി | 1747 | 3538 | 1791 | 102.52 |
| „ സർ ചാർജ് | 478 | 887 | 409 | 85.56 |
| ലൈസൻസ് ഫീ | 5649 | 31981 | 26332 | 466.14 |
| വാടക&ലേലം | 56602 | 274940 | 218338 | 385.74 |
| മറ്റുള്ളവ | 47754 | 69175 | 21421 | 44.86 |
| ആകെ | 504860 | 1205147 | 700287 | 138.71 |

പഞ്ചായത്തിൻെറ തനതു നികുതി വരുമാനത്തിൽ വർദ്ധനവുണ്ടെങ്കിലും, സാദ്ധ്യതകൾക്കനുസരിച്ചുള്ളത്രയും വർദ്ധനവ് ഉണ്ടായിട്ടില്ലെന്നു കാണാം. കെട്ടിട നികുതി, ലേല നികുതി, ലൈസൻസ് ഫീസ് ഇവയുടെ നിർണയത്തിലുള്ള അപര്യാപ്തകളാണ് ഇതിൻെറ മുഖ്യ കാരണം.

ഗ്രൻറുകളെ ക്കുറിച്ച് പറയുമ്പോൾ മൊത്തവരുമാനത്തിൻെറ 25.84% ആണ് ഉപാധിരഹിതഫണ്ട് ആയി 90-91 ൽ ഉണ്ടായിരുന്നത്. അത് 95-96 ൽ 19.26% മാത്രമേ വരുന്നുള്ളൂ. സ്പെഷ്യൽ ഗ്രാൻറ്കളൊന്നും ഇപ്പോൾ ലഭ്യമല്ല. ഗ്രാൻറുകളുടെ പട്ടിക കാണുക.

### ഗവൺമെൻറിൽ നിന്നും ലഭിച്ച ഗ്രാൻറുകളും നികുതികളും

| ഇനം | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| ഗ്രാൻറ് V.T.C. | 33479 | 18089 | 35793 | 300000 | 50000 | 687591 |
| „ VRM | 73146 | 78472 | 77179 | 76808 | 78253 | 77209 |
| „ M.I | 7550 | 7550 | 7550 | 7550 | 7550 | 7550 |
| „ ബെയ്സിക് ടാക്സ് | 136054 | 139898 | 138610 | 238623 | 181776 | 189010 |
| „ അൺ ടൈഡ് | 150000 | 168000 | 176750 | 260700 | 323050 | 337850 |
| „ സ്പെഷ്യൽ | 12500 | - | - | - | 15598 | - |
| „ ഫ്ളഡ് | - | - | 200000 | 100000 | - | - |
| „ I.V.P. | - | - | - | 54000 | - | - |
| ആകെ ഗ്രാൻറ് | 412729 | 412009 | 635882 | 1037681 | 656227 | 1299210 |
| വസ്തു കൈമാറ്റ നികുതി (75%) | 167796 | 234239 | 198970 | 378479 | 345201 | 45498 |
| ഗവൺമെൻറിൽനിന്നും ലഭിച്ച ആകെ വരുമാനം | 580525 | 646248 | 834852 | 1416160 | 1001428 | 1754208 |

90-91 ൽ മൊത്തം ചെലവിൻെറ 30.68% ഭരണ നിർവ്വഹണത്തിനായി വിനിയോഗിച്ചു. 95-96 ലാകട്ടെ ഇത് 25.53% മാണ്. വരുമാനത്തിൻെറ പകുതിയിലേറെയും പൊതുമരാമത്ത് തുടങ്ങിയ വികസന പ്രവർത്തങ്ങൾക്കാണ് ഉപയോഗിച്ച് വരുന്നത്.

### ധന വിനിയോഗം

| ഇനം | 90-91 | 95.96 | വർദ്ധനവ് | വർദ്ധനവിൻെറ ശതമാനം |
|---|---|---|---|---|
| ഭരണചിലവ് | 293893 | 752364 | 458471 | 156% |
| പൊതുമരാമത്ത് VRM | 499172 | 1645548 | 1146376 | 230 |
| വിദ്യാഭ്യാസചിലവ് | 40109 | 25077 | (-)15032 | (-) 37.48% |
| ശുദ്ധജലവിതരണം | 9149 | 197608 | 188459 | 2060 |
| പൊതുജനാരോഗ്യം | - | 60081 | | NA |
| വൈദ്യുതി | 76531 | 118403 | 41872 | 54.71 |
| മൃഗസംരക്ഷണം | - | 2514 | | NA |
| സാമൂഹ്യക്ഷേമം | - | 21745 | | NA |
| പഞ്ചായത്ത് ആസ്തികളുടെ മെയിൻറൻസ് | - | 23600 | | NA |
| മറ്റുചിലവുകൾ | 39023 | 100200 | 61177 | 157 |
| ആകെ | 957877 | 2947140 | 1989263 | 207.67 |

ഗ്രാമവികസന ബോർഡിൻെറ സഹായത്തോടെ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുകയുണ്ടായി. RDB ലോൺ 10,65,846 രൂപയായിരുന്നു. ഒരു വർഷം 1 ലക്ഷം രൂപ വീതം തിരിച്ചടക്കുന്നുണ്ട്. ഈ കോംപ്ലക്സിൽ നിന്നും 1,66,050 രൂപ വരുമാനമുണ്ട് അതിനാൽ 66,050 രൂപ നീക്കിയിരിപ്പുണ്ടെന്ന് കാണാം. 1995-96 ൻെറ വർഷവസാനത്തിൽ ലോൺ ഇനത്തിൽ 7,66,381 രൂപ ബാദ്ധ്യതയുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട മുഴുവൻ പണികളും, നോമിനി, കോൺട്രാക്ട് എന്നീ വ്യവസ്ഥകളിലാണ് നടത്തി കൊണ്ടിരിക്കുന്നത്. അടുത്ത കാലത്തായി വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഫണ്ടിൽ നിന്നും പണമുപയോഗിച്ച് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. ഇതിൻെറ ഭാഗമായി 5 1/4 കി.മി. പൈപ്പ് ലൈൻ നീട്ടുന്നതിന് കഴിഞ്ഞിട്ടുണ്ട് . ഉല്പാദനപരമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും പണമുപയോഗിച്ച് കാര്യമായി ഒന്നും നടക്കുന്നില്ല. പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് കറവുമാടുകളെ വാങ്ങുന്നതിനായി വായ്പ നൽകി ഈ മേഖലയെ പരിപോഷിപ്പിച്ചത് ഉല്പാദനപരമായ പ്രവർത്തനങ്ങളുടെ ഒരു മാതൃകയാണ്. പഞ്ചായത്തുകൾക്കുള്ള ധനകാര്യാവകാശങ്ങളിലും വേണ്ട മാറ്റങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു: ലാൻറ് സെസ് വിവേചനാധികാരവും ഭൂനികുതി പിരിക്കാനുള്ള അവകാശവും പഞ്ചായത്തിനു നൽകണം. അടിയന്തിര ഓഫീസ് ചിലവുകൾക്ക് നിശ്ചയിച്ചിട്ടുള്ള പരിധിക്കപ്പുറത്ത് വേണ്ടി വന്നാൽ ചെയ്യുന്നതിന് അനുമതി നൽകാൻ ഗവ. ലുള്ള അധികാരം വികേന്ദ്രീകരിച്ചു നൽകണം. അടിയന്തിരഘട്ടങ്ങളിൽ ചിലവഴിക്കാനുള്ള നടപടി ക്രമങ്ങളെ ലഘൂകരിക്കുക. പഞ്ചായത്ത് ഓഡിറ്റ് നടത്തുന്ന ടീമിന് അതേ സ്ഥലത്തുവച്ചുതന്നെ സാധുവാക്കാവുന്ന തുകയുടെ പരിധി ഉയർത്തുക. പഞ്ചായത്തിൻെറ വിസ്തൃതി, ഭൂപ്രകൃതി, വികസനാവശ്യങ്ങൾ ഇവ അനുസരിച്ചേ ഗവ. ഗ്രാൻറുകൾ വിതരണം ചെയ്യാവൂ.

## ധനകാര്യ സ്ഥാപനങ്ങൾ

രണ്ട് ദേശസാൽകൃതബാങ്കുകൾ, ഒരു ഷെഡ്യൂൾഡ് ബാങ്ക് ഒരു സഹകരണ ബാങ്ക്, സഹകരണ സംഘം ഇവയാണ് പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. കൃഷി, വ്യവസായം, സ്വയംതൊഴിൽ,കെട്ടിടനിർമ്മണം തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ ബാങ്കുകൾ വായ്പ നൽകിവരുന്നുണ്ട്. കാർഷിക വായ്പകൾ കൂടുതലായി നൽകുന്നത് സഹകരണ ബാങ്കാണ്.

പ്രധാന ധനകാര്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് R541
2. വിലങ്ങന്നൂർ സർവ്വീസ് സഹകരണസംഘം. R935
3. ഭാരതീയ സ്റ്റേറ്റ് ബാങ്ക് പീച്ചി ശാഖ.
4. പഞ്ചാബ് നാഷണൽ ബാങ്ക് വാണിയംപാറ ശാഖ.
5. കാത്തലിക്ക് സിറിയൻ ബാങ്ക് പട്ടിക്കാട് ശാഖ.

ഇവയെ കൂടാതെ ധാരാളം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വളരെ ഉയർന്ന പലിശക്കാണ് വായ്പ കൊടുക്കുന്നത്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് പലിശ കൂടുതലാണെങ്കിലും വേഗത്തിൽ അവർക്ക് വായ്പ ലഭിക്കുന്നത് കൊണ്ടാണ്. ബാങ്കുകളുടെ വായ്പാ നയം ഉദാരമാക്കലിലൂടെ മാത്രമെ സ്വകാര്യ സ്ഥാപനങ്ങളുടെ പിടിയിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാൻ കഴിയൂ.

എഴുനൂറോളം ആളുകൾ ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരായുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇവരിൽ കൂടുതൽ പേരും ഗൾഫ് രാജ്യങ്ങളിലാണ് തൊഴിലെടുക്കുന്നത്. വിദ്യാഭ്യാസ നിലവാരം പൊതുവെ കുറഞ്ഞ ഭൂരിഭാഗം പേരും വരുമാനം കുറഞ്ഞ തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നതിനാൽ ബാങ്കുകളിലെ നിക്ഷേപങ്ങളിൽ വൻ വർദ്ധനവ് കാണുന്നില്ല. നല്ലൊരു ശതമാനം വിദേശഇന്ത്യക്കാരും വരുമാനത്തിൻെറ സിംഹഭാഗവും പ്രത്യുൽപ്പാദനപരമല്ലാത്ത കെട്ടിട നിർമ്മാണത്തിനാണ് ചിലവഴിക്കുന്നത്. വ്യവസായം, കൃഷി ഇവകളിൽ മുതൽമുടക്കുന്നവരുടെ എണ്ണം വളരെ കുറവാണ്.

സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിൽ പഞ്ചായത്ത് നിവാസികൾ വളരെ മുൻപന്തിയിലാണ്. ഒട്ടേറെ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ജനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളവയാണ്. കനാലുകൾ നന്നാക്കൽ, കുളങ്ങൾ വൃത്തിയാക്കൽ എന്നിങ്ങനെയുള്ള ധാരാളം വികസന പ്രവർത്തനങ്ങളും ജനങ്ങളുടെ അദ്ധ്വാനം കൊണ്ട് പൂർത്തികരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശ്രമദാനം കൊണ്ട് പണി പൂർത്തികരിച്ച് കഴിഞ്ഞാൽ അവ സംരക്ഷിക്കുന്നതിൽ അല്പം വീഴ്ചകൾ കാണിക്കുന്നതായി പറയേണ്ടിയിരിക്കുന്നു. പല സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന് സ്ഥലം സംഭാവനയായി ലഭിച്ചിട്ടുണ്ട്. (ഉദാ. വാണിയംപാറ ആസ്പത്രി). സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പി.ടി. എ. കൾ ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പട്ടിക്കാട്, പീച്ചീ സ്കൂളുകളുടെ ആരംഭത്തിന് വേണ്ട സ്ഥലം, സംഭാവനയായി സ്വീകരിച്ചതും കെട്ടിടങ്ങൾ, ഫർണീച്ചർ ഇവയുണ്ടാക്കുന്നതിലും പി.ടി.എ. കൾ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നത് പ്രതീക്ഷക്ക് വക നൽകുന്നു. ഗ്രാമസഭകളിൽ നിന്നുയർന്ന് വന്നിട്ടുള്ള വികസന പ്രശ്നങ്ങൾക്ക് പലതിനും പരിഹാരം സന്നദ്ധ പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തലാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിലാവുന്നതിനു മുമ്പ് നിശ്ചയിച്ച കെട്ടിട നികുതിയിൽ അപാകതക ളുണ്ട്.
2. തൊഴിൽനികുതി എല്ലാ മേഖലകളിലും ബാധകമാക്കിയിട്ടില്ല.
3. വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കെല്ലാം ലൈസൻസ് നിയമം പൂർണ്ണമായി നടപ്പാക്കിയിട്ടില്ല.
4. വിനോദ നികുതി നിശ്ചയിക്കലിൽ പോരായ്മകളുണ്ട്.
5. പീച്ചി ഡാം സന്ദർശകരിൽ നിന്ന് ഈടാക്കുന്ന ഫീസിന് വിനോദ നികുതി ലഭിക്കുന്നില്ല.
6. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പാ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് പ്രയാസം അനുഭവപ്പെടു ന്നുണ്ട്.
7. പ്രാദേശിക വിഭവങ്ങൾക്കനുസരിച്ചുള്ള വികസന സ്കീമുകൾ തയ്യാറാക്കുന്നതിൽ വിദഗ്ദ മാർഗ്ഗ നിർദ്ദേശ ങ്ങളുടെ ന്യൂനത.
8. വസ്തു കൈമാറ്റ വിലയിൽ കൃത്രിമം കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി നിയമാനുസൃതം അടയക്കുന്നില്ല.
9. ടാക്സി പേട്ടയുടെ നിയമാവലിക്കു അംഗീകാരം കിട്ടാത്തതിനാൽ വരുമാനം കിട്ടുന്നില്ല.

## സാദ്ധ്യതകൾ

1. നിലവിലുള്ള കെട്ടിടങ്ങളെപ്പറ്റി സർവ്വേ നടത്തി നികുതി പുനർനിർണ്ണയം ചെയ്യുന്നതിനു സാദ്ധ്യമാകുന്ന രീ തിയിൽ കെട്ടിട നികുതി നിയമത്തിൽ ഗവ. ഭേദഗതി വരുത്തുകയാണെങ്കിൽ ആയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
2. കച്ചവടക്കാർ, വ്യവസായികൾ, വൻതോട്ടമുടമകൾ ഇവരിൽ നിന്നീടാക്കിവരുന്ന തൊഴിൽ നികുതി വർദ്ധിപ്പി ക്കാവുന്നതാണ്. സ്വകാര്യ പണമിടപാടുകാരിൽ നിന്ന് തൊഴിൽ നികുതി പിരിക്കേണ്ടതുമാണ്.
3. സിനിമാതീയേറ്ററിൽ നിന്ന് വിനോദനികുതി കൃത്യമായി പിരിച്ചടുക്കുന്നതിന് സീറ്റുകളുടെ എണ്ണത്തിനനുസ രിച്ച് നികുതി നിശ്ചയിക്കാൻ സാധ്യമാകുന്ന രീതിയിൽ നിയമം പരിഷ്കരിക്കണം. പീച്ചി ഡാം കാണാൻ വ രുന്ന ആയിരക്കണക്കിനാളുകൾ പ്രവേശന ഫീസായി കൊടുക്കുന്ന തുകയിൽ നിന്ന് നിശ്ചിത വരുമാനം വി നോദ നികുതിയായി പഞ്ചായത്തിനു ലഭിക്കാൻ സംവിധാനമുണ്ടാക്കണം.
5. കേബിൾ ടി.വി. യൂണിറ്റുകളുടെ ഉടമകളിൽ നിന്ന് തൊഴിൽനികുതി, ലൈസൻസ് എന്നിവ ചുമത്താവുന്ന താണ്.
6. എല്ലാ നഴ്സറികൾക്കും ലൈസൻസും തൊഴിൽകരവും ഏർപ്പെടുത്തേണ്ടതാണ്.
7. കുടിവെള്ളത്തിനും ശുചീകരണത്തിനും ഉപയോഗിക്കാത്ത കുളങ്ങൾ മത്സ്യകൃഷിക്ക് ലേലം ചെയ്ത്കൊ ടുത്ത് വരുമാനം വർദ്ധിപ്പിക്കണം.
8. ഓരോ ഭൂമിയും വില്പന നടത്തുമ്പോൾ അതിൻെറ മതിപ്പ് വില പഞ്ചായത്ത് നിശ്ചയിച്ച് സറ്റാമ്പ് ഡ്യൂട്ടിയിൽ നടത്തുന്ന ക്രിത്രിമങ്ങൾ തടയണം.
9. ഇന്ദിരാവികാസ് പത്രത്തിൻെറ പ്രചരണം പഞ്ചായത്ത് സമിതി സംഘടിപ്പിച്ച് ജനങ്ങളിൽ നിന്നും പണം സ്വരൂപിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം.
10. ടാക്സി പേട്ടകൾ കൂടുതൽ സ്ഥാപിച്ച്, പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും നികുതി പിരിച്ചെടുക്കണം.
11. പഞ്ചായത്തിലെ ഗൾഫുകാരുടെ പണം പഞ്ചായത്തിനകത്ത് പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്ക് ഉപ കരിക്കാൻവേണ്ട പ്രോത്സാഹനം ചെയ്തുകൊടുക്കണം.
12. ആവശ്യമായ സ്ഥലങ്ങളിൽ ഗ്രാമചന്തകൾ ആരംഭിക്കണം.
13. ഭൂനികുതി പിരിക്കുവാനുള്ള അധികാരം പഞ്ചായത്തിന് ലഭിക്കണം.
14. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.